രണ്ടു മഹായുദ്ധങ്ങളുടെ ഭയങ്കരഫലങ്ങൾ വേണ്ടുവോളം അനുഭവിച്ചറിഞ്ഞവരാണു ലോകജനത. ഇനിയെങ്കിലും അപ്രകാരമൊരു ദുരദൃഷ്ടത്തിനു സംഗതിയാവാതെ കഴിയണമെന്നാണ് അവരുടെ മോഹം. ലോകസമാധാനം ആഗ്രഹിക്കാത്ത ഒരു രാഷ്ട്രമെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. മൂന്നാമതൊരു ലോകയുദ്ധമുണ്ടാവുകയാണെങ്കിൽ അതിൻെറ ഫലം എത്ര ഭയങ്കരമായിരിക്കുമെന്നോർത്തു ഭയവിഹ്വലരാകാത്തവരും ഇന്നു ചുരുങ്ങും. നൂതനങ്ങളായി ആവിർഭവിച്ചിട്ടുള്ള മാരകായുധങ്ങളുടെ ബാഹുല്യമാണ് അതിനു കാരണം. ലോകനാശത്തിനു കാരണമാകാവുന്ന അത്തരം യുദ്ധം ഉണ്ടാവാതെ സൂക്ഷിക്കുന്നതിലും സമാധാന സ്ഥാപനത്തിനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതിലും ബദ്ധശ്രദ്ധരായി ഇന്നു പലരും പ്രവത്തിച്ചുപോരുന്നുണ്ട്. അവരിൽ അഗ്രിമൻ ഗാന്ധിശിഷ്യനായ പണ്ഡിത നെഹ്റു തന്നെയാണ്. എന്തുകൊണ്ടെന്നു പറയാം. തുല്യബലമുള്ള മഹാശക്തികൾ ചേരിതിരിഞ്ഞു നിന്ന് യുദ്ധകാഹളം മുഴക്കുമ്പോൾ നിർഭയം അതിനിടയിൽ പ്രവേശിച്ചു മാധ്യസ്ഥ്യം വഹിക്കുവാൻ ആർക്കു ധൈര്യമുണ്ടാകും? ഇരുശക്തികൾക്കും ബഹുമാനവും ശങ്കയും തോന്നത്തക്ക ഒരു മഹാപുരുഷനു മാത്രമല്ലേ അതു സാധിക്കൂ. മഹാത്മജിയുടെ ആത്മാർത്ഥമായ അനുഗ്രഹത്തിനു പാത്രമായി, സ്നേഹം, ശാന്തി, ധൈര്യം എന്നീ വിശിഷ്ട ഗുണങ്ങ

MAR IVANIOS COLLEGE DIGITAL REPOSITORY

ളുടെ മൂർത്തിമദ്ഭാവമായി ഭാരതത്തിൽ ഉദിച്ചുയർന്ന നെഹ്റുവിനാണ് അതിനു ഭാഗ്യമുണ്ടായതു്. ഭാരതത്തിൽ മാത്രമല്ല, ലോകത്തിലെവിടെയും ആ മംഗളദീപം കനകകാന്തി വിതറി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതിലെന്താണ് അദ്ഭുതം!

ഭാരതത്തിന്റെ വിദേശനയം നെഹ്റുവിന്റെ വിദേശനയം തന്നെയാണ്. അതിൽ ഗാന്ധിസത്തിലെ സിദ്ധാന്തങ്ങൾ ഉടനീളം വ്യാപിച്ചിരിക്കുന്നതു നമുക്കു കാണാം. പഞ്ചശീലം എന്നു പറയപ്പെടുന്നതും ആ നയത്തിന്റെ ഒരു രൂപാന്തരമാണെന്നു വിചാരിക്കുന്നതിൽ തെററില്ല. അതിൽ അഞ്ചുപ്രധാന തത്ത്വങ്ങളാണ് അടങ്ങിയിരിക്കുന്നതു്. അവ

1. ഓരോ രാജ്യത്തിന്റേയും പരമാധികാരത്തേയും പ്രാദേശിക വ്യക്തിത്വത്തേയും അംഗീകരിക്കുക.
2. അന്യരാജ്യങ്ങൾ ആക്രമിക്കാതിരിക്കുക.
3. മററു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക.
4. ബഹുമാനവും സമത്വവും പരസ്പരം പരിപാലിക്കുക.
5. സമാധാന പൂർവ്വമായ സഹവർത്തിത്വം അനുഷ്ഠിക്കുക.

എന്നിവയാണ്.

ബുദ്ധദേവന്റെ കാലത്തു് ഭാരതത്തിൽ പ്രചാരത്തിലിരുന്ന ഒരു പദമാണ് 'പഞ്ചശീലം'. ഹിന്ദുമതം ബുദ്ധമതത്തെ അയൽരാജ്യങ്ങളിലേയ്ക്കു തുരത്തിയതോടുകൂടി അതിന്റെ പ്രചാരം ഭാരതത്തിൽ നിലച്ചു പോയതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഇൻഡോനേഷ്യൻ പര്യടനാവസരത്തിലാണ് പണ്ഡിററ്ജി ഈ പദത്തെപ്പററി ആദ്യം കേൾക്കുവാനിടയായതു്. അതു് അദ്ദേഹത്തെ ക്രമത്തിലധികം ആകർഷിച്ചു. ലോകസമാധാനത്തിനുവേണ്ടി 'പഞ്ചശീലം' ആസൂത്രണം ചെയ്യുവാനുള്ള പ്രചോദനവും അപ്പോൾ അദ്ദേഹത്തിനുണ്ടായി.

രാജ്യങ്ങൾ പരസ്പരം സൗഹാർദ്ദത്തോടെ വർത്തിക്കണമെന്നുള്ള ആദർശത്തെ മുൻനിർത്തി ഇൻഡ്യ അയൽ രാജ്യമായ ജനകീയ ചൈനയുമായി 1954 ഏപ്രിൽ 29-ാം തീയതി ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു. അതിലേ മുഖ്യമായ വ്യവസ്ഥ പഞ്ചശീലം രണ്ടു രാജ്യവും അനുസരിക്കണമെന്നുള്ളതായിരുന്നു. താമസംവിനാ ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റുവും, ചൈനയിലെ മുഖ്യമന്ത്രി ചൌ എൻ ലായിയും ചേർന്ന് 1954 ജൂൺ 28-ാംതീയതി ന്യൂഡൽഹിയിൽ വച്ചു ചെയ്ത പ്രഖ്യാപനത്തിൽ അതിന് അംഗീകാരവും നല്കി. പൂർവ്വാർദ്ധഗോളത്തിലെ രണ്ടു മഹാരാജ്യങ്ങൾ ഏവംവിധമായ ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു എന്നു ഗ്രഹിച്ചപ്പോൾ ലോകരാഷ്ട്രങ്ങളുടെ പ്രത്യേകമായ ശ്രദ്ധയ്ക്കു് അതു വിഷയീഭവിച്ചതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. സമാധാനം കാംക്ഷിക്കുന്ന രാജ്യങ്ങളിൽ ചിലതു് പഞ്ചശീലതത്ത്വങ്ങൾ തങ്ങൾക്കും പ്രായോഗികങ്ങളാക്കിത്തീർക്കാവുന്നതാണോ എന്ന് ആഗ്രഹത്തോടെ ആരാഞ്ഞു. അധികം താമസിയാതെ തന്നെ പ്രതീക്ഷയിൽ കവിഞ്ഞ സ്വാഗതമാണ് രാഷ്ട്രനേതാക്കളിൽ നിന്നും ജനസാമാന്യത്തിൽനിന്നും അവയ്ക്കു സിദ്ധിച്ചതു്. 1955 ഏപ്രിൽമാസം അവസാനത്തിൽ ഏഷ്യയിലേയും ആഫ്രിക്കയിലേയും ഇരുപത്തിയൊൻപതു രാജ്യങ്ങൾ ഒത്തുചേ

ന്റ 'ബാൻഡുങ്ങിൽ' വച്ചു നടത്തിയ സമ്മേളനത്തിന്റെ വിജയം അതിനു് ഉദാഹരണമാണു്. പഞ്ചശീല തത്ത്വങ്ങളിൽ ഉറച്ചുനിന്നു പുരോഗമിക്കുവാൻ താത്പര്യം പ്രകടിപ്പിച്ച യൂഗോസ്ലാവിയ, പോളണ്ടു്, റഷ്യ എന്നീ രാഷ്ട്രങ്ങളുമായി ഇൻഡ്യ സഹവർത്തിത്വത്തിനു സന്നദ്ധമായി അങ്ങനെ കുറഞ്ഞ കാലയളവിനുള്ളിൽ പഞ്ചശീലം മുഖേന ലോകമഹാശക്തികൾ തമ്മിലുള്ള വടംവലിക്കു് അയവു വരുത്തുന്നതിനും ഏതാണ്ടു് സമാധാനപൂർണ്ണമായ ഒരന്തരീക്ഷം ലോകത്തിൽ സൃഷ്ടിക്കുന്നതിനും ഭാരതത്തിനു സാധിച്ചു.

ഇത്രമാത്രം ഉത്കൃഷ്ടമായി ഗണിക്കപ്പെടുവാൻ സംഗതിയായ 'പഞ്ചശീല'ത്തിന്റെ പ്രായോഗിക വശങ്ങളെപ്പററി കൂടി ഈ സന്ദർഭത്തിൽ അല്പം ചിന്തിക്കുന്നതു് അസംഗതമായിരിക്കയില്ലല്ലോ. രാജ്യങ്ങൾ തമ്മിൽ രാഷ്ട്രീയവും, സാമ്പത്തികവും സാംസ്കാരികവുമായ പല വിഷയങ്ങളിലും ഭിന്നിപ്പുണ്ടായിരിക്കുക സ്വാഭാവികമാണു്. എന്നാൽ അവ ഓരോന്നിന്റേയും അഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമായിട്ടുള്ളതു് സഹവർത്തിത്വമത്രേ. പരമാധികാരത്തേയും, പ്രാദേശിക വ്യക്തിത്വത്തേയും രാജ്യങ്ങൾ പരസ്പരം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്താൽ മാത്രമേ സഹവർത്തിത്വം സാദ്ധ്യമാകയുള്ളു. അതിലേയ്ക്കു് ഓരോ രാജ്യത്തിലെ ജനതയ്ക്കും അന്യരാജ്യത്തിലുള്ളവരുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും അനുവദിച്ചുകൊടുക്കുവാനുള്ള സഹിഷ്ണുതയും മനഃസ്ഥിതിയും ഉണ്ടാവാതെ തരമില്ല. അത്തരം ഒരു മാനസാന്തരം സംഭവിക്കുന്നതോടുകൂടി നമ്മെപ്പോലെ തന്നെ മററു രാജ്യങ്ങളിലുള്ളവരും സമാധാനപൂർവ്വമായ സുഖജീവിതത്തിൽ ആഗ്രഹമുള്ളവരാകും. അങ്ങനെ ആക്രമണ മനഃസ്ഥിതിമാറി 'അനാക്രമണം' എന്ന രണ്ടാമത്തെ തത്ത്വം പ്രായോഗികമാക്കുകയും ചെയ്യും.

ആഭ്യന്തരകാര്യങ്ങളിൽ രാജ്യങ്ങൾ തമ്മിൽ ഇടപെടാതിരിക്കണമെന്നുള്ളതാണല്ലോ മൂന്നാമത്തെ പഞ്ചശീല തത്ത്വം. അന്യരാജ്യങ്ങളെ സംബന്ധിച്ച വിഷയങ്ങളിൽ യാതൊരു പ്രകാരത്തിലും കൈകടത്തുവാൻ യത്നിക്കാതെ സ്വന്തം രാജ്യകാര്യങ്ങളിൽ കാര്യക്ഷമതയോടെ നിരന്തരം പ്രവർത്തിക്കുകയാണു് ഓരോ രാജ്യത്തിന്റേയും ധർമ്മം. രാജ്യങ്ങൾ തമ്മിൽ യാതൊരുവിധമായ ബന്ധവും കൂടാതെ ഒററപ്പെട്ടു നില്ക്കണമെന്നല്ല ഇതുകൊണ്ടു ഉദ്ദേശിക്കുന്നതു്. പരസ്പരസൗഹാർദ്ദം ആവശ്യം തന്നെയാണു്. വിശേഷിച്ചും ഇക്കാലത്തു് അന്താരാഷ്ട്രബന്ധം കൂടാതെ കഴിയുക വിഷമകരങ്ങളായ പല പ്രശ്നങ്ങൾക്കും വഴിതെളിച്ചു എന്നും വരാം. എന്നാൽ സ്വന്തം ആദർശങ്ങളും അഭിപ്രായങ്ങളും മററു രാജ്യങ്ങളും സ്വീകരിക്കുക തന്നെ വേണമെന്നു നിർബന്ധിക്കാതിരിക്കുവാൻ ഏതു രാജ്യത്തിനും വേണമെങ്കിൽ സാധിക്കുന്നതാണു്. അതുതന്നെയാണു് പഞ്ചശീലത്തിലെ മൂന്നാമത്തെ തത്ത്വം വെളിപ്പെടുത്തുന്നതും.

നാലാമത്തേതത്ത്വമാണല്ലോസമത്വം. രാജ്യങ്ങൾ അന്യോന്യം സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്യുന്തോറും അവയ്ക്കു് സാംസ്കാരികമായും സാമ്പത്തികമായും മററും ഉത്കർഷം ഉണ്ടാകാതെയിരിക്കയില്ല. അത്തരത്തിലുള്ള സൗഹാർദ്ദബ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



FOOTBALL TEAM 1955 - '56



BASKETBALL TEAM 1955 - '56

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



CRICKET TEAM 1955 - '56



HOCKEY TEAM 1955 - '56

ന്ധം കാലക്രമത്തിൽ ആ രാജ്യങ്ങളെ സമത്വത്തിലെത്തിക്കുകയും അങ്ങനെ സമാധാനപൂർവ്വമായ സഹവർത്തിത്വം പ്രായോഗികമായി ഭവിക്കുകയും ചെയ്യും.

ഇന്നത്തെ ലോകമഹാശക്തികളായി ഗണിക്കപ്പെട്ടു പോരുന്ന അമേരിക്ക, ബ്രിട്ടൻ, റഷ്യ, ഫ്രാൻസ് എന്നീ നാലു രാജ്യങ്ങളും ലോകസമാധാന സ്ഥാപനത്തെ ലക്ഷ്യമാക്കിക്കൊണ്ടു് ജനീവാനഗരത്തിൽ ഈ അടുത്ത കാലത്തു് ഒരു സൗഹൃദസമ്മേളനത്തിൽ പങ്കുകൊള്ളുകയും പല വിഷയങ്ങളെപ്പററി കൂലംകഷമായി ചർച്ച ചെയ്തതിനുശേഷം ചില തീരുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തതു് സഹവർത്തിത്വം സാധ്യമാണെന്നുള്ളതിന്‌ ദൃഷ്ടാന്തം തന്നെയാണല്ലോ. പല തരം ഭയാശങ്കകൾക്കു വിഷയമായിരുന്ന ശീതസമരത്തിന്റെ ഉഗ്രതയെ ലഘൂകരിക്കുവാനും അതു പ്രയോജകീഭവിക്കാതിരുന്നില്ല. അതിനാൽ ലോകരാഷ്ട്രങ്ങൾ ഒരേ മനോഭാവത്തോടും ആത്മാർത്ഥതയോടും കൂടി മേൽ പ്രസ്താവിച്ച തത്വങ്ങളെ ആദരിച്ചും ആധാരമാക്കിയും പ്രവർത്തിക്കുകയാണെങ്കിൽ ആസന്നഭാവിയിൽ പരിപൂർണ്ണമായ സമാധാനവും ക്ഷേമവും കളിയാടുന്ന ഒരു നവലോകം സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. അതാണ് പഞ്ചശീലം കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും. അപ്രകാരമൊരു സുവർണ്ണകാലം കാണുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

---

1. ഏതു മനുഷ്യന്റെയും ഏതു പ്രവൃത്തിയും വിശ്വാസമാകുന്ന കുററിയിൽക്കിടന്നാണു് ആടുന്നതു്. വെള്ളത്തിൽ കിടന്നുകൊണ്ടു വെള്ളമില്ലെന്നു വാദിക്കുന്നതുപോലെ, 'വിശ്വാസത്തിൽ വർത്തിച്ചുകൊണ്ടു' "വിശ്വാസത്തെ" പരിഹസിക്കുകയും, പുറംതള്ളുകയും ചെയ്യുന്നതെത്ര അസംബന്ധമാണു്.

2. ഇംഗ്ലീഷുമാസങ്ങളിൽ ഓരോന്നിനുമുള്ള ദിവസങ്ങളുടെ എണ്ണം ആവർത്തിച്ചാവർത്തിച്ചു പറയിച്ചതിനുശേഷം അദ്ധ്യാപകൻ ചോദിച്ചു:

"ഏതു മാസത്തിനാണു് 28 ദിവസമുള്ളതു്?" ആരെങ്കിലും പറയിൻ.

അല്പം ആലോചിച്ചശേഷം ചുണയുള്ള ഒരു കുട്ടി പറഞ്ഞു: "സാർ എല്ലാ മാസത്തിനും".

# മംഗളാശംസ.

(കേക)

മംഗളം മഹാഗുരോ! വൈദിക ചൂഡാമണേ
മംഗളം ഗ്രിഗോറിയസ്സാഖ്യനാം മഹാത്മാവേ!
പാവനാശയൻ ഭവാൻ ലോകസേവനം ചെയ്വാൻ
ജീവിതം സമർപ്പിച്ചു ബാല്യകാലത്തിൽത്തന്നെ.
എത്രയും കഠോരമാമാത്മസംയമം ചെയ്തി-
ട്ടുത്തമാത്മന്മാർക്ക് മാരാദ്ധ്യനാകും ഭവാൻ.
വിദ്യയാം സമുദ്രത്തെ യാചമിച്ചല്ലോ ഭവാ-
നെത്രയും നിശാതമായ്ത്തിളങ്ങും മനീഷയാൽ.
അദ്രിതന്നൌന്നത്യവുമബ്ധിതൻ ഗാംഭീര്യവു-
മങ്ങയിൽപ്പരിപൂർണ്ണ ഭംഗിയിൽ മേളിക്കുന്നു.
ധന്യനാമവിടുത്തെ മുഖത്തു കാണാകുന്ന
വന്ദനീയമായെഴും വ്യക്തിവൈഭവമെല്ലാം.
പ്രൗഢവും പ്രസന്നവുമായൊരാ ഭവദ്വാഗ്-
പാടവം സകലർക്കും നൽകുന്നു രോമോദ്ഗമം.
പാശ്ചാത്യസൂരീന്ദ്രരുമങ്ങതൻ പ്രാഗല്ഭ്യത്താ-
ലാശ്ചര്യമാർന്നു വിദ്വൽക്കേസരീതിലകമേ!
പ്രാതിഭസമ്പന്നന്മാരെവിടെച്ചെന്നീടിലും
ഖ്യാതരായ് പൂജാർഹരാമെന്നങ്ങു തെളിയിച്ചു.
മാർപ്പാപ്പാ തിരുമേനി താവകപട്ടത്താക-
ണ്ടൂരംപ്പൂവുകളിത്ര യാശിസ്സു ചൊരിഞ്ഞീലാ!
അങ്ങതൻ വാത്സല്യത്താൽ തഴച്ചുവളരുമീ
ഭംഗിയേറീടും കലാമന്ദിരപ്പൂവല്ലരി
മേൽക്കുമേൽ ഫലാഢ്യയായ് നിത്യവും ശോഭിക്കട്ടെ
മേദുര കാരുണ്യത്തിന്നാവാസമാകും ഗുരോ!

ജി. വൈദ്യനാഥയ്യർ എം. എ.

# ജീവിതവും കലയും

*R. Sharahudeen—II U. C.*

ജീവിതവുമായി ബന്ധപ്പെടാത്ത കലയെപ്പററി വിചാരിക്കുവാൻപോലും കഴിയുന്നില്ല. അതുകൊണ്ടു് അവ കെട്ടുപിണഞ്ഞു് ലയിച്ചു സാത്മ്യം പ്രാപിച്ചിരിക്കുകയാണു്. യുഗാന്തരങ്ങളിലൂടെ ആ ബന്ധം നിലനിന്നുപോരുന്നുണ്ടു്.

കലയുടെ ആവിർഭാവം എങ്ങനെ? മനുഷ്യർ കൂട്ടായി ഇര തേടിയും, ഹിംസ്രജന്തുക്കളോടു മല്ലിട്ടും ജീവിച്ചുപോന്ന ചരിത്രാതീതകാലഘട്ടത്തു് ഹൃദയസ്പൃശിയായ നിരവധി അനുഭവങ്ങൾ അവർക്കുണ്ടായിട്ടുണ്ടു്. അവയെല്ലാംതന്നെ അവരുടെ ഉപബോധ മനസ്സിൽ തങ്ങിക്കിടന്നിട്ടുണ്ടെന്നുള്ളതു തീർച്ചയാണു്.

സംസ്കാരം തൊട്ടുതീണ്ടിയിട്ടില്ലാത്ത—തനി കാടത്തം കട്ടപിടിച്ചു മുരടിച്ച—അക്കാലത്തു് തിന്നു നിറയുമ്പോൾ ആഹ്ലാദിക്കാനും ആപത്തു വരുമ്പോൾ ദുഃഖിക്കാനുമല്ലാതെ അവർക്കു വശമായിരുന്നില്ല. ജന്മസിദ്ധമായ ചില വാസനാവിശേഷങ്ങൾ ഇമ്മാതിരി ഘട്ടങ്ങളിൽ രൂപംപൂണ്ടു് അവരിൽനിന്നു ബഹിർഗ്ഗമിക്കാറുണ്ടു്.

പ്രകൃതിയുടെ ചലനങ്ങളിൽപ്പോലും ആദ്യമാദ്യം അവർക്കു് അളവററ ആശ്ചര്യം തോന്നിയിരുന്നു. സൂര്യചന്ദ്രാദികളുടെ ഉദയാസ്തമയങ്ങൾ, അംബരമധ്യത്തു മിന്നിമറയുന്ന അനന്തകോടിനക്ഷത്രങ്ങൾ, കൊടുങ്കാററു്, ഇടിമുഴക്കം, പേമാരി, മിന്നൽപ്പിണർ എന്നിവയെല്ലാം അവരുടെ മനസ്സിൽ മനുഷ്യാതീതമായ ഒരു ശക്തിവിശേഷം അജ്ഞാതമായി നിലകൊള്ളുന്നുണ്ടെന്ന ധാരണ ഉളവാക്കി.

ആപത്തിൽ ആലംബമൊന്നുമില്ലാതെ അലയുന്ന അവസരങ്ങളിലെല്ലാം അവർ ആ അജ്ഞാതശക്തിയോടു് സഹായം അഭ്യർത്ഥിക്കുമായിരുന്നു. അങ്ങനെ നിസ്സഹായതയും ഭീരുത്വവും അവരുടെ ഹൃദയത്തിൽ ഭക്തിയുടെ ഉറവ ഉളവാക്കി.

അടിയ്ക്കടി ആപത്തുകളെ അഭിമുഖീകരിക്കേണ്ടിയിരുന്ന പ്രാകൃതമനുഷ്യനു് അദൃശ്യശക്തിയോടു ഭക്തിയും, ആരാധനയിൽ താത്പര്യവും ഉണ്ടാകുക സാധാരണമാണല്ലോ. മനസ്സിൽ രൂപംകൊള്ളാതെ ആരാധിക്കുവാൻ കഴിയുകയില്ലല്ലോ? രൂപമില്ലാത്ത ഒന്നിനെ നിരൂപിക്കുവാനും എളുപ്പമല്ല. ഈ കുഴഞ്ഞ പരിതഃസ്ഥിതിയിൽ അഭിരുചിയെ ആസ്പദമാക്കി വിഗ്രഹം നിർമ്മിക്കാനുള്ള ആന്തരികപ്രേരണ അവനുണ്ടായി. അങ്ങനെ ആദ്യമായി നിർമ്മിച്ച ആരാധനാവിഗ്രഹത്തിലൂടെയാണു് "ശില്പകല" ഉടലെടുത്തതു്.

ഏററവും പ്രാചീനമെന്നു ഗവേഷകന്മാർ വിധിച്ചിട്ടുള്ളതു ശില്പകലയെയാണു്. ശിലായുഗത്തിൽ ശില്പകല പ്രചാരത്തിലിരുന്നു എന്നുള്ളതിനു് ഇൻഡോനേഷ്യയിൽനിന്നും തെളിവുകൾ കിട്ടിയിട്ടുണ്ടു്. കല്ലുകൊണ്ടുള്ള പണിയായുധങ്ങൾ കണ്ടെടുത്തതു് ഇന്നും അവിടെ സൂക്ഷിക്കപ്പെട്ടുപോരുന്നു. അന്നത്തെ ചില മാതൃകകളും ഗവേഷകന്മാർക്കു കണ്ടുകിട്ടിയിട്ടുണ്ടു്. ഇവ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

യിൽനിന്നും ശില്പകലയുടെ പ്രാചീനത ഊഹിക്കുവാൻ കഴിയുമല്ലൊ?

സംഗീതം നൃത്തം തുടങ്ങിയ കലകൾ ആഹ്ലാദപ്രകടനങ്ങളിലൂടെയാണ് ഉദ്ഭവിച്ചിട്ടുള്ളതു്. രസികന്മാരായ ചിലർ പ്രകൃതിജീവികളായ പറവകളുടെ കളകൂജനങ്ങൾ അനുകരിച്ചു. ദലമർമ്മരത്തിന്റെ ഛായ പിടിച്ചു മററു ചിലർ അതിനുതാളമിട്ടു. മയിലുകൾ നൃത്തം വയ്ക്കുന്നതു കണ്ടാസ്വദിക്കുവാനും ചിലർക്ക് അവസരം ലഭിച്ചു. അവർ അതനുസരിച്ച് ആടിത്തുടങ്ങി. ഇങ്ങനെയായിരിക്കാം സംഗീതം, നൃത്തം ആദിയായ കലകളുടെ ആവിർഭാവം.

അത്രയുംകൊണ്ടു തീർന്നില്ല. വസന്തകാലത്തു കാട്ടുപൂക്കൾ വിരിഞ്ഞു വിവിധ വർണ്ണാഞ്ചിതമായി വിലസുന്ന പ്രകൃതിയെ, ശിലയിലും മററും ആലേഖനം ചെയ്യുന്നതിനും ഒരുമ്പെട്ടു. ചിത്രകലയുടെ ആവിർഭാവം അന്നുതൊട്ടായിരിക്കണം.

കലയുടെ പ്രാകൃതരൂപങ്ങളായിട്ടു മാത്രമേ ഇവയെ ഗണിക്കേണ്ടതുള്ളു. മനുഷ്യന്റെ മനസ്സും ബുദ്ധിയും വികസിച്ചതോടെ കലാസൃഷ്ടിയിലും സാരമായ മാററമുണ്ടായി. അങ്ങനെ കല കൂടുതൽ സാംസ്കാരികമായ ഒരു നിലവാരത്തിലേയ്ക്കുയന്നു. കാലം മുമ്പോട്ടു നീങ്ങിയപ്പോൾ വരച്ചും, അഭിനയിച്ചും കാണിച്ച ആശയങ്ങൾ വാക്കുകളിലൂടെ പ്രകാശിപ്പിക്കുവാൻ മനുഷ്യനു സാധിച്ചു. സൗന്ദര്യാത്മകമായി അതു ചിത്രണം ചെയ്യാനുള്ള അവന്റെ പാടവം സാഹിത്യം എന്ന കലയുടെ വാതില്ക്കലും അവനെ എത്തിച്ചു.

ഇനി കലകൾക്ക് മനുഷ്യജീവിതവുമായുള്ള ബന്ധം എത്രമാത്രമുണ്ടെന്നു നോക്കാം. ആഹ്ലാദത്തിനും, ആശ്വാസത്തിനും മനുഷ്യൻ തേടിയ മാർഗ്ഗങ്ങളാണല്ലോ കലകളായി രൂപം പ്രാപിച്ചതു്. ഇവയ്ക്കാധാരമായ ഭയം, ദുഃഖം, ആഹ്ലാദം, ആശ്ചര്യം എന്നിവയെല്ലാം വികാരങ്ങളാണ്. അനുഭവജന്യവുമാണ് അതു്. അനുഭവങ്ങൾ ഹൃദയത്തിൽ വികാരത്തിന്റെ അലകൾ ഇളക്കുന്നു. അവ "വാസന"യുമായി കൂടിച്ചേർന്ന് കല 'കരുപ്പിടിക്കുന്നു'. സംഭവബഹുലമായ ജീവിതത്തിൽ അനുഭവങ്ങൾക്ക് അറുതിയില്ല. ജീവിതത്തോളംതന്നെ അനുഭവങ്ങൾക്കും ആയുസ്സുണ്ട്. നിരീക്ഷിച്ചറിയുന്നതും സ്വയം നേരിടേണ്ടിവരുന്നതുമായ നിത്യസത്യങ്ങളാണ് കലയിലൂടെ ചിത്രണം ചെയ്യപ്പെടുന്നതു്. അപ്പോൾ അതിന് (കലയ്ക്കു്) ജീവിതത്തിന്റേതല്ലാത്ത എന്തു മേന്മയാണ് വേറെയുള്ളതു്. കലയെ അപഗ്രഥിച്ചാൽ കിട്ടുന്ന ഘടകങ്ങളെല്ലാം ജീവിതത്തിന്റെ സംഭാവനകളാണെന്നു കാണാം. അതുകൊണ്ടു ജീവിതവുമായി വേറിട്ടു കലയെ കരുതുക അസാദ്ധ്യമാണ്.

മനുഷ്യചരിത്രം പരിശോധിച്ചുനോക്കിയാൽ അവ കലയുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. ഓരോ കാലത്തു നിലവിലിരുന്ന അനാചാരങ്ങളെ തുടച്ചുമാററാൻ ജനങ്ങളുടെ കരളിനു കരുത്തുണ്ടാക്കിയതു തൂലികയാണ്. മനുഷ്യന്റെ വർഗ്ഗപരമായ ചേരിതിരിവ് കലാസൃഷ്ടികളിലും ഇന്നും നമുക്കു കാണാൻ കഴിയും. ഈ ചേരിതിരിവാണ് ജീവിതപുരോഗതിയെ മന്ദീഭവിപ്പിക്കുന്നതു്.

നൂററാണ്ടുകൾക്കപ്പുറത്തു് മനുഷ്യൻ സുഖമായി ജീവിച്ചിരുന്നു. അന്ന് ജീവി

MAR IVANIOS COLLEGE LIBRARY TRIVANDRUM



തം അവന് ഒരു പ്രശ്നമായിരുന്നില്ല. സുഭിക്ഷത എങ്ങും നടമാടിയിരുന്ന അക്കാലത്തു് കല ആഹ്ലാദത്തിനുവേണ്ടി മാത്രമായിരുന്നു. സാഹിത്യത്തിൽ മഹാകാവ്യങ്ങൾ രൂപമെടുത്തതു് ഏതാണ്ടു് ഇക്കാലത്താണ്. കാലം മുമ്പോട്ടു നീങ്ങിയപ്പോൾ സുഭിക്ഷതയുടെ സ്ഥാനത്തു് വറുതിയും, വേദനയും ഉടലെടുത്തു. വിശപ്പടക്കാനുള്ള മാർഗ്ഗം തേടി അപ്പോൾ മനുഷ്യനു് അലയേണ്ടതായും വന്നു. മഹാകാവ്യങ്ങൾ കരസ്പർശമേല്ക്കാതെ ചിതലെടുക്കാനുമിടയായി. ഇതിനു് പ്രധാനമായി രണ്ടു കാരണങ്ങളാണുള്ളതു്; ഒന്നു് ദാരിദ്ര്യപീഡിതരായ ബഹുഭൂരിപക്ഷത്തിന്റെ ജീവിതക്ലേശത്തെ ഉയർത്തിത്തണർപ്പിക്കാൻ അവയ്ക്കു കഴിയാതായതും മറെറാന്നു് ആയിരക്കണക്കിനു പേജുകളുള്ള മഹാകാവ്യങ്ങൾക്ഷമയോടെ വായിച്ചുതീർക്കാനുള്ള സമയംകിട്ടാതായതും. ജനതയുടെ ഈ മാററം കാണാൻ കഴിവില്ലാത്ത ചില കലാകാരന്മാർക്കു് പഴയ പല്ലവിയുമായി കഴിയേണ്ടതായും വന്നു. പുരോഗമനോന്മുഖമായ ജീവിതം എത്ര നാഴികക്കല്ലുകൾ പിന്നിട്ടു എന്നു് അവരറിയുന്നതെങ്ങനെ? വ്യക്തിഗതമായ ഈ സ്തംഭനംഅവരുടെഅനുകരണവാസനയെ ഉദ്ദീപിപ്പിച്ചു. ജീവിതാനുഭവങ്ങൾക്കു കറവു തട്ടിയപ്പോൾ പഴയതിനെത്തന്നെ അവർ വീണ്ടും സ്വീകരിക്കുവാൻതുടങ്ങി. അതു് ജനതയുടെ ജീവിതഗതിയെ മലീമസമാക്കി. അങ്ങനെ അനുകരണത്താൽ അന്ധത പിടിപെട്ട കലാകാരന്റെ കാഴ്ചയ്ക്കു പിശകു പററുകയും അതു നിമിത്തം ജനതയ്ക്കു വലുതായ നഷ്ടം നേരിടുകയും ചെയ്തു. കലയ്ക്കും ജീവിതത്തിനും "സ്തംഭനം" നേരിട്ടു എന്നു വാദിക്കുന്നവർ ഇക്കൂട്ടരാണ്. ഇവരോടു് സഹതപിക്കുകയല്ലാതെ മറെറന്താണു ചെയ്യുക.

പഴമയെ അപ്പാടെ നിഷേധിക്കണമെന്നില്ല; പക്ഷേ അനുകരിയ്ക്കാനായിരിയ്ക്കരുതു് നമ്മുടെ യത്നം. ദേശകാലങ്ങൾക്കു് ഇണങ്ങിയ വിധം അപഗ്രഥിച്ചു് അതിന്റെ അന്തസ്സത്തയെ അറിയുകയായിരിക്കണം നമ്മുടെ ലക്ഷ്യം.

ജീവിതത്തെ മാററിമറിയ്ക്കാനുള്ള കഴിവു കലയ്ക്കുണ്ടു്. പോർക്കളം പൂകുന്ന പടയാളിയുടെ കരളിനും, കൈയ്ക്കും കരുത്തുണ്ടാക്കുവാൻ കഴിയുന്ന അജയ്യമായ ഒരു ശക്തിവിശേഷം അതിൽ കാണാം. സുപ്രസിദ്ധ ഫ്രെഞ്ചുവിപ്ലവത്തിനു് പ്രേരണ നല്കിയതു് വാൾട്ടയർ, റൂസ്സോ തുടങ്ങിയവരുടെ തൂലികത്തുമ്പുകളാണ്. റഷ്യയിൽ "സാർ" (Tsar) ചക്രവർത്തിയുടെ കിരാതഭരണത്തിനെതിരായി തൊഴിലാളിവർഗ്ഗത്തെ അണിനിരത്തിയതും, സർവ്വോപരി വിജയത്തിലെത്തിച്ചതും "മാക്സിം ഗോർക്കി"യുടെ സാഹിത്യകലയാണ്. ചൈനയിൽ കൃഷിക്കാരെ അണിനിരത്തി സ്വന്തം അവകാശങ്ങൾ പിടിച്ചുപററുവാൻഇടവരുത്തിയതും "മാവോസേതുങ്" (Mao-Tse-Tung) എന്ന മഹാന്റെ തൂലികത്തുമ്പുതന്നെയാണ്. വിദേശീയാധിപത്യത്തിന്റെ നുകത്തിൻ കീഴിൽ നിന്നും ഭാരതത്തെ മോചിപ്പിച്ചതിൽ കലാകാരന്മാർക്കുണ്ടായിരുന്ന പങ്കു് അതിമഹത്താണ്. രവീന്ദ്രനാഥടാഗോർ, കിഷൻചന്ദർ, ബാലഗംഗാധരതിലക് മഹാത്മാഗാന്ധിജി തുടങ്ങിയ മഹാരഥന്മാരുടെ തൂലികത്തുമ്പുകളാണ്, ഭാരതീയരുടെ ആത്മാഭിമാനത്തെയും സ്വാതന്ത്ര്യേച്ഛയെയും ഉയർത്തി ഉണർത്തിയതു്. അങ്ങനെ ഏതൊരു പുരോഗമന രാഷ്ട്രത്തിന്റെ ചരിത്രം പരിശോധിച്ചാലും കലാകാരന്മാരുടെ കരുത്തേറിയ കൈയ്കളാണ് അവയെപുരോഗ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

തിയുടെ പൊന്നുഷസ്സിലെത്തിച്ചതെന്നു കാണാവുന്നതാണ്.

പുരോഗമനേച്ഛുക്കളും, സ്വാതന്ത്ര്യചിന്തകരുമായ കലാകാരന്മാർക്ക് മാത്രമേ ജനതയെ നല്ലൊരു നാളയിലേയ്ക്കു നയിയ്ക്കുവാൻ കഴിയൂ. മർദ്ദിതരും, ചൂഷിതരുമായ സാധാരണജനങ്ങളുടെ വേദനയും, കഷ്ടപ്പാടും തൂലികത്തുമ്പിലൂടെ ജനതയുടെ ഹൃദയത്തിലേയ്ക്കു് പകർത്താൻ കഴിവുള്ള കലാകാരന്മാരെയാണ് നമുക്കാവശ്യം. കലയും, ജീവിതവും കൈയ്കോർത്തു മുന്നേറുന്നത് അത്തരം കലാകാരന്മാരിൽക്കൂടി നമുക്കു കാണാം. ആ കാലടികളെത്തന്നെ നമുക്കും പിൻതുടരാം.

ഒരു സ്കാട്ട്ലൻഡ്കാരൻ രോഗിയായ ഒരു ഇംഗ്ലീഷുകാരനു കുത്തിവയ്ക്കാൻ തന്റെ രക്തം കൊടുത്തു. കൃതജ്ഞനായ രോഗി ആ ത്യാഗിക്ക് അഞ്ചു പവൻ സമ്മാനിച്ചു. അടുത്ത പ്രാവശ്യം രണ്ടു പവൻ നല്കി. മൂന്നാംപ്രാവശ്യം നന്ദി പറകമാത്രം ചെയ്തു. നോക്കിനിന്നിരുന്ന ഡാക്ടർ വിചാരിച്ചു, സ്കാട്ട്ലൻഡ്കാരന്റെ രക്തം കൂടുതൽ കൂടുതൽ കലന്നതായിരിക്കണം ഔദാര്യം കുറഞ്ഞു കുറഞ്ഞു പോയതിനു കാരണം എന്ന്.

ആർക്കും ചരിത്രം സൃഷ്ടിക്കുവാൻ കഴിയും; ചരിത്രമെഴുതുകയാകട്ടെ മഹാന്മാർക്കു മാത്രമേ സാധിക്കൂ.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# കലാശാലയോട്

*George Varughes—III U. C.*

പുകളധികമിയറ്റും വഞ്ചിനാടിൻ മഹത്വം
തികയുവതിനുമെങ്ങും ക്ഷേമമുണ്ടാവതിനും
സകല ജനതതിക്കും നന്മ വർദ്ധിപ്പതിനും
മികവൊടു തുടരുന്നു ശിക്ഷണം ത്വൽസുതന്മാർ.

പുരുരുചി പുലരും നല്കുന്ന തൻ മിത്രയായ് നീ
മരുവുക മമ വിദ്യാക്ഷേത്രമേ, കീർത്തിയോടേ.
ഇരുളുകളെയകറ്റും ദീപമായ് നീ ലസിക്കാ—
നരുളുക വരമെന്നും നിസ്തുലൻ ക്രിസ്തുദേവൻ.

അറിവുലവവുമില്ലാതെത്രയോ ബാലകന്മാ—
രനുദിനമലയുന്നിപ്പാരിലേറ്റം വിശപ്പാൽ
അവരുടെയഴൽ നീക്കാനുള്ളതാം വിദ്യയോരോ—
ന്നുലകമിന്നത്താം ചെയ്തു നമ്മൾക്കു നേടാം.

ഗുരുനിര വിരചിക്കും ശിഷ്യസമ്പത്തിനാൽ നീ
സുരഭിലസുമഹാരം ചാർത്തി മർത്ത്യർക്കനല്പം
നിരഘതരമതാകും സേവനം ചെയ്തു നീണാൾ
പെരിമയൊടു ലസിക്കൂ പ്രൗഢയാം പാഠശാലേ!

# മൊട്ടുകൾ പലപ്പോഴും വികസിക്കാറില്ല

*P. Shadevan—II U. C.*

ജീവിതത്തിൽ മറക്കുവാൻ സാദ്ധ്യമല്ലാത്ത ചില സംഭവങ്ങൾ ഉണ്ട്. എത്ര തന്നെ മറക്കുവാൻ ശ്രമിച്ചാലും, മനസ്സിൽ കൂടുതൽ തെളിഞ്ഞുവരുന്ന ചില ചിത്രങ്ങൾ. ആത്മാവിൽ ഉണങ്ങാത്ത മുറിവുകൾ സൃഷ്ടിച്ച്, അതിൽനിന്നും വേദനയുളവാക്കുന്ന ചില സംഭവങ്ങൾ. അവയെപ്പററി സ്മരിക്കുമ്പോൾ ഹൃദയം നടുങ്ങാറുണ്ട്. എന്നിട്ടും ഞാൻ ആ സംഭവത്തെപ്പററി ഓർക്കുകയാണ്.

എന്റെ ശൈലജ! എന്റെ ഹൃദയത്തിൽ ഇന്നും ജീവിക്കുന്ന ശൈലജ! എന്നെ സ്നേഹിക്കുവാൻ പഠിപ്പിച്ച, എന്റേതു മാത്രമായിരുന്ന ശൈലജ!!

അതെ, അവൾ മൺമറഞ്ഞിട്ട് ഇന്ന് ഒരു വർഷം തികയുകയാണ്. നീണ്ട ഒരു വർഷം. എന്റെ ജീവിതത്തിൽ ഇഴഞ്ഞിഴഞ്ഞു നീങ്ങിയ ഒരേ ഒരു വർഷം. വർഷങ്ങൾ ഇനിയും ഇതുപോലെ നീങ്ങിയേക്കാം. പക്ഷെ എനിക്കതിൽ പുതുമ കാണാൻ കഴിയില്ല.

ഓർമ്മകൾ കഴിഞ്ഞ കാലങ്ങളിലേക്കു കടന്നുചെല്ലുകയാണ്.

അന്ന് ഞാൻ ഫോർത്തുഫാമിൽ പഠിക്കുകയായിരുന്നു. ഹൈസ്കൂൾ ക്ലാസ്സിലേക്കു കടന്നുവന്നതിലുള്ള അന്തസ്സ് മുഖത്തു കാണാമായിരുന്നു. എങ്ങും ഒരു ഉത്സാഹത്തിമർപ്പുതന്നെ. നാനാവർണ്ണങ്ങളുള്ള പൂമ്പാററകൾ സ്കൂളിന്റെ പരിസരങ്ങളിൽ പാറിപ്പറക്കുന്നതു കാണുകതന്നെ കൗതുകം. എല്ലാററിലുമുപരി ആത്മാവിന്നൊരു കുളുർമ്മ.

ഞങ്ങളുടെ ഹെഡ്മാസ്റ്റർ സ്ഥലം മാററപ്പെട്ടു. പകരം വരുന്നത് ഒരു കേശവൻനായരാണ്. പിള്ളരെ അടിക്കുന്ന ആളായിരിക്കുമോ? വലിയ ചട്ടവും വള്ളുമൊക്കെയുള്ള ആളായിരിക്കുമോ? ഞങ്ങളുടെ ചിന്ത ആ വഴിക്കു തിരിഞ്ഞു. വിദ്യാർത്ഥികളെ സ്നേഹിക്കാത്ത ഹെഡ്മാസ്റ്ററെ ഞങ്ങളിഷ്ടപ്പെട്ടില്ല. ഏതായാലും വരുമ്പോൾ കാണാമല്ലോ. ഞങ്ങളും കാത്തിരുന്നു.

ഒരു ബുധനാഴ്ച അദ്ദേഹം സ്ഥലത്തെത്തി ചാർജ്ജെടുത്തു. അന്നുതന്നെ ഞങ്ങളുടെയെല്ലാം ക്ലാസ്സിൽ വന്നു. അദ്ദേഹം വെളിയിലിറങ്ങിയപ്പോൾ പുറകററത്തിരുന്ന വേണുഗോപാലൻ അഭിപ്രായം രേഖപ്പെടുത്തി "തീരെ മൊറടനല്ലന്നാ തോന്നുന്നേ." എല്ലാപേരും ചേർന്ന് അതു ശരിവെച്ചു.

എന്റെ വീട്ടിനടുത്താണ് അദ്ദേഹം വാടകയ്ക്കെടുത്ത കെട്ടിടം; പട്ടണത്തിന്റെ ബഹളങ്ങളിൽനിന്നെല്ലാം അകന്ന ഒരു സ്ഥലമാണ്.

അന്നൊരു ഞായറാഴ്ചയായിരുന്നു. ഞാൻ മുററത്തിറങ്ങിനിന്ന് അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കു കണ്ണോടിച്ചു. മുററത്തു ചാരുകസേരയിൽ കിടന്നു വായിക്കുകയാണദ്ദേഹം. ശൈലജ സമീപത്തിരുന്ന് എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു. ആ മുഖത്തിനൊരോമനത്വം ഉണ്ട്. ആ നീണ്ട നീലിച്ച കണ്ണുകൾ എപ്പോഴും ചലിക്കു

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

ന്നുണ്ട്. ചെഞ്ചുണ്ടുകളെ തള്ളിമാററിക്കൊണ്ട്, മുല്ലമൊട്ടുകൾ ആ മുഖത്തു പ്രത്യക്ഷപ്പെടാറുണ്ട്. ആകപ്പാടെ അവളൊരു കൊച്ചുസുന്ദരിയാണ്. ശൈലജയും ഞങ്ങളുടെ ക്ലാസ്സിലാണ്. ഹെഡ്മാസ്റ്ററുടെ മകൾ എന്ന നിലയിൽ അവളെ സ്കൂളിലുള്ള എല്ലാപേക്കുമറിയാം. ഞാനറിയാതെതന്നെ എന്റെ പാദങ്ങൾ അവിടം ലക്ഷ്യമാക്കി ചലിച്ചുതുടങ്ങി.

ആ മുററത്തു കാലുകുത്തിയപ്പോൾ ഞാനാകെ വിയത്തുപോയി. ഒരുപക്ഷേ എന്തിനു വന്നുവെന്ന് അദ്ദേഹം ചോദിക്കുകയാണെങ്കിൽ? വെറുതെ, സാറിനെ കാണാനെന്നു പറയാം.

ഞാൻ അവിടെത്തന്നെ നിന്നുകൊണ്ട് ഒന്നു ചുമച്ചു. ശൈലജ വീട്ടിനകത്തേയ്ക്കൊരോട്ടം! ഞാൻ ചിന്തിച്ചുപോയി "ഈ പെണ്ണിനെന്താകിറുക്കുണ്ടോ? അല്ലെങ്കിൽ പിന്നെന്തിനാ, ഒരു മനുഷ്യനെ കണ്ടപ്പോൾ ഇങ്ങിനെ വെകിളിയെടുത്തോടുന്നു? അതു പെൺപിള്ളരുടെ കൂടപ്പിറപ്പായിരിക്കാം."

ഞാൻ ഒന്നുകൂടെ ചുമച്ചു. അദ്ദേഹം പത്രത്തിൽനിന്നു തലയുയർത്തിയൊന്നു നോക്കി. ഞാൻ രണ്ടു കൈയും കൂപ്പി വന്ദിച്ചു. അപ്പോൾ, എന്റെ നേർക്കു തിരിഞ്ഞുകൊണ്ടദ്ദേഹം ചോദിച്ചു. "നമ്മളുടെ സ്കൂളിലാണല്ലേ?"

"അതെ."

"പേരെന്താ?"

"ഉണ്ണികൃഷ്ണൻനായർ"

"അടുത്ത വീട്ടിലാണല്ലേ താമസം?"

"അതെ."

"പഠിത്തമൊക്കെയെങ്ങിനെയിരിക്കുന്നു?"

ഒന്നും പഠിക്കാത്ത കൂട്ടത്തിലാണെങ്കിലും ആരെങ്കിലും ചോദിച്ചാൽ "അതെല്ലാം പുരോഗമിക്കുന്നുണ്ട്" എന്നു ഉത്തരം പറയുകയാണ് സാധാരണ പതിവ്. അങ്ങിനെ, ആ ചോദ്യത്തിനു, യാതൊരു കോട്ടവും തട്ടാത്ത ഒരുത്തരം നല്കി. "നല്ലവണ്ണം പഠിക്കുന്നുണ്ട്."

അപ്പോഴേക്കും ശൈലജ ഒരുകപ്പു ചായയുമായി പടിയിറങ്ങിവന്നു. ഞാൻ സൂക്ഷിച്ചുനോക്കി. ഒരുകപ്പു ചായയേയുള്ളൂ. ചായ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവച്ചിട്ടു അവൾ തിരിഞ്ഞുനടന്നു.

"ഒരു കപ്പുകൂടി കൊണ്ടുവന്ന് ഉണ്ണിക്കു കൊടുക്കൂ." അദ്ദേഹം നടന്നകലുന്ന ശൈലജയെ നോക്കി വിളിച്ചുപറഞ്ഞു.

"വേണ്ട, ഞാനിപ്പോൾതന്നെ കുടിച്ചുകൊണ്ടു വന്നതു്" ചായ കുടിച്ചിട്ടില്ലായിരുന്നുവെങ്കിലും ഞാൻ വെറുതെയൊരു നുണ പറഞ്ഞു.

അപ്പോഴേക്കും അവൾ ചായയുമായി മുററത്തെത്തിക്കഴിഞ്ഞിരുന്നു. എന്റെ മുമ്പിൽകൊണ്ടുവച്ചിട്ട്, വീണ്ടും പഴയപോലെ ഒരോട്ടം! ആ ഓട്ടത്തിനൊരു ആകർഷകതയുമുണ്ടായിരുന്നു. ഞാനവളെത്തന്നെ നോക്കിനിന്നു. അങ്ങിനെയെത്ര നേരം നിന്നെന്ന് എനിക്കോർമ്മയില്ല.

"ചായ തണുത്തുപോകും" അദ്ദേഹത്തിന്റെ ആ വാക്കുകളാണ് എന്നെ ഉണർത്തിയതു്. ഞാനെന്തൊരപരാധമാണു കാണിച്ചതു്? അവളെ അങ്ങിനെനോക്കിനിന്നതു അദ്ദേഹം കണ്ടിരിക്കുമോ? അതോ...? ഇല്ല. അദ്ദേഹം കണ്ടിരിക്കില്ല.

പിറേറന്നുരാവിലെ സ്കൂളിലേക്കു പോയപ്പോൾ ഞാനവളെ വഴിയിൽവച്ചു കണ്ടു. നല്ല നീലനിറമുള്ള ബ്ളൗസ്സും ചുവ



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ന്ന നിറത്തിൽ പച്ചപ്പൂക്കളുള്ള പാവാടയും ധരിച്ച് അവൾ പോവുകയാണ്. പുസ്തകങ്ങൾ മാറോടണച്ചു പിടിച്ചിരിക്കുന്നതിൽ ഒരു കലയുണ്ട്. ആ കുടതൂക്കിയിട്ടിരിക്കുന്നതിൽ ഒരു അഴകുണ്ട്.

ഞാൻ സാവധാനം നടന്ന് അവളോടടുത്തു. അവൾ തിരിഞ്ഞുനോക്കി. ഞാനൊന്നു ചിരിച്ചു. എന്തെങ്കിലും സംസാരിക്കാൻവേണ്ടി മാത്രം ഞാൻ ചോദിച്ചു:

"പേരെന്താ?"

"ശൈലജ"

എനിക്കവളുടെ പേരറിയാമായിരുന്നു. എങ്കിലും ഒന്നു ചോദിച്ചുപോയതാണ്. അവളുടെ കണ്ണുകൾ പുസ്തകം പൊതിഞ്ഞിരുന്ന പേപ്പറിൽ എന്തോ അന്വേഷിച്ചുലയുന്നുണ്ടായിരുന്നു. എനിക്കെന്തൊക്കെയോ സംസാരിക്കണമെന്നുണ്ട്. പക്ഷെ എന്തിനെപ്പററി സംസാരിക്കാൻ? ഒന്നുമില്ല.

കുറച്ചു സമയത്തേക്ക് ഞങ്ങൾ ഒന്നും സംസാരിച്ചില്ല. ഒടുവിൽ ഞാൻ ചോദിച്ചു: "ഇന്നലെ വായിച്ചോണ്ടിരുന്ന മാസിക ഒന്നു തരുമോ ഇന്ന്?"

"വൈകുന്നേരം വീട്ടിൽ വന്നാൽമതി, തരാം."

ആ ശബ്ദത്തിനൊരു മധുരിമയുണ്ടായിരുന്നു; കേൾക്കുവാനൊരിമ്പമുണ്ടായിരുന്നു. അതു് ആസ്വാദിക്കുവാൻ വേണ്ടിമാത്രം ഞാനോരോ ചോദ്യം തൊടുത്തുവിട്ടു.

"ഇന്നലത്തെ 'ഹോംവർക്കെ'ല്ലാം ചെയ്തോ?"

"എല്ലാം ചെയ്തില്ല. അവസാനത്തതു തെറെറന്നാ തോന്നുന്നേ."

"ഉത്തരമെത്ര?"

"അതൊന്നും പറയുകില്ല"

"പറഞ്ഞാലെന്താ? ഞാനാരോടും പറയുകില്ല മണ്ടിയാണെന്ന്."

"ഒരുപക്ഷെ, ശരിയാണെങ്കിലോ?"

"എന്നാൽ വേണ്ട."

ഞങ്ങൾ അടുത്ത മുക്കിലെത്താറായി. ഒരുമിച്ചു പോവുകയാണെങ്കിൽ പിള്ളർ കുതിരകയറും; ചുവരുകളിൽ കഥകൾ സ്ഥാനം പിടിക്കും. ഞാൻ പതുക്കെ പുറകെ വലിഞ്ഞു. അവൾ നോക്കി ചിരിച്ചുകൊണ്ട് നടന്നകന്നു.

വൈകുന്നേരം സ്കൂളുവിട്ടു വീട്ടിലെത്തിയയുടനെതന്നെ ഞാനവളുടെ വീട്ടിലേയ്ക്കു പോയി. അവൾ മുറിയ്ക്കകത്തിരുന്നു കാപ്പി കുടിക്കുകയായിരുന്നു. ഞാൻപുറത്തുതന്നെ കാത്തുനിന്നു. ഒടുവിൽ ഒന്നു ചുമച്ചു. അവൾ പുറത്തിറങ്ങിവന്ന്, എന്നെ അകത്തേക്കു ക്ഷണിച്ചു. അറച്ചറച്ചാണെങ്കിലും അവളുടെ മുറിയുടെ വാതിൽവരെ ഞാൻ പുറകെ പോയി.

"വല്ലതും വേണോ, ശൈലേ?" അകത്തുനിന്നും അവളുടെ അമ്മ വിളിച്ചുചോദിച്ചു.

ഞാൻ പരുങ്ങി നില്പായി. അവർ എന്നെ ഓടിക്കുമോ, എന്തോ? ഓടിക്കുന്നെങ്കിൽ ഓടിക്കട്ടെ! ഞാനുറച്ചുനിന്നു.

"അമ്മ ഒന്നിങ്ങോട്ടു വന്നേ" എനിക്കവളോടു ദേഷ്യം തോന്നി. ചുമ്മാതെ അകത്തിരിക്കുന്ന അമ്മയെ വിളിച്ച് എന്നെ ഓടിക്കുവാൻ പഴുതു നോക്കുകയാണവൾ.

അവളുടെ അമ്മ അവിടെ കടന്നുവന്നു. അവർ എന്നെ ഒന്നു സൂക്ഷിച്ചുനോക്കി. ഞാൻ തിച്ച്പ്പെടുത്തി, അവർ എന്നെ ഓടിക്കുമെന്ന്.

"ഞാനിന്നലെ പറഞ്ഞില്ലേ, ആ പുള്ളി ഇതാണ്. ദാ, ആ കാണുന്നതാ വീട്." എന്റെ വീട് ചൂണ്ടിക്കാണിച്ചു

കൊണ്ടു്, അവൾ എന്നെ അവർക്കു പരിചയപ്പെടുത്തി.

ഞാനവരുടെ മുഖത്തേക്കു നോക്കി. വല്ലാത്തൊരു മ്ലാനത. അവരൊന്നും സംസാരിച്ചില്ല. എന്റെ ആത്മാവുതണുത്തു. അവരുടെ കണ്ണുകൾ നിറഞ്ഞുനില്ക്കുകയായിരുന്നു. അതിൽനിന്നും രണ്ടുതുള്ളി കണ്ണുനീർ നിലംപതിച്ചു.

"എന്തിനാ കരയുന്നേ?" ഞാനവരുടെ മുഖത്തേക്കു നോക്കിക്കൊണ്ടു ചോദിച്ചു. അവർ വീണ്ടും എന്തോ ഓർത്തു കരയുകയായിരുന്നു. ഒന്നും ശബ്ദിച്ചില്ല.

ഒടുവിൽ ശൈലജ പറഞ്ഞു: "പിന്നെ എന്റെ ജ്യേഷ്ഠൻ മരിച്ചുപോയി. കഴിഞ്ഞകൊല്ലം. അതാ, അമ്മ കരയുന്നേ. ഏതാണ്ടു് ഉണ്ണിയെപ്പോലിരിക്കും കണ്ടാൽ. ഞാനിന്നലെ ഉണ്ണിയെപ്പററി അമ്മയോടു പറഞ്ഞപ്പോൾ അവർക്കു ഉണ്ണിയെ കാണുവാൻ വലിയ തിടുക്കമായി." അവൾ നിർത്തി.

ഞാനവളുടെ അമ്മയോടു യാത്രപറഞ്ഞു പുറത്തിറങ്ങി. ഞാനവരുടെ ജീവിതത്തെപ്പററിചിന്തിക്കുകയായിരുന്നു. വെളിക്കു കടന്നപ്പോൾ ശൈലജ വിളിച്ചു ചോദിച്ചു: "മാസിക വേണ്ടേ?"

"വേണം; നാളെ മതി"

അടുത്ത രണ്ടു ദിവസത്തേക്കു് ഞാനവിടെ പോയില്ല. ഞാൻ ചെന്നാലല്ലേ അവളുടെ അമ്മ കരയു. അവരുടെ മരിച്ചുപോയ മകനെ അവർ എന്നിൽ കണ്ടെത്തിയിരിക്കാം.

പിറേറന്നു സ്കൂളിലേക്കു പോയപ്പോൾ ശൈലജ പരാതി പറഞ്ഞു. "ഇന്നാലെ വരാത്തതെന്താ? അമ്മ എപ്പോഴും ഉണ്ണിയെപ്പററി ചോദിക്കും "ക്ലാസ്സിൽ മിടുക്കനാണോ? നല്ലവണ്ണം പഠിക്കുമോ?" എന്നെല്ലാം. ഇന്നു വരുമോ?"

"വരാം, ശൈലജേ. എന്നെ കണ്ടപ്പോൾ നിന്റെ അമ്മ കരഞ്ഞതുകൊണ്ടാ ഞാൻ വരാത്തതു്. ഇന്നു എന്തായാലും തീർച്ചയായും വരാം."

അവൾക്കു സന്തോഷമായി. കുടക്കാലുകൊണ്ടു മുതുകിൽ ഒരു കുത്തു തന്നിട്ടു് അവൾ ഓടിപ്പോയി. എനിക്കു മനസ്സിലായി, എന്തുകൊണ്ടാ, അവൾ ഓടിപ്പോയതെന്നു്; പഴയ കൂട്ടുകാരായി!

അന്നു വൈകുന്നേരം ഞാനവളുടെ വീട്ടിൽ പോയി. അവളെനിക്കൊരു കപ്പു ചായ സമ്മാനിച്ചു. ആ ചായക്കു് ഒരു പ്രത്യേകതയുണ്ടായിരുന്നു. കപ്പു താഴെ വച്ചശേഷം ഞാൻ അഭിനന്ദനം രേഖപ്പെടുത്തി. അവളതിൽ അഭിമാനം കണ്ടെത്തി. "അങ്ങിനെയാ, പെൺപിള്ളർ ചായചെയ്താൽ." അവൾ തട്ടിവിട്ടു.

"പക്ഷെ, അതു രുചിച്ചുനോക്കുവാൻ ആൺപിള്ളരുടെ നാക്കുവേണം" അവളെ തോല്പിക്കാൻവേണ്ടി ഞാനൊരുപ്രയോഗം നടത്തി. പക്ഷെ അതു ശരിക്കു കൊണ്ടോ എന്തോ? അതിനുമുമ്പുതന്നെ അവളെന്നെയും ഒന്നു കളിയാക്കി. ഏതായാലും ഞാൻ തോൽവി സമ്മതിച്ചു. എന്നിട്ടും അവൾ മതിയാക്കുന്നില്ല. ഹോ! ഇതെന്തൊരു ജാതിപ്പെണ്ണു്! എനിക്കവളോടു വെറുപ്പു തോന്നി. പക്ഷെ, അതിലുമുപരിയായി വേറെന്തോ ഒന്നുകൂടി തോന്നി.

"ആരു് ഉണ്ണിയാണോ മോളേ?" അടുക്കളയിൽ പണിയിലേർപ്പെട്ടിരുന്ന അവളുടെ അമ്മ വിളിച്ചു ചോദിച്ചു.

"യെസ്സ്" അവൾക്കെല്ലായ്പോഴും കളിയാണ്. അമ്മയോടും, അച്ഛനോടും, വീട്ടിൽ വരുന്നവരോടും എല്ലാമെല്ലാം.

അവളുടെഅമ്മ ഞങ്ങളിരുന്നിടത്തേക്കു കടന്നുവന്നു. അവരുടെ കണ്ണുകൾ കലങ്ങിയിരുന്നു. മുഖത്തു വേദനയുടെ നിഴൽ വീശിയിരുന്നു. അവരിങ്ങനെ കഷ്ടപ്പെടുന്നതിൽ എനിക്കു സങ്കടം തോന്നി. അതുകൊണ്ടുമാത്രം ഞാൻ ചോദിച്ചു: "ഇങ്ങിനെ കിടന്നു കഷ്ടപ്പെടുന്നതിനേക്കാൾ ആരെയെങ്കിലും വേലയ്ക്കുനിർത്തിക്കൂടെ?"

"നിർത്തിയിരുന്നു ഉണ്ണി, പക്ഷെ," ശൈലജയെ ചൂണ്ടിക്കാണിച്ചുകൊണ്ടു അവർ തുടർന്നു, "ആരുവേവിച്ചാലും കുററം പറയും. ഒന്നും തിന്നുകയും ഇല്ല. അതാ, ഇപ്പോൾ ആരെയും നിർത്താതെ, ഞാൻ തന്നെ എല്ലാം ചെയ്യുന്നതു്. ഞങ്ങൾ മൂന്നാളല്ലേയുള്ളു. സാരമില്ല."

അവരുടെ കഷ്ടപ്പാടിന്റെ കാരണമതാണു്; മകളുടെ ഇഷ്ടത്തിനനുസരിച്ചു വേവിക്കണം; പിന്നെ ഭർത്താവിന്റെയും.

"എടീ ഒരു കപ്പു ചായയെങ്കിലും ഇട്ടോണ്ടുവാ. ഉണ്ണി എപ്പോഴെ വന്നതാണു്" മകളുടെ 'മര്യാദകേടി'ൽ അമ്മയ്ക്കാണു വ്യസനം.

"വേണ്ട, ഞാൻ കുടിച്ചു."

"എപ്പോൾ?"

"ഇപ്പോൾ തന്നെ."

"എവിടുന്നു?"

"ഇവിടുന്നുതന്നെ."

അവർക്കതിൽ അദ്ഭുതം തോന്നി. ഞാൻ അവിടെ ചെന്നതിനുശേഷം ആരും അവിടെ ചായ കുടിച്ചിട്ടില്ല. പിന്നെയെങ്ങിനെയാണു് കുടിച്ചെന്നുപറഞ്ഞാൽ വിശ്വസിക്കുക?

അവർ വീണ്ടും ചോദിച്ചു: "ഇവിടന്നു ഇപ്പോൾ കുടിച്ചോ?"

"ശൈലജ കൊണ്ടുവന്നുതന്നു" ഞാൻ പറഞ്ഞു.

"അതു് അവൾക്കെന്നും പറഞ്ഞാ ഉണ്ടാക്കിയതു്."

എനിക്കു മനസ്സിലായി. അവൾ അടുക്കളയിൽ ഒരു പൊടിക്കൈയ് പ്രയോഗിച്ച ശേഷമാണു പുറത്തു കടന്നതെന്നു്. ഞാനവളുടെ മുഖത്തേക്കു നോക്കി. അവൾ ചിരി അടക്കി പതുങ്ങി നില്ക്കുകയായിരുന്നു. കണ്ണുകൾ എന്റെയും അവളുടെ അമ്മയുടെയും മുഖത്തു മാറിമാറി പതിയുന്നുണ്ടായിരുന്നു.

"ചായ നന്നായിരുന്നു" ഞാനൊന്നു കൂടി പുകഴ്ത്തി. "ശൈലജക്കു ചായയിടാൻ നല്ല പരിചയമുണ്ടെന്നു തോന്നുന്നു"

"അതു ഞാനാ ഉണ്ണി ഇട്ടതു്. ഇവളെക്കൊണ്ടു നല്ല കാശിനു കൊള്ളുകില്ല" അവർ അത്രയും പറഞ്ഞപ്പോഴേക്കും ശൈലജ തലയിൽ ചൊറിച്ചിൽ തുടങ്ങിയിരുന്നു. ഞാനവളുടെ മുഖത്തേക്കു നോക്കി. അവളുടെ കണ്ണുകൾ എന്തോ പറഞ്ഞു. എനിക്കൊന്നും മനസ്സിലായില്ല.

"ഉണ്ണി എന്നും വരണം, കേട്ടോ? ഇന്നലെയും മിനിഞ്ഞാന്നും വരാത്തതിൽ എനിക്കു വലിയ സങ്കടമുണ്ടായി. ഉണ്ണിയെ കാണുമ്പോൾ ഞാനെന്റെ ബാലനെയാണു കാണുന്നതെന്നു തോന്നും. ഉണ്ണിയുടെ അമ്മ ഇന്നലെ ഇവിടെ വന്നിരുന്നു; നല്ല സ്വഭാവം. സമയമുണ്ടെങ്കിൽ ഇന്നു വൈകുന്നേരം ഒന്നു വരാൻ പറയണേ" അവർ പറഞ്ഞു.

വൈകുന്നേരംതോറും അയൽ വീടുകളിൽ പോയിരുന്നു വെടിപറയുന്നതിൽ അമ്മയ്ക്കു ലേശം ഇഷ്ടമില്ലായിരുന്നു. എന്നാലും "സാറിന്റെ നല്ല ഭാര്യ"യുടെ വീട്ടിൽ പോകാൻ അവർക്കിഷ്ടമാണു്. അല്ലെങ്കിൽതന്നെ, ശൈലജയോടു് അമ്മയ്ക്കു വളരെയിഷ്ടമാണു്. അവർ പല

MAR IVANIOS COLLEGE DIGITAL REPOSITORY LIBRARY



PRESIDENT, VICE PRESIDENTS & SECRETARIES OF ASSOCIATIONS 1955 – 56



COLLEGE MAGAZINE COMMITTEE 1955 – '56

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



DRAMATIC CLUB 1955 - '56.



THE COLLEGE BAND

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

പ്പോഴും പറഞ്ഞിട്ടുണ്ട്: "അവളൊരു കുസൃതിപ്പെണ്ണാണ്" എന്ന്.

അപ്പോഴൊക്കെ ഞാൻ വാദിച്ചിട്ടുണ്ട്: "എന്നാൽ നാളെമുതൽ ഞാനും കുസൃതി കാണിക്കാം അപ്പോൾ നല്ലപിള്ളയാകുമല്ലോ!"

"അങ്ങനത്തെ കുസൃതി അല്ല മോനെ" അവർ എന്നെ മനസ്സിലാക്കിക്കാൻ ശ്രമിക്കയാണ്.

"പിന്നെയങ്ങിനെ? തലകീഴായി ചാടണം; ഇല്ലേ?"

അവളുടെ കുസൃതിത്തരത്തിൽ ആനന്ദം കണ്ടെത്തിയിരുന്ന ഞാൻ വെറുതെയൊരു മറ പിടിക്കുകയായിരുന്നു.

അവളൊരു 'മിണ്ടാപ്പൂച്ച'യായിരിക്കണമെന്ന് എനിക്കാഗ്രഹമില്ലായിരുന്നു. എപ്പോഴും ഓടി, ചാടികളിച്ചുനടക്കണം. വീട്ടിന്റെ ഏതു മൂലയിൽ നോക്കിയാലും അവൾ പാറിപ്പറന്നു നടക്കണം. അതു കാണുവാൻ വേണ്ടിമാത്രം ഞാൻ ജനാലയും തുറന്നിട്ടു നോക്കിയിരുന്നിട്ടുണ്ട്.

അന്നൊരു ശനിയാഴ്ചയായിരുന്നു. അമ്മ, ജ്യേഷ്ഠന്റെ വീട്ടിലേയ്ക്കുപോകാൻ ഒരുങ്ങിത്തുടങ്ങി. അവർ രാവിലെ കുളിച്ചു, വസ്ത്രങ്ങളും മാറി മുററത്തിറങ്ങി നിന്നുകൊണ്ടു പറഞ്ഞു. ഞാൻ വരാൻ താമസിക്കുകയാണെങ്കിൽ, അപ്പുറത്തെ അമ്മുവിനോടു പറ, ചോറു വിളമ്പിത്തരാൻ." അവർ പടികടന്നു പുറത്തിറങ്ങി.

ഞാൻ മുറിക്കകത്തു കയറി പതിവുപോലെ ജനാലയും തുറന്നിട്ടു നോക്കിയിരുന്നു; ശൈലജ വെളിയിലെങ്ങാനും ഉണ്ടോയെന്ന്.

കിണററിൻകരയിൽ റോസാപ്പൂക്കൾ വിരിഞ്ഞുനില്ക്കുന്നു. അന്തരീക്ഷത്തിൽ മണം കലർത്തിക്കൊണ്ട് അവ നില്ക്കുകയാണ്. ആരും അവയെ പറിക്കാറില്ല. വൈകുന്നേരംവരെ അവ അങ്ങിനെ നില്ക്കും; പിന്നെ, കൊഴിഞ്ഞുവീഴും.

ഒരു പൂവു പറിക്കണം. അന്നെനിക്കങ്ങനെ തോന്നി; കാരണമറിഞ്ഞുകൂടാ. ഞാൻ കതകു തുറന്നു വെളിയിലിറങ്ങി. അപ്പോഴും എന്റെ കണ്ണുകൾ ശൈലജയുടെ വീട്ടിനു ചുററും എന്തിനെയോ അന്വേഷിച്ചലഞ്ഞിരുന്നു.

ഞാൻ ശൈലജയെ കണ്ടു. അവൾ മാല കോർത്തുകൊണ്ട് വെളിയിൽ നില്ക്കുകയാണ്. ഞാൻ കൈയ് കൊട്ടി വിളിച്ചു. അവളതു കണ്ടില്ലായിരിക്കണം. അവൾ വീട്ടിനകത്തേയ്ക്കു് ഓടിപ്പോയി. ഞാൻ കുറച്ചുനേരംകൂടി അവളെ പ്രതീക്ഷിച്ച് അവിടെ നിന്നു.

ഒടുവിൽ ഞാൻ ഒരു റോസാപ്പൂവുമായി തിരിച്ചു നടന്നു. ആ പൂവിനെ ഞാൻ സൂക്ഷിച്ചുവച്ചു. ഒരുപക്ഷെ, അവൾ വരികയാണെങ്കിൽ! എങ്കിൽ...? ഈ പൂവ് അവൾക്കു സമ്മാനിക്കണം. ആ കറുത്തിരുണ്ടചുരുണ്ട മുടികളിൽ ഞാനൊരു റോസാപ്പൂവു ചൂടിക്കൊടുക്കും. എന്നിട്ട്, എവറസ്റ്റിൽ കൊടി നാട്ടിയിട്ട്, ടെൻസിംഗ് നിന്നു നോക്കിയതുപോലൊരു നോട്ടം നടത്തും; ആരെങ്കിലും കണ്ടോയെന്ന്.

ഞാൻ പെട്ടെന്ന് ഒന്നു ഞെട്ടി തിരിഞ്ഞുനോക്കി. ജനാലയിലൂടെ ഒരു കമ്പ് എന്റെ മുതുകിലേക്കു കടന്നുവരുന്നു. എനിക്കു മനസ്സിലായി, അതു ശൈലജയുടെ വേലയാണെന്ന്. ഇതുവരെ ആരും ഇങ്ങിനെ എന്നെ പററിച്ചിട്ടില്ല. ഞാൻ പാളി നല്ലപോലെ തുറന്നുനോക്കി. അവൾ നിന്നു ചിരിക്കുകയാണ്. കിലുകി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ലെയുള്ള ആ ചിരിയിൽ വീടു മുഴുവൻ കടുങ്ങിപ്പോയി.

അവൾ എൻെറ മുറിയിലേയ്ക്ക് കടന്നുവന്നു. എന്നിട്ട് ജിജ്ഞാസയോടേ ചോദിച്ചു: "അമ്മ ഇന്നിവിടെ ഇല്ല, അല്ലേ? അതായിരിക്കും ഇത്ര ചാട്ടം."

"ശൈലജയ്ക്കെങ്ങിനെ മനസ്സിലായി, അമ്മ ഇവിടെ ഇല്ലെന്നു്?"

"ഉണ്ടെങ്കിൽപ്പിന്നെ എന്നെ കൈയ് കാട്ടി വിളിക്കാനുള്ള ധൈര്യം ഉണ്ടാകുമോ?" ഒന്നും അറിയാത്തവളെപ്പോലെ അവൾ നിലകൊണ്ടു.

അവൾ എന്തുചെയ്യുമെന്നറിയാൻവേണ്ടി മാത്രം ഞാൻ ചോദിച്ചു: "അവർ കിടന്നുറങ്ങുന്നു. എന്താ, ശൈലജയ്ക്ക് അവരെ ഭയമുണ്ടോ?"

അതു കേട്ടപ്പോൾ അവൾ പൊട്ടിച്ചിരിച്ചു. ഞാൻ 'അതിശയിച്ചു'പോയി, അമ്മ ഉണ്ടെന്നു പറഞ്ഞിട്ടും അവൾ ബഹളം കൂട്ടുകയാണ്. അപ്പോൾ യാഥാർത്ഥ്യം മനസ്സിലാക്കുകയാണെങ്കിൽ അവൾ ഈ വീടിനെതന്നെയിളക്കും.

ഞാനൊന്നു കൂടി പറഞ്ഞു നോക്കി. "അവർ എണീററു വന്നാൽ നല്ല തല്ലു കിട്ടുമേ സൂക്ഷിച്ചുവേണേ ചിരിക്കാൻ."

എന്നിട്ടും ചിരിമതിയാക്കാനുള്ള ഭാവമില്ലവൾക്ക്. അവൾ വീണ്ടുംവീണ്ടും ചിരിക്കുകയാണ്. എന്നിട്ടവൾ ചോദിച്ചു: "ഏതു മുറിയിലാ അമ്മ കിടക്കുന്നേ?"

ഞാൻ ആകെ പരുങ്ങി. എന്നാലും ഒന്നു കള്ളം പറയുവാൻതന്നെ തീച്ചപ്പെടുത്തി; "തെക്കെപ്പുരയിൽ" ഞാൻ പറഞ്ഞു.

അവൾ പിന്നെയൊന്നും ചോദിച്ചില്ല. ആ മറുപടികൊണ്ടു തൃപ്തിപ്പെട്ടിരിക്കണം. എന്നിട്ടവൾ എൻെറ നോട്ടുബുക്കു കൈയിലെടുത്തു; തുറന്നു തെററു കണ്ടുപിടിക്കുവാൻ ശ്രമിക്കുകയായിരുന്നു. ഇടയ്ക്കവൾ ആരോടെന്നില്ലാതെ പറഞ്ഞു: "ബസ്സെങ്ങും പഞ്ചറായിട്ടില്ലെങ്കിൽ, അവരിപ്പോൾ അങ്ങ് എത്തിക്കാണും."

എനിക്കൊന്നുംമനസ്സിലായില്ല. ഞാൻ ചോദിച്ചു: "ആരാ?"

അവൾ ബുക്കിൽതന്നെ കണ്ണു പതിപ്പിച്ചുകൊണ്ടു പറഞ്ഞു "എൻെറ ക്ലാസ്സിൽ ഒരു ചെറുക്കനുണ്ട്. അവൻെറ അമ്മ ഇന്നു അവരുടെ മൂത്ത മകൻെറ വീട്ടിൽ പോയി. അവർ ഇപ്പോൾ അങ്ങ് എത്തിയിരിക്കും."

എനിക്കു കാര്യം മനസ്സിലായി. അവൾ എങ്ങിനെയോ അറിഞ്ഞു അമ്മ ജ്യേഷ്ഠൻെറ വീട്ടിൽ പോയിരിക്കയാണെന്ന്. ചുമ്മാതെയാണോ അവൾ ഈ ബഹളമൊക്കെ കാട്ടിക്കൂട്ടിയതു്?

"ശൈലജയ്ക്കെങ്ങിനെ മനസ്സിലായി അമ്മ ഇവിടെ ഇല്ലെന്നു്?" ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

അവൾ ഒന്നും അറിയാത്ത മട്ടിൽ നിന്നുകൊണ്ടു ചോദിച്ചു. "ആരുടെയമ്മ?"

ശൈലജയുടെ ക്ലാസ്സിലുള്ള ആ ചെറുക്കൻെറ അമ്മ."

"എന്തോ, എനിക്കവരെ അറിഞ്ഞുകൂടാ." അവൾ വീണ്ടും അഭിനയിക്കുകയാണ്,

"പക്ഷെ, ഒരു കാര്യം; പിള്ളരെയെല്ലാം കേറി ചെറുക്കാ'ന്നു വിളിച്ചാൽ പല്ലു വേറെ വാങ്ങിച്ചുവെക്കേണ്ടിവരും."

"ആ ചെറുക്കൻ ആരെയുംഅടിക്കില്ല" അവൾ കണുങ്ങിക്കൊണ്ടു പറഞ്ഞു.

"അതിരിക്കട്ടെ, അമ്മ ഇന്നലെ അവിടെ വന്നിരുന്നോ?" ഞാൻ കാര്യമായി തന്നെ ചോദിച്ചു.

അവൾ യാഥാർത്ഥ്യത്തിലേക്കു മടങ്ങി വന്നു: "വന്നിരുന്നു, എന്താ?"

ഞാനൊന്നും ശബ്ദിച്ചില്ല. അവൾ വീണ്ടും എന്റെ നോട്ടുബുക്കു പരിശോധന തുടങ്ങി. ഒരു തെററുപോലും അവൾ കണ്ടുപിടിച്ചില്ല. അവൾക്കു ശരി അറിയാമെങ്കിലല്ലേ തെററു കണ്ടുപിടിക്കൂ!

ഞാൻ ആ റോസാപ്പൂവിനെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. എനിക്കെന്തോ പറയണമെന്നുണ്ട്. പക്ഷേ ഒന്നും പുറത്തുവരുന്നില്ല. ഞാൻ ധൈര്യമവലംബിച്ചുനോക്കി. ഹൃദയമിടിക്കുന്നുണ്ട്.

ഞാനവളുടെ കണ്ണുകളിലേക്കുസൂക്ഷിച്ചു നോക്കി. അവൾ എന്നെയും. ആ കണ്ണുകളിൽ ഒരു സ്വപ്നസാമ്രാജ്യം മുഴുവൻ അടങ്ങിയിട്ടുണ്ടായിരുന്നു. ആ ചുണ്ടുകൾ എന്തിനോവേണ്ടി ദാഹിക്കുന്നതുപോലെ തോന്നി. അവൾ ഒരു പാവപോലെ അനങ്ങാതെ നോക്കിനിന്നു. ആരും ഒന്നും ശബ്ദിച്ചില്ല.

ഒടുവിൽ ആ മൂന്നക്ഷരം മാത്രം എന്റെ നാവിലൂടെ എങ്ങിനെയോ പുറത്തുകടന്നു. ഞാൻ വിളിച്ചു: "ശൈലജേ!"

ആ വിളിയുടെ പ്രതിധ്വനിയെന്നോണം അവളുടെ വാക്കുകൾ പുറത്തുകേട്ടു: "എന്റെ ഉണ്ണീ!"

എനിക്കെന്റെ കാതുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവ എന്നെ വഞ്ചിക്കുകയായിരുന്നോ?

ഞാൻഒന്നുകൂടിവിളിച്ചു: "ശൈലജേ"

"എന്റെ ഉണ്ണീ!"

അതെ, അതു അവളുടെ ശബ്ദംതന്നെ. ഞാൻ ചുററും നോക്കി. സ്വപ്നം കാണുകയല്ലായിരുന്നു. എന്നിട്ടും എല്ലാമെല്ലാം ഒരു സ്വപ്നത്തിലെന്നപോലെ തോന്നി.

"ഇങ്ങടുത്തുവരൂ, ഞാനൊരു സമ്മാനം തരാം" ഞാൻ റോസാപ്പൂവു കൈയിലെടുത്തുകൊണ്ടു അവളെ വിളിച്ചു. അവൾ മെല്ലെ എന്റെ അടുക്കലേയ്ക്കു നീങ്ങി.

"എടീ, ശൈലേ...!...!" അതു് അവളുടെ അമ്മയുടെ ശബ്ദമായിരുന്നു. അവർ വീട്ടിൽ നിന്നുകൊണ്ടു വിളിച്ചതാണു്.

"ഞാൻ പൂവു പറിക്കാനെന്നും പറഞ്ഞാ പുറത്തു ചാടിയതു്" അവൾ നില വ്യക്തമാക്കി.

ഞാൻ ആ പൂവു് അവളുടെ തലയിൽ തിരുകിയില്ല. അതിനുമുമ്പുതന്നെഅവൾ പടി കടന്നിരുന്നു. ഞാൻ വെളിയിലിറങ്ങി നോക്കിനിന്നു. അവൾ ഓടുകയായിരുന്നു.

കാലചക്രം കറങ്ങിക്കൊണ്ടിരുന്നു.

അങ്ങിനെ ഏകദേശം മൂന്നു വർഷത്തോളം ഞങ്ങൾ ഒരുമിച്ചു പഠിച്ചു ഒരുമിച്ചു കളിച്ചു, ഒരുമിച്ചു ജീവിച്ചു. ആ കാലയളവു് വെറും മൂന്നു മണിക്കൂറുകൾ മാത്രമായിരുന്നുവെന്നു തോന്നി. എന്നെ സംബന്ധിച്ചിടത്തോളം, കാലം ഇനിയൊരിക്കലും അത്രവേഗം നീങ്ങുകയില്ല. ആ സുന്ദരസുദിനങ്ങൾ ഇനി ഒരിക്കലും തിരിച്ചുവരില്ല. കാലം ഇനി പലർക്കും മധുരിച്ചേക്കാം. പക്ഷെ, എനിക്കുമാത്രം മധുരിക്കുകില്ല. തീർച്ച.

പരീക്ഷ തീരുന്നദിവസമാണു് അവൾ കരഞ്ഞതു്. അന്നുമാത്രമേ അവൾ കരയുന്നതായി ഞാൻ കണ്ടിട്ടുള്ളു. അവളെന്തി

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ന്നു കരയുന്നവെന്നു് എനിക്കറിഞ്ഞുകൂടാ. എനിക്കും കരയണമെന്നുണ്ടു്. പക്ഷെ, കരഞ്ഞില്ല.

ഈ ചെറിയ കാലയളവിനുള്ളിൽ പലരുമായും ഇണങ്ങി; പലരേയും സ്നേഹിച്ചു. പലരുടെയും ജീവിതകഥകൾ കേട്ടിട്ടുണ്ടു്.

വേണ്ടപ്പെട്ടവരെയും സ്നേഹിച്ചവരെയും പിരിയുക!

അതോൎക്കുമ്പോൾതന്നെ ആത്മാവിൽ വല്ലാത്തൊരു നൊമ്പരം അനുഭവപ്പെടുകയാണു്.

ആ ദിനം ശപിക്കപ്പെട്ടതാണു്. ആയിരമായിരം വിദ്യാൎത്ഥികളുടെ നെഞ്ചിൽ നെരിപ്പോടു കത്തിക്കുന്ന ദുർദ്ദിനം. ഇന്നു പിരിയുന്നവരെ ഇനി എന്നു കാണുമെന്നു് ആൎക്കും ഒരു രൂപവും ഇല്ല. കാലചക്രത്തിന്റെ ഒഴുക്കിൽപ്പെട്ടു് എവിടെയെങ്കിലുംവെച്ചു കണ്ടുമുട്ടിയേക്കാം……!

ഹൃദയം മുഴുവൻ വേദന തിങ്ങി നില്ക്കുകയാണു്. ഞാൻ മെല്ലെ വീട്ടിലേക്കു നടന്നു. വഴിയിൽ പലരേയും കണ്ടു. ആരോടും സംസാരിച്ചില്ല.

ശൈലജയെ കാണണം. ഞാൻ നടത്തയ്ക്കു വേഗത കൂട്ടി. അഞ്ചു മിനിട്ടു കഴിഞ്ഞുകാണും. ഞാൻ അവളോടൊപ്പം എത്തി. അവളുടെ മുഖം വീർത്തിട്ടുണ്ടു്. കണ്ണുകൾ കലങ്ങിയിട്ടുണ്ടു്.

"ശൈലജേ!" ഞാൻ വിളിച്ചു.

"എന്താ?" അവൾ വിളികേട്ടു.

"എന്നിവിടെനിന്നു പോകുന്നു?"

"മിക്കവാറും നാളെ പോകും."

ഞാൻ ഇടിവാളേറ്റപോലെ ഒന്നു ഞെട്ടി. മൂന്നു വൎഷത്തോളം പരസ്പരം അറിഞ്ഞും സ്നേഹിച്ചും കഴിഞ്ഞിരുന്ന ഹൃദയങ്ങൾ വേർപെടുവാൻ പോവുകയാണു്. അതിനെപ്പറ്റി ഓൎക്കുവാൻപോലും എനിക്കു കരുത്തില്ല. എന്റെ അന്തരാളത്തിൽ ഒരഗ്നിപൎവ്വതം പുകയുന്നപോലെ തോന്നി.

അവളുമായി അടുക്കേണ്ടതില്ലായിരുന്നു. സ്നേഹിച്ചതുകൊണ്ടല്ലേ വേർപാടിനെപ്പറ്റി ചിന്തിക്കുമ്പോൾ ഹൃദയം നീറുന്നതു്. ഇനി ഞാൻ ആരെയും ആത്മാൎത്ഥമായി സ്നേഹിക്കുകില്ല; ഒരു പുല്ക്കൊടിയെപ്പോലും.

ഞങ്ങൾ മെല്ലെ നടക്കുകയായിരുന്നു. കുറച്ചു നേരത്തേക്കു് ആരും സംസാരിച്ചില്ല. ഒടുവിൽ അവൾ കരഞ്ഞുകൊണ്ടു ചോദിച്ചു: "എഴുതായ്ക്കുമോ, ഉണ്ണീ?" ആ ശബ്ദത്തിൽ വേദന തങ്ങിനിന്നിരുന്നു.

"മരിച്ചില്ലെങ്കിൽ!"

'ഞാൻ മരിച്ചാലും എഴുതായ്ക്കും"

ഞാൻ അവളുടെ മുഖത്തേക്കു നോക്കി; അവൾ കളി പറഞ്ഞതാണോ എന്നു്. ഇല്ല. അതിനൊരു ദൃഢതയുണ്ടായിരുന്നു. എരിയുന്ന ഒരു ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ടതാണതു്.

"ഉണ്ണി എന്നെ മ…റ…ക്കു…മോ?" അവൾ വിങ്ങിപ്പൊട്ടുമെന്നു തോന്നി.

"ഇല്ല, ശൈലജേ, നിന്നെ ഞാൻ ഒരിക്കലും മറക്കുകയില്ല."

ആ വാക്കുകൾ അവളെ സമാശ്വസിപ്പിച്ചു. അവൾ കൈയ്ലേസുകൊണ്ടു് കണ്ണുനീർ ഒപ്പി. എന്നിട്ടും കണ്ണു വീണ്ടും നിറയുകയാണു്.

അവൾ വീട്ടിലേക്കു തിരിഞ്ഞപ്പോൾ പറഞ്ഞു. "നാളെ വരണേ!" അതൊരു ആജ്ഞയല്ലായിരുന്നു; നീറുന്ന ഒരു ഹൃദയ



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ത്തിൽനിന്നും പുറത്തുവന്ന ഒരപേക്ഷയായിരുന്നു.

ഞാൻ നടന്നു വീട്ടിലെത്തി. നല്ല വിശപ്പുണ്ടായിരുന്നു. ഒരുതൊട്ടി വെള്ളം വലിച്ചു വയറു നിറയെ കുടിച്ചു. എന്നിട്ട് പതുക്കെ കട്ടിലിൽ കയറി കിടപ്പായി. ഒന്നും ചെയ്യണമെന്നില്ല. ഏതോ അദൃശ്യമായ ഒന്ന് ആത്മാവിനെ കരണ്ടുതിന്നുന്നുണ്ടായിരുന്നു.

അമ്മവന്നു വിളിച്ചു. ഞാൻവിളികേട്ടു.

“എന്തു പററിയെടാ?” അവർ ഉത്കണ്ഠയോടെ ചോദിച്ചു.

ഞാൻഅവരെ തുറിച്ചുനോക്കി. ഹൃദയം ഉരുകുകയായിരുന്നു.

ആത്മാവു കത്തിയെരിയുകയാണ്. എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂടാ. എന്തോ താങ്ങാനാകാത്ത ഒരു ഭാരം ഹൃദയത്തെ അമർത്തുകയാണ്.

അവർ ആകെ വിഷമിച്ചു. അവർ അന്നുവരെ എന്നെ ആ നിലയിൽ കണ്ടിട്ടില്ല. അവരും എന്നോടൊത്തു നീറുകയായിരുന്നു. അവർ വീണ്ടും ചോദിച്ചു.

“വല്ലതും പററിയോടാ മോനേ?”

“ഒന്നും പററിയില്ല.”

“നീ പരീക്ഷയൊന്നും നേരെയെഴുതിയില്ലേ?”

“എഴുതി”

“നീ തോററുപോകുമോ?”

എനിക്കു ദേഷ്യം വന്നു. പുണ്ണിൽ കൊള്ളിവെക്കുകയായിരുന്നു അവർ.

“ഇറങ്ങിപ്പോകുമോ മുറിയിൽനിന്ന്” ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു.

രണ്ടു തുള്ളി കണ്ണുനീർ എൻറെ ദേഹത്ത് എവിടെനിന്നോ അടർന്നു വീണു. അവർ പടി കടന്നപ്പോൾ പറയുന്നതു കേട്ടു: “ചെറുക്കൻ തോററുപോകുമെന്നാ തോന്നുന്നേ.”

ഞാനെഴുന്നേററു ജനാലയടച്ചു. ഇനി എനിക്കവളെ കാണുവാൻ ശക്തിയില്ല. ആ ജനാലയിലൂടെ ഞാൻ അവളെ ആയിരം പ്രാവശ്യം കണ്ടിട്ടുണ്ട്. ഇനി ഒരിക്കൽപ്പോലും പാടില്ല. ഞാൻ തിരിച്ചുവന്നു വീണ്ടും കിടന്നു.

നേരം സന്ധ്യയായി. അമ്മ വന്നു വിളിച്ചു: “എഴുന്നേററിരി മോനേ; സന്ധ്യക്കു കിടന്നുകൂടാ.”

ആ വാക്കുകൾ ഞാൻ ശ്രദ്ധിച്ചില്ല. എനിക്കിനി ആയിരം സന്ധ്യക്കു കിടന്നുറങ്ങണം. ആരുവന്നു വിളിച്ചാലും എഴുന്നേല്ക്കുകയില്ല.

ആ നീണ്ട രാത്രി അവസാനിക്കാതിരുന്നെങ്കിൽ!

ഞാൻ ആത്മാർത്ഥമായി ആശിച്ചുപോയി.

അർദ്ധരാത്രിയായി കാണും. ഉറക്കം വരുന്നില്ല. ഞാൻ ചരിഞ്ഞുകിടന്നു. എന്നിട്ടും ഉറക്കം വരുന്നില്ല. കമിഴ്ന്നുകിടന്നുനോക്കി ഇല്ല. ഉറക്കം അശേഷം വരുന്നില്ല.

എങ്ങും നിറഞ്ഞ നിശ്ശബ്ദത. ഞാനോർമ്മിച്ചു എന്നെയോർത്തു വിലപിക്കുന്ന ഒരു ഹൃദയം ആ വീട്ടിൽ കിടന്നുഴലുകയാണെന്ന്. ശൈലജയും ഉറങ്ങാതെ കിടക്കുകയായിരിക്കും. നെടുവീർപ്പുകൾ പൊങ്ങുന്നുണ്ടാവും.

നേരം വെളുക്കാറായപ്പോൾ ഞാനൊന്നു മയങ്ങി.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

"ഉണ്ണീ, നേരം ഉച്ചയായെടാ" അമ്മ വാതുക്കൽവന്നു വിളിച്ചു.

ഞാനുണർന്നു കതകു തുറന്നുനോക്കി. സൂര്യൻ ഉദിച്ചുകഴിഞ്ഞിരുന്നു. ആ കിരണങ്ങൾക്കൊരു ഭംഗി പോരാ. ഞാൻ കണ്ണു തിരുമ്മി ഒന്നുകൂടെ നോക്കി. ശരിയാണു് ആ കിരണങ്ങൾ ഞങ്ങളോടൊത്തു കരയുകയായിരുന്നു.

ഞാൻ ശൈലജയുടെ വീട്ടിലേക്കു നടന്നു. എന്തിനു പോകുന്നുവെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു. അവൾ ഇന്നു പോവുകയാണു്. ഇന്നു ഞാൻ അവിടെ ചെല്ലണമെന്നു് അവൾ പറഞ്ഞിരിക്കുകയാണു്. യാത്ര ചോദിക്കാനായിരിക്കാം അല്ലെങ്കിൽ കണ്ണുനീർ കുടിപ്പിക്കാനായിരിക്കാം. അതോ......?

ഞാൻ മുററത്തു കാലുകുത്തിയപ്പോൾ, പല്ലുതേക്കാൻ ബ്രഷും പേസ്ററുമായി അവളുടെ അച്ഛൻ പടിയിറങ്ങിവരികയായിരുന്നു.

അദ്ദേഹം എന്നെ നോക്കി ചിരിച്ചു. ഞാനും പാടുപെട്ടൊരു ചിരി പ്രകാശിപ്പിച്ചു. അദ്ദേഹം എന്റെ ഉള്ളു കണ്ടിരിക്കുമോ, എന്തോ?

ശൈലജയുടെ മുറി അടച്ചിരിക്കുകയാണു്. അവൾ ഇനിയും ഉറക്കമുണർന്നിട്ടില്ല. എന്നെപ്പോലെ, നേരം വെളുക്കാറായപ്പോഴായിരിക്കും അവളും ഒന്നു മയങ്ങിയതു്.

"ശൈലജ ഇതുവരെ എഴുന്നേററില്ലേ" അവളുടെ അമ്മ വാതിലിൽ വന്നു തട്ടി. എന്നിട്ടവർ പറഞ്ഞു: "പരീക്ഷയെന്നും പറഞ്ഞു രാത്രി ഒരു മണിവരെ ഇരുന്നു വായിക്കും. അതിന്റെയൊക്കെ ക്ഷീണം തീർത്തു ഇന്നുറങ്ങുകയാണു്."

"ഇന്നുതന്നെ പോകുന്നോ?" ഞാൻ തൊണ്ട ശരിയാക്കിക്കൊണ്ടു ചോദിച്ചു. അവർ എന്നിൽനിന്നും ഒന്നും മനസ്സിലാക്കരുതു്. അതുകൊണ്ടാണു്, ഒട്ടും ഇടറാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചതു്. മുഖം ഒരുവിധം പ്രസന്നമാക്കി കാണിച്ചു. പക്ഷെ അവർക്കെന്റെ മനസ്സു കാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ'

ഇവളുടെ പഠിത്തത്തിനെ കരുതിയാണു ഞങ്ങളെല്ലാം ഇങ്ങോട്ടു വന്നതു്. ഇനി മിക്കവാറും അദ്ദേഹം മാത്രം തിരിച്ചുവരും. ശൈലജയെ ഇനി കോളജിലയക്കണം. പിന്നെ ഞാനങ്ങു വീട്ടിലും ആകും." അവർ നിർത്തി.

"അദ്ദേഹം മാത്രം തിരിച്ചുവന്നാൽ എങ്ങിനെയാണു് കഴിഞ്ഞുകൂടുക? എനിക്കു്, അവരെല്ലാവരും തിരിച്ചുവരണമെന്നുണ്ടായിരുന്നു.

"ഞാൻ പറഞ്ഞില്ലേ ഞങ്ങൾ രണ്ടു പേരും ഇനി ഇങ്ങോട്ടില്ലെന്നു്. മിക്കവാറും അദ്ദേഹത്തിനു് സ്ഥലംമാററം കിട്ടുമെന്നാ ഇന്നലെ പറഞ്ഞതു്." അവരുടെ കണ്ണുകൾ നിറഞ്ഞു. അവർ പൂർവ്വകാലസ്മരണകളിൽ കുടുങ്ങുകയായിരുന്നു. ഒടുവിൽ അവർ പറഞ്ഞു. "ഉണ്ണിയെയും അമ്മയെയും പിരിയുന്നതിൽ ഞങ്ങൾക്കു വളരെ സങ്കടമുണ്ടു്."

ശൈലജ മുറി തുറന്നു പുറത്തു വന്നു. ഞങ്ങൾ സംസാരിച്ചതു മുഴുവൻ അവൾ കേട്ടിരിക്കണം. അവളുടെ മുഖഭാവം കണ്ടു് അവളുടെ അമ്മ അമ്പരന്നുപോയി. അവർ അവളെ പിടിച്ചു കുലുക്കിക്കൊണ്ടു ചോദിച്ചു. "എന്താന്നാ ശൈലേ ഇതു്? നീ എന്തുചെയ്തു?"

അവളെന്തു പറയാനാണു്. അവളിപ്പോൾ വിങ്ങിപ്പൊട്ടുമെന്നു് തോന്നി.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

അവൾ എന്റെ മുഖത്തേക്കു നോക്കി. ഞാൻ അങ്ങേക്കരയുള്ള കുന്നിൻചരുവിനെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. ഞാനവിടെ ഇനിയും നിന്നാൽ കുഴപ്പമാകും. അവളിപ്പോൾത്തന്നെ എല്ലാം തുറന്നു പറയുകയാണെങ്കിൽ! എങ്കിൽ…"

"ഉണ്ണിയിന്നെങ്ങും പോകരുതു കേട്ടോ? കുറച്ചു കഴിഞ്ഞു ഇങ്ങോട്ടു വരണം" അതു് അവളുടെ അമ്മയുടെ ശബ്ദമായിരുന്നു.

ഞാൻ തിരിഞ്ഞുനോക്കിയില്ല. നേരെ നടന്നു വീട്ടിലെത്തി. വീണ്ടും പായിൽ കയറി കിടപ്പായി. മനസ്സിനെ എന്തോ ഒന്നിട്ടലട്ടുന്നു. എനിക്കു കരയണമെന്നുണ്ടു്. പക്ഷേ, ഞാനൊരു കുഞ്ഞല്ല. കുഞ്ഞുങ്ങൾ മാത്രമേ കരയാവുള്ളോ? എന്തോ അതെനിക്കറിഞ്ഞുകൂടാ.

ഞാനാ കിടപ്പിൽ വളരെനേരം കിടന്നില്ല. വീണ്ടും അമ്മ വന്നു വിളിച്ചു; കാപ്പി കുടിക്കാനാണു്. ഞാൻ തിരിഞ്ഞു കിടന്നു. അവർ പോകുന്ന ലക്ഷണമില്ല. ഞാൻ ആഹാരം കഴിക്കാത്തതിൽ അവർക്കാണു വിശപ്പുന്ന തോന്നും, അവരുടെ നില കണ്ടാൽ!

തലേദിവസം രാത്രി ഉണ്ടിട്ടില്ലായിരുന്നു. എന്നിട്ടും എനിക്കിപ്പോൾ വിശക്കുന്നില്ല.

കുറച്ചു കഴിഞ്ഞു് ഞാൻ അവളുടെ വീട്ടിലേക്കു ചെല്ലണമെന്നു് അവളുടെ അമ്മയാണു് എന്നോടതു പറഞ്ഞതു്. അവർ പറഞ്ഞതു് ഇന്നുവരെ ഞാൻ അനുസരിക്കാതിരുന്നിട്ടില്ല. പക്ഷേ, ഇന്നു ഞാൻ പോകുന്നില്ല. അതിലുള്ള കുററം അവർ എന്നിൽ ചുമത്തട്ടെ. ഞാനതു ഏററുകൊള്ളാം.

ഇനിയും ഞാനവിടെ ചെന്നാൽ അവളെന്റെ മുന്നിൽ വന്നു വീഴും; കരയും, ഹൃദയം പൊട്ടിക്കരയും; അത്ര ലോലഹൃദയയാണവൾ. അതുകൊണ്ടു മാത്രമാണു് ഇനി അവിടെ പോകുവാൻ ഞാനിഷ്ടപ്പെടാത്തതു്.

മണി പതിനൊന്നു കഴിഞ്ഞുകാണും. ഞാൻ മുററത്തിറങ്ങിനിന്നു നോക്കി. അവിടെ വല്ലാത്ത തിരക്കാണു്. ഇനി ഒരു മണിക്കൂറിനകം തയ്യാറാകണം.

ഞാൻ കിണററിൻകരയിലേക്കു നടന്നു. ആ റെയ്മാവു് പടർന്നു പന്തലിച്ചു കിടക്കുകയാണു്. അതിന്റെ മറവിൽ മറഞ്ഞുനിന്നുകൊണ്ടു് ഞാനവളെനോക്കി. അവളിനി എന്നെ കാണരുതു്. എന്റെ ആഗ്രഹമാണതു്. കണ്ടാൽ……? അവൾ ഏങ്ങിയേങ്ങിക്കരയും; ഹൃദയം നൊന്തു കരയും. അവൾ കരയുന്നതു കാണാനുള്ള കരുത്തു് എനിക്കിന്നില്ല.

റോസാപ്പൂക്കൾ വികസിച്ചു നില്ക്കുകയാണു്. അവളുടെ ജീവന്റെ ജീവനാണു് അവ. അവളാണു് അതിൽ വിരിയുന്ന പൂക്കൾ ചൂടാറുള്ളതു്. എന്നും രാവിലെ വന്നു പറിച്ചുകൊണ്ടുപോകും. പക്ഷേ, അവളതിനു വെള്ളമൊഴിക്കാറില്ല. വെള്ളമൊഴിക്കാൻ പറഞ്ഞാൽ "അതളയക്കാം" എന്നു് കളിയിൽ പറഞ്ഞുകൊണ്ടു് അവൾ ഓടിമറയും. പക്ഷേ ഇന്നു മാത്രമവൾ പൂവിനു വന്നില്ല. വരണമെന്നെനിക്കൊട്ടാഗ്രഹവുമില്ലായിരുന്നു

ഞാൻ ഒരു പൂവു പറിച്ചെടുത്തു. നല്ല വികസിച്ച ഒരു പൂവു്. അതു അവളുടെ മുടിയിൽ ചൂടാനുള്ളതാണു്. അവളുടെ കിടക്കയിൽ കൊഴിഞ്ഞു വീഴാനുള്ളതാണു് അതിന്റെ ഇതളുകൾ.

ഞാൻ അവളുടെ വീട്ടിലേക്കു നടന്നു. മനസ്സു ദുർബ്ബലമാവുകയാണു്. എന്നിട്ടും ഞാൻ നടന്നു. അവളുടെ മുറിയുടെ ജനാ

ലക്കു സമീപത്തെത്തി. ഞാൻ അകത്തേക്കു കണ്ണോടിച്ചു. അവിടെ ആരുമില്ല. എല്ലാപേരും ആഹാരം കഴിക്കുകയായിരുന്നു. ആ പൂവിനെ, എന്റെ അവസാനത്തെ സമ്മാനത്തെ, ജാൻജനാലയിലൂടെ അകത്തേക്കിട്ടു. അതു മേശപ്പുറത്തുതന്നെ അവളേയും പ്രതീക്ഷിച്ചിരുന്നു. ഞാൻ ആ പൂവിനെ ഒന്നുകൂടി നോക്കി. എന്നിട്ട് തിരിഞ്ഞുനടന്നു.

ബസ്സു വരാനുള്ള സമയമായി. ചുമട്ടുകെട്ടുകളുമായി വേലക്കാർ മുമ്പിൽനടന്നു. അവരുടെ പുറകെ അവളുടെ അച്ഛനും അമ്മയും എല്ലാററിലും പുറകെ അവളും നടക്കുകയാണു്.

ഞാൻ ചെടിയുടെ മറവിൽ മറഞ്ഞിരുന്നു് അവളെ കണ്ടു. പക്ഷെ, അവളുടെ കണ്ണുകൾ ആരെയോ അന്വേഷിച്ചുലയുന്നുണ്ടായിരുന്നു. മുഖം ചുവന്നു തുടുത്തിട്ടുണ്ടു്. അവൾ എന്റെ വീട്ടിന്റെ ജനാലയിൽ ദൃഷ്ടിപതിപ്പിച്ചു. അവിടെ പലപ്പോഴും അവളെന്നെ കണ്ടിട്ടുണ്ടു്. പക്ഷെ ഇന്നുമാത്രം കാണുന്നില്ല.

ഞാൻ സൂക്ഷിച്ചുനോക്കി. ആ റോസാപ്പൂവ് അവളുടെ തലയിൽ അണിഞ്ഞിട്ടുണ്ടു്. ഞാനൊന്നുകൂടെ കണ്ണു തിരുമ്മി നോക്കി. അതെ, ആ പൂവുതന്നെ, ആ റോസാപ്പൂവ്.

താങ്ങാനാകാത്ത കദനഭാരവും വാങ്ങിക്കൊണ്ടു ഞാൻ വീട്ടിലേക്കു നടന്നു. അവൾ എന്നിൽനിന്നകലുകയാണു്. അകന്നകന്നു് ഓമ്മയുടേതുമാത്രമായ ഒരു ലോകത്തിലേക്കു പ്രവേശിക്കുകയാണവൾ.

ഞാൻ നടന്നു. കാലടികൾ തെററുന്നുണ്ടായിരുന്നു. കണ്ണുകൾ നിറഞ്ഞു വഴി കാണാതെയായി. കണ്ണുനീർ തുടച്ചുകൊണ്ടു് വീണ്ടും ഞാൻ നടന്നു. അവളെപ്പററിയുള്ള സ്മരണകൾ മാത്രം അവശേഷിക്കുകയാണു്.

അവൾ പോയിട്ട് തികച്ചും രണ്ടാഴ്ചയായി. ഒരു കത്തുപോലും കിട്ടിയിട്ടില്ല. അവളുടെ കത്തു കിട്ടിയതിനുശേഷമേ, ഞാൻ അവൾക്കു് എഴുതെഴുതാവൂ എന്നു് അവളെന്നെ പ്രത്യേകം ഓമ്മിപ്പിച്ചിരുന്നു. അതുകൊണ്ടു മാത്രമാണു് ഞാൻ എഴുതയക്കാത്തതു്. അതിൽ ഞാനല്ല തെററുകാരൻ.

ദിനങ്ങൾ ഒന്നൊന്നായി ഇഴഞ്ഞുനീങ്ങി. ഒരുദിവസം എനിക്കൊരു കത്തു കിട്ടി. അവളുടെ അച്ഛന്റേതായിരുന്നു. പൊട്ടിച്ചുവായിച്ചു. എഴുത്തു കിട്ടിയാലുടൻ ഞാൻ അവളുടെ വീട്ടിലെത്തണമെന്നു്. അതു് ശൈലജയുടെ ആഗ്രഹമാണുപോലും. എനിക്കൊന്നും മനസ്സിലായില്ല. തല കറങ്ങുന്നപോലെ തോന്നി. ഞാൻ വീണ്ടും വീണ്ടും ആ കത്തു വായിച്ചു. അതെ, ഞാൻ ചെല്ലുന്നതു്ത്രു.

അന്നുതന്നെ ഞാൻ അവളുടെ വീട്ടിലെത്തി. അവൾ രോഗശയ്യയിലാണു്. അവളുടെ അച്ഛനും അമ്മയും ഡോക്ടറുമെല്ലാം അടുത്തുണ്ടു്. പക്ഷെ, അവൾക്കു അവരെ ആരെയും കാണണ്ട. എന്നെ മാത്രം കാണണമെന്നു്.

അവൾ വീട്ടിലെത്തി ഒരാഴ്ച കഴിയുന്നതിനു മുമ്പുതന്നെ രോഗം തുടങ്ങിയതാണു്. രോഗമെന്താണെന്നു് ഡോക്ടർക്കും നല്ല നിശ്ചയമില്ലായിരുന്നു. എന്നിട്ടും അദ്ദേഹം ചികിത്സിച്ചു.

ഞാൻ ആ കട്ടിലിൽ ഇരുന്നുകൊണ്ടു് അവളുടെ മുഖം സൂക്ഷിച്ചുനോക്കി. നല്ല വണ്ണം വാടിയിട്ടുണ്ടു് രക്തപ്രസാദം അശേഷമില്ല. കണ്ണുകൾ അടച്ചു് ഉറങ്ങുക

യാണ്. ആ ചുണ്ടുകൾ എന്തോ മന്ത്രിക്കുന്നുണ്ട്.

ഞാൻ വിളിച്ചു: "എന്റെ ശൈലജേ" പക്ഷെ, ആ ശബ്ദം പുറത്തു വന്നില്ല. എന്റെ അന്തരാളത്തിൽ അതു മുഴങ്ങുകയായിരുന്നു. ഞാൻ ഒന്നുകൂടി വിളിച്ചു: "ശൈലജേ!"

ആ വിളി അവൾ കേട്ടുകാണും. അവൾ മെല്ലെ കൺപോളകൾ വിടർത്തിയൊന്നു നോക്കി. ആ മുഖം വികസിച്ചു. കവിൾത്തടങ്ങൾ തുടുത്തു. കണ്ണുകൾ സജീവങ്ങളായി.

അവൾക്കെന്തോ പറയണമെന്നുണ്ട്. പക്ഷെ, ഒന്നും പുറത്തുവരുന്നില്ല. അവൾ എന്റെ മുഖത്തുതന്നെ ദൃഷ്ടിയെടുക്കാതെ നോക്കിക്കൊണ്ടു കിടന്നു. ആ ചുണ്ടുകൾ വീണ്ടും മന്ത്രിച്ചു. ഞാൻ അതിന്റെ ചലനത്തെ സൂക്ഷിച്ചു. അവൾ വീണ്ടുംവീണ്ടും മന്ത്രിച്ചു.

എനിക്കു മനസ്സിലായി, അവൾക്കു പറയുവാനുള്ളതെന്താണെന്ന്. അതൊരു ചോദ്യമാണ്. അവളെന്നോട്ട് അവസാനമായി ചോദിച്ച ആ ചോദ്യം; "എന്നെ മറക്കുമോ"യെന്ന്.

ആ ചുണ്ടുകൾ മന്ത്രിച്ചുകൊണ്ടിരുന്നു.

എന്റെ കണ്ണുകൾ നിറഞ്ഞു. തൊണ്ടയിലെന്തോ തടഞ്ഞതുപോലൊരു തോന്നൽ. ഞാൻ പറഞ്ഞു: "ഇല്ല ശൈലജേ ഒരിക്കലുമില്ല."

ആ പറഞ്ഞതിന്റെ അർത്ഥം അവിടെ കൂടിനിന്ന ആർക്കും മനസ്സിലായില്ല. പക്ഷെ, അവൾക്കുമാത്രം മനസ്സിലായി!

അങ്ങിനെ ആ ചോദ്യം ഈ ലോകത്തിലേക്കു എറിഞ്ഞിട്ട് അവൾ അന്ത്യശ്വാസം വലിച്ചു. അവളുടെ മൃതദേഹത്തെ ചിതയിലേക്കെടുത്തപ്പോൾ ആയിരമായിരം കണ്ണുകൾ കണ്ണുനീർ വാർക്കുന്നുണ്ടായിരുന്നു.

ഞാനവളുടെ കിടക്കയിലേക്കു നോക്കി. ചുളുക്കുകൾ വീണ് കിടക്കുകയാണ്. അത് തട്ടിക്കുടയാറില്ല. അവൾ അതിൽ തന്നെയായിരുന്നു എന്നും കിടന്നതു്.

ഞാനതിനെ തട്ടി കുടഞ്ഞു മാററിവെച്ചു. അവളുടെ തലയണയെടുത്തപ്പോൾ അടിയിൽ ഉണങ്ങിവരണ്ട ഒരു റോസാപ്പൂവ് ആർക്കോവേണ്ടി കാത്തിരിപ്പുണ്ടായിരുന്നു. ഞാനതിനെ കൈയിലെടുത്തു. അതു ഞാൻ അവൾക്ക്, അവളറിയാതെ അവസാനമായി സമ്മാനിച്ചതാണ്; ആ റോസാപ്പൂവ്.

ഞാൻ ആ പൂവുമായി അവളുടെ ചിതയിലേക്കു നടന്നു. അതു് അവൾക്കുള്ളതാണ്. അതിനെ അവൾക്കുതന്നെ കൊടുക്കണം. കത്തിയെരിയുന്ന ചിതയിൽ ആ പൂവിനെ അർപ്പിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: "ഇല്ല, ശൈലജേ, നി...ന്നെ ഞാനൊ...രി...ക്കലും... മറ... ക്കു...കി ...ല്ല...."

അങ്ങിനെ, അവൾ മൺമറഞ്ഞിട്ട് ഇന്നു ഒരു വർഷം തികയുകയാണ്. എന്റെ ജീവിതത്തിൽ മറക്കുവാൻ സാദ്ധ്യമല്ലാത്ത ഒരേ ഒരു സംഭവം!

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# കണ്ണിമാങ്ങാ

*M. Sugathan—I U. C.*

ആ നില്ക്കും മാമരത്തിൽ
മേലത്തെ കൊമ്പുതന്നിൽ
ആനന്ദം പൂണ്ടുനിന്നു
ഞാൻ കണ്ട കണ്ണിമാങ്ങാ.

പാട്ടുകൾ പാടിയാടി
പൂമൊട്ടു കൂട്ടിവാരാൻ
പിഞ്ചുകിടാങ്ങളന്നാ-
മാഞ്ചോട്ടിൽ കൂടിവന്നു.

മേലത്തെ കൊമ്പുതന്നിൽ
ഞാൻ കണ്ട കണ്ണിമാങ്ങാ
താഴത്തെ പൊന്നിലയാൽ
ഞാനന്നും കട്ടുവച്ചു.

മാടത്തക്കൂട്ടു കെട്ടാൻ
ചേലൊത്ത ചുള്ളിയേന്തി
മാങ്കൊമ്പിൽ കൂടിയപ്പോൾ
ഞാനന്നും കല്ലെറിഞ്ഞു.

കാറെങ്ങും കണ്ടുപോയാൽ
കാറ്റെറങ്ങാൻ വന്നുപോയാൽ
ഞാനിപ്രപഞ്ചമോടാ-
യന്നും കൈയ്ക്കൂപ്പി നിന്നു.

മഞ്ഞത്തിലും വെയിലിൽ
നെഞ്ചിൽ പൊൽപ്പൂക്കൾ ചൂടി
കുഞ്ഞിളം കാറ്റു പുൽകി
മാഞ്ചോട്ടിൽ ഞാനിരുന്നു.

എന്നാശ പൊങ്ങിവന്നു
ഞാൻ കണ്ട കണ്ണിമാങ്ങാ
പൊന്നിൽക്കുളിച്ചുവന്നു
എന്നിൽക്കുളിരു വന്നു.

ഞാൻ കണ്ട കണ്ണിമാങ്ങാ
പൊന്നിൽക്കുളിച്ച നാളിൽ
പൊന്നാരപ്പൈങ്കിളികൾ
കിന്നാരം ചൊല്ലിവന്നു.

പൊന്നാരപ്പൈങ്കിളിയും
ഞാനുമായ് മല്ലിടുന്നു
പൊന്നിൽക്കുളിച്ച മാങ്ങാ
കണ്ണീർ ചൊരിഞ്ഞിടുന്നു.

ഞെട്ടറ്റുവീണുപോയാൽ
പൊട്ടിത്തെറിച്ചുപോയാൽ
പൊന്നിൽക്കുളിച്ച മാങ്ങാ
യ്ക്കയ്യോ! ഞാൻ പാപിയല്ലേ?

ഞാൻ കാത്തു കാത്തു വച്ച
പൊന്നോമൽ കണ്ണിമാങ്ങാ
ഞാൻ നില്ക്കെത്തന്നെയാണാ-
പൈങ്കിളിയ്ക്കാശ നല്കി.

നീട്ടിയോരെന്റെ കൈയ്കൾ
ഞെട്ടിലെയ്ക്കെത്തിയില്ല
മീട്ടിയ വീണ ഞെട്ടി-
പൊട്ടിപ്പോയൊട്ടുമില്ല.

*　　*　　*　　*　　*

ഒന്നുണ്ടെൻ കൂട്ടുകാരേ,
ഞാൻ കണ്ട കണ്ണിമാങ്ങാ
പൊന്നാരപ്പൈങ്കിളിയ്ക്കാ-
യെന്നേയ്ക്കും ഞാൻ ത്യജിക്കാം.

രമ്യമാം വസ്തുവേതോ
കാമ്യമാണെന്നുമാക്കും
കർമ്മമെന്നോർത്തു കാലം
വിമ്മി ഞാൻ തള്ളിനീക്കാം.

യാണ്. ആ ചുണ്ടുകൾ എന്തോ മന്ത്രിക്കുന്നുമുണ്ട്.

ഞാൻ വിളിച്ചു: "എന്റെ ശൈലജേ" പക്ഷെ, ആ ശബ്ദം പുറത്തു വന്നില്ല. എന്റെ അന്തരാളത്തിൽ അതു മുഴങ്ങുകയായിരുന്നു. ഞാൻ ഒന്നുകൂടി വിളിച്ചു: "ശൈലജേ!"

ആ വിളി അവൾ കേട്ടുകാണും. അവൾ മെല്ലെ കൺപോളകൾ വിടർത്തിയൊന്നു നോക്കി. ആ മുഖം വികസിച്ചു. കവിൾത്തടങ്ങൾ തുടുത്തു. കണ്ണുകൾ സജീവങ്ങളായി.

അവൾക്കെന്തോ പറയണമെന്നുണ്ട്. പക്ഷെ, ഒന്നും പുറത്തുവരുന്നില്ല. അവൾ എന്റെ മുഖത്തുതന്നെ ദൃഷ്ടിയെടുക്കാതെ നോക്കിക്കൊണ്ടു കിടന്നു. ആ ചുണ്ടുകൾ വീണ്ടും മന്ത്രിച്ചു. ഞാൻ അതിന്റെ ചലനത്തെ സൂക്ഷിച്ചു. അവൾ വീണ്ടും വീണ്ടും മന്ത്രിച്ചു.

എനിക്കു മനസ്സിലായി, അവൾക്കു പറയുവാനുള്ളതെന്താണെന്ന്. അതൊരു ചോദ്യമാണ്. അവളെന്നോടു അവസാനമായി ചോദിച്ച ആ ചോദ്യം; "എന്നെ മറക്കുമോ"യെന്ന്.

ആ ചുണ്ടുകൾ മന്ത്രിച്ചുകൊണ്ടിരുന്നു.

എന്റെ കണ്ണുകൾ നിറഞ്ഞു. തൊണ്ടയിലെന്തോ തടഞ്ഞതുപോലൊരു തോന്നൽ. ഞാൻ പറഞ്ഞു: "ഇല്ല ശൈലജേ ഒരിക്കലുമില്ല."

ആ പറഞ്ഞതിന്റെ അർത്ഥം അവിടെ കൂടിനിന്ന ആർക്കും മനസ്സിലായില്ല. പക്ഷെ, അവൾക്കുമാത്രം മനസ്സിലായി!

അങ്ങിനെ ആ ചോദ്യം ഈ ലോകത്തിലേക്കു എറിഞ്ഞിട്ട് അവൾ അന്ത്യശ്വാസം വലിച്ചു. അവളുടെ മൃതദേഹത്തെ ചിതയിലേക്കെടുത്തപ്പോൾ ആയിരമായിരം കണ്ണുകൾ കണ്ണുനീർ വാർക്കുന്നുണ്ടായിരുന്നു.

ഞാനവളുടെ കിടക്കയിലേക്കു നോക്കി. ചുളുക്കുകൾ വീണ് കിടക്കുകയാണ്. അതു് തട്ടിക്കുടയാറില്ല. അവൾ അതിൽ തന്നെയായിരുന്നു എന്നും കിടന്നതു്.

ഞാനതിനെ തട്ടി കുടഞ്ഞു മാററിവെച്ചു. അവളുടെ തലയണയെടുത്തപ്പോൾ അടിയിൽ ഉണങ്ങിവരണ്ട ഒരു റോസാപ്പൂവ് ആർക്കോവേണ്ടി കാത്തിരിപ്പുണ്ടായിരുന്നു. ഞാനതിനെ കൈയിലെടുത്തു. അതു ഞാൻ അവൾക്ക്, അവളറിയാതെ അവസാനമായി സമ്മാനിച്ചതാണ്; ആ റോസാപ്പൂവ്.

ഞാൻ ആ പൂവുമായി അവളുടെ ചിതയിലേക്കു നടന്നു. അതു് അവൾക്കുള്ളതാണ്. അതിനെ അവൾക്കുതന്നെ കൊടുക്കണം. കത്തിയെരിയുന്ന ചിതയിൽ ആ പൂവിനെ അർപ്പിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: "ഇല്ല, ശൈലജേ, നി...ന്നെ ഞാനൊ...രി...ക്കലും... മറ... ക്കു...കി...ല്ലാ..."

അങ്ങിനെ, അവൾ മൺമറഞ്ഞിട്ട് ഇന്നു ഒരു വർഷം തികയുകയാണ്. എന്റെ ജീവിതത്തിൽ മറക്കുവാൻ സാദ്ധ്യമല്ലാത്ത ഒരേ ഒരു സംഭവം!

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# കണ്ണിമാങ്ങാ

M. Sugathan—I U. C.

ആ നില്ക്കും മാമരത്തിൽ
മേലത്തെ കൊമ്പുതന്നിൽ
ആനന്ദം പൂണ്ടുനിന്നു
ഞാൻ കണ്ട കണ്ണിമാങ്ങാ.

പാട്ടുകൾ പാടിയാടി
പൂമൊട്ടു കൂട്ടിവാരാൻ
പിഞ്ചുകിടാങ്ങളന്നാ-
മാഞ്ചോട്ടിൽ കൂടിവന്നു.

മേലത്തെ കൊമ്പുതന്നിൽ
ഞാൻ കണ്ട കണ്ണിമാങ്ങാ
താഴത്തെ പൊന്നിലയാൽ
ഞാനന്നും കെട്ടുവച്ചു.

മാടത്തക്കൂട്ട കെട്ടാൻ
ചേലൊത്ത ചുള്ളിയേന്തി
മാങ്കൊമ്പിൽ കൂടിയപ്പോൾ
ഞാനന്നും കല്ലെറിഞ്ഞു.

കാറെങ്ങും കണ്ടുപോയാൽ
കാറ്റെങ്ങാൻ വന്നുപോയാൽ
ഞാനിപ്രപഞ്ചമോടാ-
യന്നും കൈയ്ക്കൂപ്പി നിന്നു.

മഞ്ഞത്തിളം വെയിലിൽ
നെഞ്ചിൽ പൊൽപ്പൂക്കൾ ചൂടി
കുഞ്ഞിളം കാറ്റു പുൽകി
മാഞ്ചോട്ടിൽ ഞാനിരുന്നു.

എന്നാശ പൊങ്ങിവന്നു
ഞാൻ കണ്ട കണ്ണിമാങ്ങാ
പൊന്നിൽക്കുളിച്ചുവന്നു
എന്നിൽക്കുളിരു വന്നു.

ഞാൻ കണ്ട കണ്ണിമാങ്ങാ
പൊന്നിൽക്കുളിച്ച നാളിൽ
പൊന്നാരപ്പൈങ്കിളികൾ
കിന്നാരം ചൊല്ലിവന്നു.

പൊന്നാരപ്പൈങ്കിളിയും
ഞാനുമായ് മല്ലിട്ടുന്നു
പൊന്നിൽക്കുളിച്ച മാങ്ങാ
കണ്ണീർ ചൊരിഞ്ഞിട്ടുന്നു.

ഞെട്ടറ്റുവീണുപോയാൽ
പൊട്ടിത്തെറിച്ചുപോയാൽ
പൊന്നിൽക്കുളിച്ച മാങ്ങാ
യ്യയ്യോ! ഞാൻ പാപിയല്ലേ?

ഞാൻ കാത്തു കാത്തു വച്ചു
പൊന്നോമൽ കണ്ണിമാങ്ങാ
ഞാൻ നില്ക്കെത്തന്നെയാണാ-
പൈങ്കിളിയ്ക്കാശ നല്കി.

നീട്ടിയോരെന്റെ കൈയ്കൾ
ഞെട്ടിലേയ്ക്കെത്തിയില്ല
മീട്ടിയ വീണ ഞെട്ടി-
പൊട്ടിപ്പോയൊട്ടുമില്ല.

* * * * *

ഒന്നുണ്ടെൻ കൂട്ടുകാരേ,
ഞാൻ കണ്ട കണ്ണിമാങ്ങാ
പൊന്നാരപ്പൈങ്കിളിയ്ക്കാ-
യെന്നേയ്ക്കും ഞാൻ ത്യജിക്കാം.

രമ്യമാം വസ്തുവേതോ
കാമ്യമാണെന്നുമാർക്കും
കർമ്മമെന്നോർത്തു കാലം
വിമ്മി ഞാൻ തള്ളിനീക്കാം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



TENNIS CLUB 1955 - '56

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



MEMBERS OF THE SODALITY (1955 — '56)

# കേരളസംസ്കാരം*

*V. Krishnan Nair—I U. C.*

"ഇക്കാറിൻ നിര ചൂടിടും മലയിലും
തത്സാനുവിൽസ്സാന്ദ്രമായ്
മുക്കാലും ദളിതേന്ദ്രനീലനിറമായ്-
ക്കാണും വനം തന്നിലും"

എന്ന വരികളിലൂടെ കേരളത്തിന്റെ ഉൾക്കാമ്പിനെ കിഴക്കൻമലകളുടെനേർക്ക് ദണ്ഡനമസ്കാരം ചെയ്യിക്കുന്നു ഒരു കേരള കവി. കേരളീയരുടെ അകളങ്കിതമായ "ചിന്മയകലാസംസ്കാര"മാണ് അവയിൽ പ്രതിബിംബിക്കുന്നത്. മലകളോടും മഴക്കാറിനോടും മഹാവനങ്ങളോടും നമുക്കുള്ള നൈസർഗ്ഗികമായ ഈ പ്രതിപത്തി കടലുകടന്നുവന്ന പാശ്ചാത്യസംസ്കാരത്തിന്റെ പ്രചാരത്തിനുശേഷമാണ് മങ്ങിത്തുടങ്ങിയതെന്ന് എനിക്കു തോന്നുന്നു. അന്നുമുതല്ക്കാണ് ആത്മീയാനുഭൂതികൾക്കുവേണ്ടി നാം പടിഞ്ഞാട്ടു നോക്കിത്തുടങ്ങിയത്. സമുദ്രത്തിന്റെ വിശാലതയും നീലിമയും തരംഗപരമ്പരകളുടെ താളവും തരളതയും, ചരമസന്ധ്യയുടെ കദനം തുളുമ്പുന്ന കനകരശ്മികളും ഒന്നും അതിനുമുമ്പു നമ്മെ അത്രയൊന്നും ആകർഷിച്ചിട്ടില്ല. അതിൽ അത്ഭുതപ്പെടാനില്ല. എന്തെന്നാൽ കടലിന്റെ മടിയിൽ കിടന്നിട്ടും നമ്മുടെ മാതൃഭൂമി മലനാടാണ്, അവിടത്തെ ഭാഷ മലയാളവും. ഭാർഗ്ഗവരാമൻ കടലിനടിയിൽ നിന്നു മഴുവെറിഞ്ഞു വീണ്ടെടുത്തതാണ് അത് എന്ന് ഐതിഹ്യം ഘോഷിക്കുന്നു. ഏതായാലും കേരളീയർക്ക് സമുദ്രത്തോടും മലയോടും വേണ്ടത്ര കടപ്പാടുണ്ട്.

കേരളത്തിന്റെ പശ്ചിമഭാഗത്ത് ചക്രവാളരേഖയോളം ഒരേ മട്ടിൽ കണ്ണിനു തടവില്ലാതെ പരന്നുകിടക്കുന്ന ആ വിജനത—സമുദ്രം—നീണ്ടുനിവർന്നു ശയിക്കുന്നു. സമുദ്രത്തെ ചുംബിക്കുന്ന സായഹ്നാകാശം കേരളത്തിന്റെ ഭൂപടം തന്റെ വലിയ ക്യാൻവാസിൽ രേഖപ്പെടുത്തുന്നു. പൂർവ്വദിശയിൽ ഗിരിനിരകൾ. അവ ആകാശത്തിന്റെ നേർക്കു തലയുയർത്തി നില്ക്കുന്നു. അനുകമ്പയെ അർത്ഥിച്ചുകൊണ്ടല്ല ആത്മാഭിമാനവും മനക്കരുത്തും ജ്വലിപ്പിച്ചുകൊണ്ടാണ് അവയുടെ നില്പ്. തളർച്ചയും തരളതയുമല്ല അടിയുറപ്പും ഉന്മേഷവുമാണ് അവയിൽ നമ്മുടെ ആത്മാവു ദർശിക്കുന്നത്. കൊടുമുടികളുടെ വടിവിനും ചിത്രകാരന്മാർ പറയുന്ന തരത്തിലുള്ള ഒരു താളമുണ്ട്. പക്ഷെ അതു വീമദ്ദളത്തിന്റെ താളംപോലെ അപ്രമേയമായ ഒരു ഗാംഭീര്യം—അപ്രമേയതയുടെ ഗാംഭീര്യം—കലർന്നതാകുന്നു. ഉദയരശ്മികൾ തട്ടിത്തിളങ്ങുന്ന വിദ്രുമപർവ്വതങ്ങൾ പോലെ ഉന്മേഷകരമായ ഒരു കാഴ്ച പ്രകൃതിയിലില്ല. മഴക്കാറു പിടിക്കുന്ന കരിം തിരശ്ശീലയ്ക്കെതിരെ കാണപ്പെടുന്ന ഗിരിനിരകളുടെ "ഗംഭീരമായൊരു ഭാവവും ഭംഗിയും" നമ്മുടെ ആത്മാവിനെ ഭയത്തിന്റെ സീമകളോളം

* ഉപന്യാസമത്സരത്തിൽ സമ്മാനത്തിനു് അർഹമായതു്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

എത്തിയ്ക്കുവാൻ കഴിവുള്ളതാക്കണം. വാസ്തവത്തിൽ മലയും കടലും ആത്മീയജീവിതത്തിന്റെയും സൌന്ദര്യദർശനത്തിന്റെയും പരസ്പരഭിന്നങ്ങളായ രണ്ടു ഭാവങ്ങളുടെ ചിഹ്നങ്ങളാകുന്നു. "മരതക മേചക മേഘ ശേഖര"ങ്ങളായ കിഴക്കൻ മലകൾ പ്രപഞ്ചവീക്ഷണത്തിനുള്ള സൌകര്യങ്ങളെ ഉപഗ്രഹനം ചെയ്തുകൊണ്ടു് നമ്മെ മാടിവിളിക്കുന്നുണ്ടു്. പക്ഷെ ആയാസപ്പെടാതെ അവിടെ ചെന്നെത്തുവാൻ സാധ്യമല്ല. മലയജത്തെ തൊട്ടറിയാക്കുന്ന മലയാളികളുടെ നാടാണിതു്. ഉദയഗിരി ചുവക്കുന്നതും ഭാനുബിംബം വിളങ്ങുന്നതും കണ്ടുകൊണ്ടാണു് നമ്മുടെ ചേതന ഉണരുന്നതു്. മലനാടിന്റെ സാമ്രാജ്യം മഹോന്നത പൌരുഷങ്ങളായ മലനിരകളുടെ മഹിമാപ്രഭാവത്താൽ നിറയുമാറാകട്ടെ! കുളിരും ക്രൂരിരുളും സഹിച്ചു ക്രമ്പിയ ചെന്താമരയ്ക്കു കിഴക്കൻമലകളുടെ നെററിത്തടത്തിൽ രക്തചന്ദനം പുരട്ടിയെത്തുന്ന പുലരിയെന്ന പോലെ പുതിയൊരൈക്യകേരളത്തിന്റെ പിറവിയെ ഉട്ടക്കുന്ന ഈ അസുലഭ കാലഘട്ടത്തെ അതിന്റെ എല്ലാ വേദനകളോടെയും നാമ്പിടുന്ന പുതിയൊരൈക്യശക്തിയുടെ എല്ലാ മേന്മകളോടെയും നമുക്കു എതിരേല്ക്കാം.

നമുക്കെല്ലാം പിറവിതന്ന ഈ നാടിന്റെ സംസ്കാരചിത്രം അത്രയേറെ തിളക്കമുള്ളതാണു്. ഭാരതത്തിന്റെ പൂങ്കാവായ കേരളത്തെപ്പററി വിവരിക്കേണ്ട ആവശ്യമില്ല.

ഉണ്ടോ? കേരളത്തിനു ഒരു സംസ്കാരം തന്നെയുണ്ടോ? ഉണ്ടെങ്കിൽ അവ എന്താണു്? ഇവ നാം ചിന്തിക്കേണ്ടതാണു്. യുക്തിയുടെ ടോർച്ചുലൈററു് ഇരുളടഞ്ഞ കേരളത്തിന്റെ കഴിഞ്ഞകാല ചരിത്രങ്ങളിലേയ്ക്കു് അടിക്കുക. ആ തെളിഞ്ഞ പ്രകാശത്തിൽ നമുക്കു കല്ലും നെല്ലും തിരിക്കാം.

മക്കൾക്കു വഴി തെളിയ്ക്കുവാൻ മാതൃഭൂമി കൊളുത്തിപ്പിടിയ്ക്കുന്ന കണ്ണുപന്തത്തിൽ നമ്മുടെ ചിതലുതിന്ന വാദാലകൾ എറ്റത്തിടുക. അവ കത്തട്ടെ. ഒരു നഷ്ടവും വരാനില്ല. വരുന്ന തലമുറയ്ക്കു കാൽ തടയാതിരിക്കട്ടെ. അവക്കു കടന്നു വരുവാനുള്ള വഴി നാം വൃത്തിയാക്കുക.

വളരുന്ന കേരളത്തിന്റെ വീരസന്തതികൾ ഈ ഭൂലോകത്തിന്റെ ഭിന്നഭിന്ന മൂലകളിലായി ചിതറി കിടക്കുകയാണു്; കണ്ണുകളിൽ കണ്ണീതവും, കൈയ്കാലുകളിൽ കഴിനഖങ്ങളുമായി. അവർ തങ്ങളുടെ ഈ വളൻ വികസിക്കുന്ന മാതൃഭൂമിയെപ്പററി ഓർക്കുന്നുണ്ടാവുമോ? ആവോ? !

ചുട്ടിയും ചായവുംകൊണ്ടു് മുഴവനും മൂടിയ മുഖങ്ങളും അവയുടെ നിറപ്പകിട്ടുകൾക്കിടയിലെവിടെയോ കുന്നിക്കുരുപോലെ ചെറുതായി ചലിക്കുന്ന നേത്രഗോളങ്ങളുംകൊണ്ടു് വെറുമൊരു വെളിച്ചെണ്ണവിളക്കിന്റെ മുമ്പിൽ, പശ്ചാത്തലങ്ങളോ രംഗവിധാനങ്ങളോ യാതൊന്നുംകൂടാതെ, സ്വയം സൃഷ്ടവും പൂർവ്വനിർദ്ദിഷ്ടവുമായ നിരവധി നിർബ്ബന്ധങ്ങളുടെ നടുവിൽ, അംഗവിന്യാസങ്ങളെ സംഗീതത്തിന്റെ ഗതിഭേദങ്ങളോടു് അപ്രമേയമായ ഏതോ രീതിയിൽ ലയിപ്പിച്ചു് മൂകമായി നിന്നുകൊണ്ടു് ഏഴുരണ്ടു ലോകങ്ങളേയും, യക്ഷകിന്നരരക്ഷോഗണങ്ങളേയും, വീരനും ഭീരുവും വികാരപരവശനുമായ മനുഷ്യന്റെ ഉള്ളിൽ നടക്കുന്ന ഗംഭീരസംഭവങ്ങളുടെയും ഗൂഢമായ അഭിനയശക്തിയുടെ തീക്ഷ്ണത ഒന്നുകൊണ്ടു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

മാത്രം കൺമുമ്പിലെന്നപോലെ കാണിച്ചുതരുന്ന ഒരത്ഭുതകലാസൃഷ്ടി നമുക്കു തനതായിട്ടുണ്ട്. അതാണ് കഥകളി. ഇടക്കാലത്തു നാടകവും സിനിമയുംകൂടി അതിന്റെ പ്രചാരത്തെ മിക്കവാറും പൂർണ്ണമായിഗ്രസിച്ചുകളഞ്ഞു. ഇവയിൽ സിനിമ തികച്ചും ഒരു പരദേശച്ചരക്കാണ്. കേരളത്തിനു സ്വന്തമായ ഒരു സിനിമാവ്യവസായമില്ലെങ്കിലും ഈ യാന്ത്രികകല ജനസാമാന്യത്തെ എന്തെന്നില്ലാതെ വശീകരിച്ചിട്ടുണ്ട്. ഇതു നമ്മുടെ നാട്ടിൽ മാത്രമല്ല ലോകമൊട്ടാകെ കാണാവുന്ന ഒരു അവസ്ഥാവിശേഷമാകുന്നു. ഒരു കാലത്തും ഒരു ദൃശ്യകലയ്ക്കും ഇത്ര വമ്പിച്ച പ്രചാരം ലഭിച്ചിട്ടില്ല. ഈ നീശാമദ്ധ്യത്തിന് ഇത്ര ഭയങ്കരമായ ചെലവുണ്ടെങ്കിലും ഒരു രാജ്യത്തും അതിനു യഥാർത്ഥമായ കലാസ്വാദത്തെ വേണ്ടപോലെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു പരമാർത്ഥമാകുന്നു. "വെള്ളിത്തിരയിൽ മിന്നിത്തിളങ്ങുന്ന" വെറും നിഴലുകളെക്കാൾ സജീവമായ അഭിനയത്തെ ഇഷ്ടപ്പെടുന്ന ഒരു ജനവിഭാഗം എല്ലാ രാജ്യങ്ങളിലുമുണ്ട്. സിനിമയുടെ നാടായ അമേരിക്കയിൽപ്പോലും നാടകം നശിച്ചിട്ടില്ല. ഇംഗ്ലണ്ടിൽ ഇന്നും നാടകത്തിനാണ് മേന്മ. ഷേക്സ്പീയറെ ജനിപ്പിച്ച ആ നാടിനു തന്റെ കലാവാസനയെ തിരിച്ചറിയാനുള്ള വിവേകമുണ്ട്. കഥകളി പ്രയാസമേറിയ ഒരു കലയാണെന്നും അതു കണ്ടു രസിയ്ക്കുന്നതിനു പ്രത്യേക വ്യുൽപത്തി ആവശ്യമാണെന്നുമുള്ള ആക്ഷേപങ്ങൾ ഉണ്ടായേയ്ക്കാം. ഉത്തുംഗമായ കലയുടെ ആസ്വാദനം എപ്പോഴും ശ്രമസാദ്ധ്യമാകുന്നു. നല്ല സാഹിത്യവും, നല്ല ചിത്രമെഴുത്തും, നല്ല സംഗീതവും അതാതു ശാഖകളിൽ പാണ്ഡിത്യം നേടിയവർക്കേ ശരിയായി ആസ്വദിയ്ക്കാൻ സാധിക്കയുള്ളു. അതുകൊണ്ട് ഈ ഒരു കാരണത്താൽകഥകളി തീർച്ചയായും നമുക്കു വർജ്ജ്യമല്ല.

ഈ "ഊമയാട്ട"മാണ് ലോകത്തിന്റെ ശാശ്വതസമ്പാദ്യത്തിലേയ്ക്കു കേരളം നല്കിയ ഏക സംഭാവന. നമ്മുടെ പൂർവ്വപരാക്രമങ്ങളും നാമൊഴുക്കിയ നിണപ്പുഴകളും കാലമാകുന്ന മലവെള്ളത്തിൽ ഒഴുകിപ്പോയി. ബാഹ്യലോകം അവയെപ്പററി കേട്ടിട്ടുപോലുമില്ല. അവയെക്കാൾ എത്രയോ വലിയ നിണപ്പുഴകൾ മററു രാജ്യക്കാർ ഒഴുക്കിയിട്ടുണ്ട്; ഒഴുക്കുന്നുണ്ട്. നമുക്കൊരു പ്രത്യേക ഭാഷയുണ്ടെന്നും അതിന്നൊരു സാഹിത്യമുണ്ടെന്നും ഭാരതത്തിൽത്തന്നെ എത്രപേർക്കറിയാം? ശ്രീശങ്കരൻ എങ്ങിനെയോ തെററുപററി ഇന്നാട്ടിൽ ജനിച്ചുപോയി. ഇന്നുവരെ കേരളത്തിന്റെ പെരുമ ഇരുപതാം നൂററാണ്ടിലും മരുമക്കത്തായം വെച്ചുപോറുന്ന ഒരു അപരിഷ്കൃതരാജ്യമെന്നുള്ളതു മാത്രമായിരുന്നു. ഭൂതകാലത്തിന്റെ പീഠഭൂമിയിൽ ചരിത്രം പണിചെയ്യുന്ന മനുഷ്യരാശിയുടെ യശസ്തംഭത്തിൽ ഒരു കല്ലെങ്കിലും വെയ്ക്കുവാൻ നമുക്കവകാശം നല്കിയതു കഥകളിയാകുന്നു. ആ അത്ഭുതകലയെ പുലർത്തേണ്ട കടമ നമുക്കുണ്ട്. ഐതിഹ്യങ്ങളുടെ മങ്ങിയ ചില്ലിലൂടെ നമുക്ക് അപ്പാടെമായി കാണുവാൻ കഴിയുന്ന കേരളകലയുടെ ആ സുവർണ്ണകാലം തിരിച്ചു വരുമോ?

നമ്മുടെ ഒരു പൂർവ്വസ്വത്താണ് നാടൻകലകൾ. ഒരിരുപതു കൊല്ലത്തിനു മുൻപുവരെ അങ്ങുമിങ്ങും വല്ലപ്പോഴുമെങ്കിലും ചില നാടൻകലകൾ കാണുവാൻ



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

സാധിയ്ക്കുമായിരുന്നു. അതിനു ശേഷമാണ് അവ നിശ്ശേഷം മാഞ്ഞുപോയതു്. പടേണിയും, പന്തയവും, കാളകെട്ടും കോലംതുള്ളലും എല്ലാം ഇന്നു വെറും സ്മരണകൾ മാത്രമാണ്. ആധുനിക വിദ്യാഭ്യാസവും പരിഷ്കാരവും വളരെയൊന്നും പ്രചരിച്ചിട്ടില്ലാത്ത ഗ്രാമങ്ങളിൽപ്പോലും ഇങ്ങനെയാണ് കാണുന്നതു്. വൈചിത്ര്യത്തിനും വിനോദത്തിനും വേണ്ടിയുള്ള തൃഷ്ണയും അവയിലുള്ള ഉത്സാഹകൗതുകങ്ങളും തീരെ മാഞ്ഞുപോയി. മനുഷ്യന്റെ സാമൂഹ്യചേതനയുടെ അദൃശ്യങ്ങളായ അടിയൊഴുക്കുകളിൽ നിന്നാണ് അവ ജനിയ്ക്കുന്നതു്. അവയിൽനിന്നു പല കഥകളും നമുക്കു പഠിക്കാനുമുണ്ടു്. സ്വന്തം സംസ്കാരത്തിൽ അടിയുറയ്ക്കാത്ത ജീവിതം അധഃപതിയ്ക്കുന്നതിൽ എന്താണത്ഭുതം! ഈ ആപത്തിനെ തടയുവാൻവേണ്ടി ആധുനികകാലത്തു പല യത്നങ്ങളും ഭാരതത്തിൽ നടന്നിട്ടുണ്ടു്. ബംഗാളികളുടെ തീവ്രയത്നത്താൽ ഭാരതീയ ചിത്രകലയിൽ ഉണ്ടായിട്ടുള്ള പരിവർത്തനത്തിന്റെ പ്രാധാന്യം ഇതാകുന്നു. ഈ പുതിയ രീതി തങ്ങൾക്കു മനസ്സിലാകുന്നില്ലെന്നു പലരും പറയാറുണ്ടു്. ഈ പരാതിയ്ക്കു് അർത്ഥമില്ല. രവിവർമ്മയുടെ ചിത്രങ്ങൾക്കു പില്ക്കാലത്തുണ്ടായ അപകർഷത്തിനു മുഖ്യകാരണം അതിന്റെ അഭാവമാണ്. പാശ്ചാത്യമാതൃകകളുടെ അതിസമർത്ഥനായ ഒരു അനുകർത്താവെന്ന നില മാത്രമേ നിരൂപകന്മാർ അദ്ദേഹത്തിനിന്നു നല്കുന്നുള്ളു. അവരുടെ ദൃഷ്ടിയിൽ നമ്മുടെ അമ്പലങ്ങളിലെ ചുമർചിത്രങ്ങൾക്കു് അദ്ദേഹത്തിന്റെ കൃതികളെക്കാൾ എത്രയോ മടങ്ങു വിലയുണ്ടു്. ഈ ചുമർചിത്രങ്ങൾ നമ്മുടെ കണിയാന്മാർ വരയ്ക്കുന്ന പാളക്കോലങ്ങളുടെ പരിണതരൂപങ്ങളല്ലാതെ മറ്റെന്താണ്? നാമാവശേഷമായ അത്തരം നാടൻകലകളുടെ നേർവഴിയ്ക്കുപോയതുകൊണ്ടാണ് പ്രസ്തുത ചിത്രങ്ങൾ പ്രശംസാർഹങ്ങളായതു്. അതിലേതന്നെ ഇനിയും മുന്നോട്ടു പോവുകയാണെങ്കിൽ നമ്മുടെ ചിത്രകലയ്ക്കു ശോഭനമായ ഒരു ഭാവിയുണ്ടു്. ലോകത്തിന്റെ കലാസമ്പത്തിൽ കേരളത്തിന്റെ വ്യക്തിമുദ്ര പതിയ്ക്കുവാനും നമുക്കു സാധിക്കും. അജന്താ ഗുഹകളിലെ ലോകപ്രസിദ്ധങ്ങളായ ചിത്രങ്ങൾ എഴുതിയതു് കേരളീയരായ കലാകാരന്മാരാണെന്നു് ശ്രീമാൻ എ. ബാലകൃഷ്ണപിള്ള ഒരിക്കൽ എഴുതിയിരുന്നതോർക്കുന്നു. ഇതിൽ സത്യത്തിന്റെ ചെറിയ തരികളെങ്കിലും ഒളിഞ്ഞുകിടപ്പില്ലേ—?

പുരോഗമിക്കുന്ന ഒരു സമുദായത്തിന്റെ രുചിഭേദങ്ങൾ കലകളിൽ പ്രകടമാകുന്നു. ഒരു സമുദായത്തിന്റെ സൗന്ദര്യാഭിരുചി ഏററവും പ്രകടമാകുന്നതു് അതിലെ അംഗങ്ങളുടെ പ്രത്യേകിച്ചു സ്ത്രീകളുടെ വേഷഭൂഷാദികളിലാണെന്നു പറഞ്ഞാൽ അപകടമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ ശുഭ്രവും ലളിതവുമായ വസ്ത്രധാരണസമ്പ്രദായം, കേരളം സന്ദർശിച്ചിട്ടുള്ള എല്ലാ മഹാപുരുഷന്മാരുടെയും അഭിനന്ദനത്തെ അർഹിച്ചിട്ടുണ്ടു്. നാം ചാന്തിനെ അപേക്ഷിച്ചു ചന്ദനവും ലാക്ഷാരസത്തെഅപേക്ഷിച്ചു മൈലാഞ്ചിയും അണിയുന്നതിൽ ആസക്തിയുള്ളവരാണ്; അഥവാ ആയിരുന്നു. നമ്മുടെ ആളുകൾ അധികം ആദരിക്കുന്നതു പിച്ചിയുടേയും മുല്ലയുടേയും പൂക്കളേയും. ഉത്സവകാലത്തെ അലങ്കാരങ്ങൾ കുലവാഴയും, പൂങ്കുലയും മാവിലയും, കൊന്നപ്പൂവും മററുമത്രേ. നമ്മുടെ പഴയ നിലവിളക്കുകൾ എന്തൊരു ശാന്തിയും സൗന്ദര്യവുമാണ് ചിതറുന്നതു്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കടുംനിറമോ ഉഗ്രഗന്ധമോ ഉള്ള പൂക്കൾ നാം വളരെ ചുരുക്കമായേ ഉപയോഗി ക്കാറുള്ളു.

കേരളീയ സംസ്കാരത്തിന്റെ കറയററ മാതൃകകളായി കണക്കാക്കാവുന്നതു ബ്രാഹ്മണസമുദായത്തെയാണല്ലോ. അവരുടെ കലാഭിരുചിയിലും ജീവിതചര്യയിലും പ്രതിബിംബിയ്ക്കുന്ന ഭാവങ്ങൾ കേരളത്തിന്റെ സ്വന്തമായ സൗമ്യതയാണ്.

അങ്ങിനെ എന്റെ സ്മൃതിപഥത്തിലേയ്ക്ക് ഓടിവരുന്ന കേരവൃക്ഷങ്ങളും, ഓണനിലാവും കഥകളിയും, നിലവിളക്കും മലയാളമങ്കമാരും, ചെണ്ടയും ചേങ്ങലയും, മകരത്തിലെ മഞ്ഞും, കുളിർനീർതടാകവും, കൊച്ചാമ്പൽപ്പൂക്കളും... എല്ലാം എല്ലാം കേരളത്തിന്റേതാണ്. അവ ഓരോന്നും കേരളത്തിന്റെ പ്രതിരൂപം വഹിക്കുന്നു.

തുഞ്ചനും, കുഞ്ചനും, ഉണ്ണായിയും, കണ്ണശ്ശനും, ശങ്കരനും, വള്ളത്തോളും, ആശാനും, ഉള്ളൂരും, ചങ്ങമ്പുഴ ഇടപ്പള്ളിമാരും ജീവിച്ചിരുന്ന കേരളം സംസ്കാരത്തിന്റെ കാര്യത്തിൽ ദരിദ്രമാകവയ്യ.

എന്നാൽ ഇന്നത്തെ പോക്ക് അത്ര പന്തിയല്ല. പൊലിഞ്ഞുപോയ സംസ്കാരത്തിന്റെ ശ്മശാനഭൂമികളായി എത്രകാലം നാമിങ്ങനെ കഴിഞ്ഞുകൂട്ടമെന്നാരറിഞ്ഞു! ഈ തമോവലയത്തിൽനിന്ന് എന്നാണ് നമുക്ക മോചനം ലഭിയ്ക്കുന്നത്? നാം ഉറങ്ങുകയോ? കേരളീയരേ! ഉ ണ രു വി ൻ !

---

ഒരു നടൻ തന്റെ അഭിനയം കണ്ട് അഭിപ്രായം പറയണമെന്നു പറഞ്ഞ് ഒരു കലാകാരനെ, നിർബന്ധിച്ചു നാടകവേദിയ്ക്കു മുമ്പിൽ കൊണ്ടുവന്നിരുത്തി. കലാകാരനാകട്ടെ നാടകമാരംഭിച്ചതു മുതൽ ഉറങ്ങുകയാണു ചെയ്തതു്. നാടകം അവസാനിച്ചതും നടൻ കുപിതനായി കലാകാരനെ സമീപിച്ച് ഇങ്ങനെ പറഞ്ഞു. "കഴിവും യോഗ്യതയുമുണ്ടെന്നു കരുതിയാണ് നിഷ്പക്ഷമായ അഭിപ്രായമറിയാൻ മോഹിച്ച് ഞാൻ നിങ്ങളെ ക്ഷണിച്ചുകൊണ്ടുവന്ന് ഇവിടെ ഇരുത്തിയതു്. സുഖമായിട്ടു ഉറങ്ങാനല്ല." കലാകാരൻ ക്ഷോഭിക്കാതെ മറുപടിപറഞ്ഞു. "ഉറക്കവും ഒരു തരം അഭിപ്രായപ്രകടനംതന്നെയല്ലേ!"

---



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# രണ്ടിടങ്ങഴി—ഒരാസ്വാദനം

*K. Paul—III B. A.*

ജീവിതത്തിന്റെ പ്രതിഫലനമോ, നിരൂപണമോ ആണു കല. ജീവിതത്തിലുണ്ടാകുന്ന തകർച്ചകളേയും ആ തകർച്ചകൾക്കു നിദാനമായ വസ്തുതകളേയും ആവിഷ്കരിക്കേണ്ടതു് കലാകാരന്റെ ധർമ്മമാണു്. ആ ധർമ്മത്തെ അനുഷ്ഠിക്കാത്ത കലാകാരൻ നിത്യജീവിതവുമായി ബന്ധപ്പെടാൻ ഇഷ്ടപ്പെടുന്നില്ല എന്നു മാത്രമേ അർത്ഥമാക്കേണ്ടതുള്ളു. തന്റെ ചുററുപാടും കാണുന്ന ജീവിതത്തെ, സ്വന്തം കൃതികളുടെ ഇതിവൃത്തമായി സ്വീകരിച്ചു് ആ ജീവിതത്തിൽ കാണുന്ന വൈരുദ്ധ്യങ്ങളുടേയും വൈകൃതങ്ങളുടേയും ഒരു നീണ്ട പട്ടിക സഹൃദയസമക്ഷം അവതരിപ്പിക്കുകയെന്നതാണു് കലാകാരന്റെ മഹനീയധർമ്മം. പരിസരത്തോടൊത്തു സ്പന്ദിക്കുന്നതിനും, പാവപ്പെട്ടവരുടെ ദുരിതങ്ങളിൽ അനുതപിക്കുന്നതിനും കലാകാരൻ തയ്യാറാവണം.

പുരാതന കലാകാരന്മാരിൽ ഏറിയ പങ്കും ആദർശപ്രിയന്മാരായിരുന്നു. ലോകത്തിൽ സാധാരണ കാണാത്തവരും ഏതു നിലയിലും പ്രത്യേകത ആർജ്ജിച്ചിരുന്നവരുമായ ഒരുതരം കഥാപാത്രങ്ങളെ സൃഷ്ടിച്ചു് അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുക എന്നതായിരുന്നു അവർ അനുവർത്തിച്ചിരുന്ന നയം. അലങ്കാരപ്രിയരും സുഖാനുഭോഗികളുമായ രാജാക്കന്മാരെ വാനോളം പാടിപ്പുകഴ്ത്തി അവരിൽനിന്നും സഹായ സംഭാവനകൾ സ്വീകരിക്കുക എന്നതിൽ കവിഞ്ഞു് വളരെയൊന്നും അവർ ആഗ്രഹിച്ചിരുന്നതായി തോന്നുന്നില്ല. എന്നാൽ കാലം പുരോഗമിച്ചതോടുകൂടി ഈ നില ഏതാണ്ടൊന്നു വ്യത്യാസപ്പെട്ടു എന്നുതന്നെ പറയാം. ജീവിതത്തിൽ നിന്നുതന്നെ ജനിച്ചു്, ജീവിതത്തിൽ വളർന്നു്, ജീവിതത്തിനുവേണ്ടി നിലകൊള്ളുന്ന സാഹിത്യം മനുഷ്യന്റെ സാമൂഹ്യവും സാമുദായികവുമായ ജീവിതത്തിന്റെ പ്രതിഫലനമായിരിക്കണമെന്ന ഒരു നവീന ചിന്താഗതി സാഹിത്യകാരന്മാരിൽ അങ്കുരിച്ചതോടുകൂടി സാഹിത്യചരിത്രത്തിൽ ഒരു കോളിളക്കം സഞ്ജാതമായി. അങ്ങനെ പരിതഃസ്ഥിതികളുടെ പ്രതിഫലനത്തിൽ കലാകാരന്മാർ അളവററ ശ്രദ്ധ പതിച്ചതോടുകൂടി, വിസ്തൃതമായ ലോകത്തിന്റെ ഇരുളടഞ്ഞ മൂലകളിൽ അവഹേളിക്കപ്പെട്ടു കിടന്നിരുന്ന ലക്ഷോപലക്ഷം ജീവിതങ്ങളും ചിത്രീകരിയ്ക്കപ്പെട്ടുതുടങ്ങി. ലോകം അന്നുവരെ അശ്രദ്ധ കാണിച്ച പല പല ദുരന്തജീവിതങ്ങളും സാഹിത്യകാരന്റെ തൂലികയിലൂടെ ലോകസമക്ഷം അവതരിയ്ക്കപ്പെട്ടു. അങ്ങനെയാണു പുരോഗമനസാഹിത്യം രൂപം പ്രാപിച്ചതു്. ഏതൊരു പ്രസ്ഥാനത്തിനും അതെത്രയും നല്ലതായാലും, ആരംഭത്തിൽ ചില പ്രതിബന്ധങ്ങൾ നേരിടേണ്ടതായി വരും. നൂററാണ്ടുകൾ പഠിപ്പിച്ച ഒരു ലോകതത്വമാണതു്. നല്ലതിനെ കൊള്ളാനും, ചീത്തയെ തള്ളാനും മനുഷ്യൻ തയാറാകാത്തിടത്തോളം ഈ സ്വഭാവഗതിനിലനില്ക്കുക തന്നെ ചെയ്യും. ലോകത്തിൽ നാനാതു

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

റകളിലും പരിവർത്തനത്തിന്റെ ഇരമ്പിക്കയററം ആരംഭിച്ചുകഴിഞ്ഞിരിക്കുന്ന ഇത്തരുണത്തിൽപ്പോലും. പഴയ ചില മാമൂലകളെ മുറുകെപ്പിടിച്ചുകൊണ്ടു ചുരുക്കം ചില യാഥാസ്ഥിതികരായ വ്യക്തികൾ പ്രതിബന്ധമായി നില്ക്കുവാൻ ഒരുമ്പെടുന്നുവെങ്കിൽ, അവരുടെ നിർബ്ബന്ധബുദ്ധിയെ ഓർത്തു വ്യസനിക്കുകയല്ലാതെ മറെറന്താണു ചെയ്യുക?

കുട്ടനാടൻ പറയരുടേയും, പുലരുടെയും, ജീവിതത്തെ ആധാരമാക്കി അനുഗൃഹീത സാഹിത്യകാരനായ ശ്രീ തകഴി രചിച്ചിട്ടുള്ള ഒരു നോവലാണു് 'രണ്ടിടങ്ങഴി'. അതിലെ കഥാപാത്രങ്ങൾ പുലയരും, പറയരും ആണു്. ഉദയംതൊട്ടു് അസ്തമയംവരെ തങ്ങളുടെ യജമാനന്മാക്കുവേണ്ടി എല്ലുനുറുങ്ങെ പണിയെടുത്തിരുന്ന അവരുടെ നെടുവീർപ്പുകളുടേയും കഷ്ടപ്പാടുകളുടേയും ഒരു സമാഹാരമാണു 'രണ്ടിടങ്ങഴി'. മേലാളരുടെ നിലവും പുരയിടങ്ങളും തങ്ങളുടേതായിത്തന്നെ കരുതി അവയ്ക്കുവേണ്ടി ആയുഷ്കാലം ആഹുതിചെയ്തിരുന്ന കുട്ടനാടൻ കൃഷിക്കാരുടെ ആത്മാർത്ഥതയെ പ്രശംസിക്കാതെ തരമില്ല. കഥാപാത്രങ്ങളുടെസൃഷ്ടിയിൽ തകഴി വേണ്ടതിൻവണ്ണം ശ്രദ്ധ ചെലുത്തിയിട്ടുമുണ്ടു്. അന്നു നിലവിലിരുന്ന യജമാനഭൃത്യബന്ധം എത്രയും ഹൃദയസ്പൃക്കാംവണ്ണം അദ്ദേഹം തുറന്നുകാട്ടിയിട്ടുണ്ടു്. പുവമാടത്തിൽ രൂപംകൊണ്ടിരുന്ന ഏതു സംരംഭങ്ങളിലും ഉടമസ്ഥന്റെ സഹായഹസ്തം പ്രത്യക്ഷമായിരുന്നു. അടിയന്തിരങ്ങളും വിവാഹങ്ങളും നടത്തുവാൻവേണ്ട ധനവും പ്രോത്സാഹനവും ഉടമസ്ഥൻ അവക്കു നല്കുവാൻ മടിച്ചിരുന്നില്ല. അതിനൊരു പ്രത്യുപകാരമെന്നോണം യജമാനന്റെ വസ്തുവകകൾക്കുവേണ്ടി ഭൃത്യരും ജീവിച്ചുവന്നിരുന്നു. അവനവന്റെ പാടങ്ങൾ നന്നായിരിക്കണമെന്നുള്ള ഓരോരുത്തന്റെയും അത്യാഗ്രഹത്തിന്റെ ഫലമായി ചില ചില്ലറ മത്സരങ്ങളും കുട്ടനാട്ടിൽ സഹജമായിരുന്നു. പ്രാരബ്ധങ്ങൾ നിറഞ്ഞ കൃഷിയിറക്കുകാലത്തിനുശേഷം വിളഞ്ഞുകിടന്നിരുന്ന നെൽപ്പാടങ്ങളുടെ വരമ്പിലൂടെ നടന്നു പോകുമ്പോൾ, അതുവരെ അനുഭവിച്ചിരുന്ന വേദനകൾ അവൻ മറക്കുകയായിരുന്നു പതിവു്. പൂത്തു കുലച്ചു നിന്നിരുന്ന ഓരോ നെൽക്കതിരും അവനെ നോക്കി പുഞ്ചിരിച്ചിരുന്നു. കുട്ടനാട്ടിലെ കൃഷിയിറക്കുകാലത്തെ ബദ്ധപ്പാടുകളെയും ആവേശത്തെയും ഇത്രമാത്രം തന്മയത്വത്തോടെ ചിത്രീകരിച്ചിട്ടുള്ള മറെറാരു കൃതി മലയാളത്തിലുണ്ടോ എന്നു സംശയമാണു്.

രണ്ടിടങ്ങഴിയിലെ കഥാപാത്രങ്ങൾ എന്നെന്നും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുകതന്നെ ചെയ്യും. ആത്മാർത്ഥതയുടേയും അഭിമാനത്തിന്റെയും തനിപ്പകർപ്പായ കോരനും, ത്യാഗത്തിന്റെ പ്രതിരൂപമായ ചാത്തനും, സ്നേഹത്തിന്റെ നിറകുടമായ ചിരുതയും മററും മററും തകഴിയുടെ ഉത്തമ പാത്രസൃഷ്ടികളാണു്. മായാത്ത വ്യക്തിത്വം അവരിൽ ദൃശ്യമാണുതാനും.

കാളിപ്പറയന്റെ ഔദ്ധത്യത്തിന്റെ മുമ്പിൽ തലകുനിക്കേണ്ടിവന്ന ചാത്തൻ, തന്റെ പരാജയത്തിനു ശേഷവും ത്യാഗസംപൂർണ്ണമായ ഒരു ജീവിതമാണത്രെ സ്വീകരിച്ചു പോന്നതു്. രാഷ്ട്രീയസംഭവവികാസങ്ങളുടെ ഫലമായി കോരൻ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ജയിലിലായിരുന്നപ്പോഴും അവന്റെ അഭാവത്തിൽ ചിരുതയ്ക്കുവേണ്ടുന്ന സഹായവും സഹകരണവും നൽകുവാൻ ചാത്തൻ മടിക്കുന്നില്ല. കാളിപ്പറയന്റെ പെൺപണം ചോദ്യം ചാത്തനെ ചിരുതയുടെ സാമീപ്യത്തിൽ നിന്നു മാററിനിർത്തുകയാണു ചെയ്തതു്. അങ്ങിനെയിരിക്കെ ഒരു പ്രതീകാരമനോഭാവം ചാത്തനിൽ ഉണ്ടാകുകയെന്നതു് തികച്ചും സ്വാഭാവികമല്ലേ? എങ്കിലും ത്യാഗസുന്ദരമായ അവന്റെ പെരുമാററങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽ മായാതെ അവശേഷിക്കുകതന്നെ ചെയ്യുന്നു. ജയിലിൽവച്ചുള്ള സന്ദർശനാവസരത്തിൽ ചിരുതയോടു "ചാത്തൻ സ്നേഹം ഉള്ളവനാണു്" എന്നു പറയുവാൻ കോരൻ ഒരുമ്പെടേണ്ടതില്ലായിരുന്നു: കോരന്റെ സ്വഭാവത്തിൽ അതു് അശ്രീകത കലർത്തുന്ന ഒന്നായി നമുക്കു തോന്നുമെങ്കിലും യഥാർത്ഥത്തിൽ കോരന്റെ സ്നേഹശൂന്യതകൊണ്ടല്ല, ആ പരുഷ വചനം അവനിൽ നിന്നും പുറപ്പെട്ടതു്. നീണ്ട പതിനഞ്ചു വർഷത്തെ തന്റെ അഭാവത്തിൽ അവൾക്കു നേരിടേണ്ടി വന്നേയ്ക്കാവുന്ന ക്ലേശങ്ങളെപ്പററി ചിന്തിച്ചുപോയ കോരൻ സഹികെട്ടു് അവളുടെ നന്മയെലാക്കാക്കി മാത്രം നിർദ്ദേശിച്ച ഒരു പരിപാടിയായിരുന്നു ചാത്തനുമായുള്ള ബന്ധം. എന്നാൽ സ്വന്തം ഭാര്യയെ കേവലം ഒരു കൈമാററസാധനമായി കരുതുന്ന കോരന്റെ ചിന്താഗതി അത്ര സ്വാഗതാർഹമല്ല.

ചിരുത—വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും മൂർത്തീകരണമാണവൾ. സാധാരണ മനുഷ്യജീവികളിൽ നിന്നു് എത്രയും ഉയർന്ന ഒരു മേഖലയിലാണു് അവളുടെ നില. തന്റെ പുലയന്റെ ജീവിതത്തിൽ സന്തോഷാനുഭൂതി പകർന്നുകൊടുക്കുവാനായിരുന്നു അവളുടെ ജീവിതാവസാനംവരെയുള്ള ശ്രമം. വികാരങ്ങളുടെ വേലിയേററത്തിൽപ്പോലും സ്വന്തം ചാരിത്ര്യം കാത്തുസൂക്ഷിക്കുവാൻ ബദ്ധപ്പെടുന്ന ചിരുത യഥാർത്ഥത്തിൽ ഒരു ദേവനാരിതന്നെയാണു്. കോരന്റെ അഭാവത്തിൽ ചിരുതയുടെ സംരക്ഷണം ഏറെറടുത്ത ചാത്തന്റെ ത്യാഗത്തിനു പോലും അവളുടെ മനസ്സാക്ഷി അടിമപ്പെടുന്നില്ല. മാനവ സമുദായം ആദരിക്കേണ്ട മഹത്തായ സൃഷ്ടി വിലാസമാണു് ചിരുതയെന്നു പറയാം. മററാരാണെങ്കിലും പതറിപ്പോകുമായിരുന്ന എത്രയെത്ര പരീക്ഷണഘട്ടങ്ങൾ സഹനശക്തിയോടെ തരണം ചെയ്യുവാൻ അവൾക്കു സാധിച്ചു! ചിരുത വിവാഹകമ്പോളത്തിലെ വിലപിടിപ്പുള്ള ഒരു ചരക്കായിരുന്നു. കാളിപ്പറയനു് ഭാരിച്ച പെൺപണം ചോദിക്കുവാൻ പ്രേരണനൽകിയതിന്റെ കാരണവും മറെറാന്നുമല്ല. "അവളെ കിട്ടുന്ന കുടിലിൽ പട്ടിണിയുണ്ടാവില്ല" എന്നതായിരുന്നു കാളിപ്പറയന്റെ വാദഗതി. ആ വിവാഹപരീക്ഷണത്തിൽ വിജയിച്ചതു കോരനാണു്. ചിരുതയുടെ ജീവിതം മാതൃകാപരമായ ഒന്നായിരുന്നു. തന്റെ പറയന്റെ ദുഃഖത്തിൽ ദുഃഖിക്കുന്നതിനും, സന്തോഷിക്കേണ്ട സന്ദർഭങ്ങളിൽ അവനോടൊത്തു സന്തോഷിക്കുന്നതിനും അവൾ ശ്രദ്ധ കാട്ടി. ദീർഘമായ ഒരു കാലാവധി അവനുവേണ്ടി കാത്തിരിക്കുവാൻ അവൾക്കു യാതൊരു മനസ്താപവുമുണ്ടായില്ല. ആദർശലോകത്തുനിന്നും സാധാരണതയിലേയ്ക്കു് ഇറങ്ങിവന്നു് ലോകത്തിൽ സുലഭമായ ഒരു കഥാപാത്രത്തെ ചിത്രീകരിക്കുവാൻ ഒരുമ്പെട്ടതായി

രിക്കണം തകഴിയുടെ വിജയത്തിന്റെ പ്രധാനഹേതു. മനുഷ്യസഹജമായ വികാരങ്ങളും, ബലഹീനതകളും ചിരുതയിൽ തെളിഞ്ഞുകാണാം. "ഒരു പറേന് പറയിയെ വേറിട്ടൊരുത്തന് കൈമാററം ചെയ്തുകൊടുക്കാമോ?" എന്നു ചോദിക്കുവാൻ ധൈര്യപ്പെട്ട ചിരുത ആദർശധീരയല്ലെന്ന് ആരും പറയുമെന്നു തോന്നുന്നില്ല. കുട്ടനാട്ടിൽ സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലും നടന്നു കൊണ്ടിരുന്ന സമയത്തു് ഉദാസീനനായി മാടത്തിനുള്ളിൽ കൂനിപ്പിടിച്ചിരുന്ന ചാത്തനെ ഒരു നിമിഷത്തേയ്ക്കു് അവൾ വെറുക്കുന്നു. ആകക്കൂടി മറക്കുവാനാവാത്ത ഒരു കഥാപാത്രമാണു ചിരുത. അവളെ ഒന്നു മറക്കുവാൻ ശ്രമിച്ചുനോക്കൂ. അപ്പോൾ അവളുടെ വ്യക്തിത്വം നമ്മുടെ ഹൃദയഭിത്തിയിൽ മായാതെ നിലനിൽക്കുകയാണു ചെയ്യുക.

ഇങ്ങനെ നോക്കുമ്പോൾ തകഴിയുടെ രണ്ടിടങ്ങഴി ഏതു തരത്തിലും മികച്ച ഒരു കലാസൃഷ്ടി ആണെന്നു നിസ്സംശയം പറയാം. ആയുഷ്കാലം മുഴുവൻ മേലാളരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി ആഹുതിചെയ്തതിനുശേഷം, ആറടിമണ്ണു പോലും ലഭിക്കാതെ ജീവിതം അവസാനിപ്പിച്ചസേവനസമ്പന്നനായകോരന്റെ പിതാവിനെ നമുക്കു മറക്കുവാൻ കഴിയുമോ? തന്റെ ചുററുപാടും കണ്ട ശ്രദ്ധാവഹമായ ജീവിതരീതികളെ തികഞ്ഞ സ്വാഭാവികതയിലൂടെ തകഴി തുറന്നു കാട്ടിയിട്ടുണ്ട്. സമുദായത്തിൽ താണവരെന്നു ലോകം മുദ്രയടിച്ചിരുന്ന ഒരു വർഗ്ഗത്തിൽനിന്നു കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുവാൻ തകഴി പ്രദർശിപ്പിച്ച അവിവേകം—സാഹസം-അഭിനന്ദനീയമാണ്. കുട്ടനാടൻ ജനതതിയുടെ സാമൂഹ്യവും സാമുദായികവുമായ ആചാരങ്ങളുടെ ആകത്തുകയാണ് രണ്ടിടങ്ങഴി. ചുരുക്കത്തിൽ രണ്ടിടങ്ങഴിയ്ക്കു വമ്പിച്ച വിജയമാണ് കൈവന്നിട്ടുള്ളതു്—സംശയമില്ല.

---

ഐക്യമതമാണു ജീവിതത്തിന്റെ ശരിയായ സത്യം. അജ്ഞതയുടേയും കഷ്ടപ്പാടുകളുടേയും കെട്ടുപാടുകളിൽനിന്നു് ഉടലെടുത്ത നമ്മുടെ ആത്മാവു് ഈ ഐക്യത്തിന്റെ യഥാർത്ഥ്യത്തെക്കുറിച്ചു മനസ്സിലാക്കുന്നുണ്ട്. ലോകത്തിലെ എല്ലാ ചരാചരങ്ങളും തന്നെ ദൈവസൃഷ്ടിയാണെന്നു് അറിഞ്ഞു് അന്യരോടുള്ള ദ്വൈധഭാവത്തെ കൈവെടിഞ്ഞു് അവരുമായി മൈത്രിയിലേർപ്പെട്ടെങ്കിൽ മാത്രമേ മനുഷ്യനു് യഥാർത്ഥ സുഖം ലഭിക്കുകയുള്ളു.

---

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# പൂവിൻെറ ത്യാഗം

E· Dovadas IV Bsc·

(മാങ്കനികൾ തേടിനമ്മൾ—എന്നമട്ട്)

വെൺനിലാവാം പാലൊഴുക്കി, താരകം തലോടി
മന്നിടത്തിൽ മഞ്ജുളമായ് എത്തിയോണക്കാലം;
—എത്തിയോണക്കാലം.
പുഞ്ചിരിക്കും പൂവുകളിൽ തേനൊലിക്കും കാലം
പഞ്ചമില്ലാതാടിയാടിയെത്തിയപ്പൂക്കാലം;
—എത്തിയപ്പൂക്കാലം.
കുഞ്ഞുസൂര്യൻ കൊഞ്ചിക്കൊഞ്ചി മന്നിലെത്തിനോക്കി
മഞ്ഞുതുള്ളിമാലയെല്ലാം വൈരമാക്കി മാററി;
—വൈരമാക്കി മാററി.
ബാലവായു വീശി വീശി പൂക്കളെച്ചാഞ്ചാട്ടി
ചോലഗാനം മീട്ടിമീട്ടി മോടിയാർന്നുകൂടി;
—മോടിയാർന്നുകൂടി.
കാവുതോറും മാവുകളെക്കൊഞ്ചുതെന്നലാട്ടി
പാവനമാം ഗാനമേതോ പൂങ്കുയിലും പാടി;
—പൂങ്കുയിലും പാടി.
വാനിൽ വെൺമയേറും നല്ലകൊച്ചുമേഘം ചേർന്നു
നൂതനമാം മാലയേതോ നെയ്തു മോദമോടേ;
—നെയ്തു മോദമോടേ.
മാടപ്രാക്കൾ കൂട്ടുവിട്ടു കൂട്ടമായി പാഞ്ഞു
പാടംതോറും നെന്മണികൾ കൊത്തിയുള്ളിലാക്കി;
—കൊത്തിയുള്ളിലാക്കി.
തുമ്പയെല്ലാം പൂവിൻകൂട സുന്ദരമായേന്തി
പൊൻ പനിനീർപ്പൂവിരിഞ്ഞു, എന്തുമോദം വണ്ടേ?;
—എന്തുമോദം വണ്ടേ?
പുഞ്ചിരിക്കും പൂവുകളെസ്സഞ്ചിതാഭം നോക്കി.
കൊഞ്ചിക്കൊഞ്ചി ഭൃംഗമെല്ലാം ചുററിച്ചുററിക്കൂടി;
—ചുററിച്ചുററിക്കൂടി.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

അഞ്ചിതാഭം രണ്ടുവണ്ടു മൂളിമൂളിപ്പാറി
പുഞ്ചിരിച്ച റോസയെന്തോ മന്ദമായിട്ടോതി;
-മന്ദമായിട്ടോതി.

ചിങ്ങമാസം വന്നണഞ്ഞു വണ്ടുകളേ നിങ്ങൾ
ഓണമല്ലേ, ഓണമല്ലേ തേൻനുകരിൻവേഗം;
—തേൻനുകരിൻവേഗം

നാടുകാണാൻ മാവേലിയിങ്ങാഗതനാവുമ്പോൾ
മോടിയായി സ്വീകരിക്കിൻ; മണ്ണടിയാം ഞങ്ങൾ;
-മണ്ണടിയാം ഞങ്ങൾ.

മാധുരിതിരളുമെൻ്റെ തേനുനിങ്ങൾക്കേകാം
മാഞ്ഞുപോട്ടെ, മാഞ്ഞുപോട്ടെ, എൻസുഗന്ധം വാനിൽ;
-എൻസുഗന്ധം വാനിൽ.

എൻ്റെ നല്ല യൗവ്വനത്തെ നിങ്ങൾക്കായി തന്നാൽ
പിന്നെ, നിങ്ങൾ നോക്കുകില്ല ഏഴയാമീയെന്നെ;
-ഏഴയാമീയെന്നെ.

വണ്ടു വേഗം ആശ്ലേഷിച്ചു മുത്തിമുത്തിച്ചേർന്നു
വേണ്ടുവോളം ആസ്വദിച്ചു നവ്യമധുപൂരം;
-നവ്യമധുപൂരം.

ശോഭപോയി നൻമണവും ദൂരെമാറിപ്പൂവും
താപമാർന്നു വാടിവേഗം നന്മധുവും തീർന്നു;
-നന്മധുവും തീർന്നു.

കണ്ടുവോ നിൻ മൗഢ്യമിപ്പോൾ ത്യാഗമാർന്നപൂവേ!
വണ്ടുമില്ല, ഒന്നുമില്ല, എത്തിനോക്കാൻ പൂവേ!
-എത്തിനോക്കാൻ പൂവേ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

---

"Art is a mirror as well as a hammer."
"കല ഒരു കണ്ണാടിയെന്നപോലെതന്നെ ഒരു ചുററികകൂടിയാണ്".

# സാഹിത്യവും സമുദായവും

*J. Gopinatha Kurup—IV B. A.*

സാഹിത്യസംബന്ധികളായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മറേറതൊരു കാലവാസികളെക്കാളുമേറെ ജിജ്ഞാസുക്കളാണ് ആധുനികമനുഷ്യർ. മാനവപുരോഗതിയുടെ ആണിക്കല്ലായ സാമ്പത്തിക പ്രശ്നങ്ങളോടൊപ്പമോ ഉത്തരം കണ്ടെത്താൻ കഴിയാത്ത കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ സിദ്ധാന്തങ്ങളെക്കാളേറെയോ ഇന്നു സാഹിത്യം ചർച്ചചെയ്യപ്പെടുന്നുണ്ട്. മനുഷ്യജീവിതവുമായി സാഹിത്യത്തിനുണ്ടെന്നു വിശ്വസിക്കപ്പെടുന്ന അഭേദ്യമായ ബന്ധമാണ് ഈ ചർച്ചകളുടെയെല്ലാം പ്രഭവ സ്ഥാനം. എല്ലാ ഭാഷകളിലും എക്കാലത്തും സാഹിത്യത്തെ സംബന്ധിച്ച വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. മലയാളഭാഷയും അതിൽനിന്നു വ്യത്യസ്തമല്ല. സമുദായത്തിന്റെ ഗതിവിഗതികൾക്കൊത്തു ഈ ചർച്ചകളുടെ സ്വഭാവവും മാറുക സ്വാഭാവികമാണ്. ശാശ്വതമൂല്യങ്ങൾ, സിംബോളിസം, കവിയും സമുദായവും എന്നിവയെപ്പററിയുള്ള വാദകോലാഹലങ്ങൾ കേരളത്തിലെങ്ങും മുഖരിതമായി കേൾക്കാം.

സാഹിത്യവും സമുദായവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവമെന്താണ്? സാഹിത്യം സമുദായത്തിനോ സമുദായം സാഹിത്യത്തിനോ വിധേയമായി നിൽക്കുന്നതു്? ഇവയെപ്പററി പരിശോധിക്കുകയെന്നുള്ളതാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നതു്.

"ഒരു ജനതയുടെ ബഹുമുഖമായ, പ്രത്യേകിച്ചും സാംസ്കാരികമായ വളർച്ചയുടെ വിജയവൈജയന്തിയാണു സാഹിത്യം." ആ വളർച്ച ചരിത്രപരമല്ല, പ്രത്യുത ആന്തരികമാണ്. ചരിത്രം, രാഷ്ട്രത്തിന്റെ ബാഹ്യചലനങ്ങളുടെ കലാപരമായ ഒരു സംഗ്രഹമാണെങ്കിൽ സാഹിത്യം രാഷ്ട്രത്തിന്റെ ആന്തരികമായ വ്യതിയാനങ്ങളുടെ ചരിത്രപരമായ ഒരു പ്രതിഫലനമാണ്. രാഷ്ട്രത്തിന്റെ ആന്തരികമായ വ്യതിയാനമെന്നു പറഞ്ഞാൽ, ആ രാഷ്ട്രവാസികളായ ജനതയുടെ സാംസ്കാരികമായ ചിന്താഗതിയുടെ വളർച്ച എന്നാണു മനസ്സിലാക്കേണ്ടതു്. അങ്ങനെയുള്ള മനുഷ്യജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളെ ബോധപൂർവ്വം കൈകാര്യം ചെയ്യുന്നതാണു കല. അതായതു്, ഒരു രാഷ്ട്രത്തിന്റെ ആത്മസത്തയുടെ അഭിരാമസൃഷ്ടിയാണ് കല. അപ്പോൾ സാഹിത്യകാരനും സമുദായവും തമ്മിലുള്ള ബന്ധം അഭേദ്യമാണെന്നു സിദ്ധിക്കുന്നു. ഈ സാഹിത്യസത്യം ഏതൊരു സാഹിത്യചരിത്രത്തിലും തെളിഞ്ഞുകാണാവുന്നതാണ്. പുരാതനകാലത്തും, മദ്ധ്യകാലഘട്ടത്തിലുമുള്ള സാഹിത്യചരിത്രം പരിശോധിച്ചാൽ, സാഹിത്യകാരന്മാരും കവികളും ഗായകന്മാരും ശില്പികളുമെല്ലാം ജനസമുദായത്തിനു വിധേയരായിട്ടാണു ജീവിച്ചിട്ടുള്ളതെന്നു കാണാൻ പ്രയാസമില്ല.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സാഹിത്യചരിത്രം പരിശോധിക്കുന്ന ഒരാൾക്ക് അതാതു കാലഘട്ടത്തിലെ പൊതുവേയുള്ള ചരിത്രത്തിൻെറ ഒരു സാമാന്യപഠനം അത്യന്താപേക്ഷിതമാണ്. അതു മനസ്സിലാക്കിയിട്ടുവേണം അതാതുകാലങ്ങളിൽ രൂപമെടുത്തിട്ടുള്ള കലാസൃഷ്ടികളുടെ ന്യൂനതകളെപ്പററി മുറവിളികൂട്ടാൻ. സാംസ്കാരികമായി ഔന്നത്യത്തെ പ്രാപിച്ചിട്ടില്ലാത്ത ഒരു ജനസമൂഹത്തിനു പരിപുഷ്ടമായ ഒരു സാഹിത്യസമ്പത്തുണ്ടായെന്നു വരില്ല. അതുപോലെതന്നെ രാഷ്ട്രീയമായും സാമ്പത്തികമായും സ്വാതന്ത്ര്യമുള്ള ഒരു രാഷ്ട്രത്തിനുമാത്രമേ സാഹിത്യത്തിൻെറ അനസ്യൂതമായ വളർച്ചയെ ത്വരപ്പെടുത്താനും കഴിയൂ. ഇംഗ്ലണ്ടിലെ എലിസബെത്തൻ കാലഘട്ടം ഇംഗ്ലീഷുഭാഷയുടെ സുവർണ്ണകാലമായിരുന്നു. ഗുപ്തരാജാക്കന്മാരുടെ ഭരണകാലത്തു ഭാരതീയസംസ്കാരം അങ്ങേയററം അഭിവൃദ്ധിയെ പ്രാപിച്ചു. ഈ തോതുവച്ചുകൊണ്ടുവേണം കേരളത്തിലെ കഴിഞ്ഞകാല സാഹിത്യപ്രവൎത്തനങ്ങളെ നാം വീക്ഷിക്കേണ്ടതു്. ഏററവും പ്രാചീനമെന്നു കരുതപ്പെടുന്ന രാമചരിതം' മുതൽ ഇന്നുവരെയുണ്ടായിട്ടുള്ള എല്ലാകൃതികളും പരിശോധിച്ചുനോക്കിയാൽ ഒരു കാൎയ്യം വ്യക്തമാകും. എന്താണെന്നല്ലേ?–സാഹിത്യകാരൻ അവനംഗംകൊള്ളുന്ന സമുദായത്തിൻെറ പ്രതിനിധിയും സാഹിത്യം ആ സമുദായത്തിൻെറ സാമാന്യ പ്രതിഫലനവുമാണെന്നു്.

സമുദായം ഒരു ഫ്യൂഡലിസ്ററു വ്യവസ്ഥിതിയിൽ സംസൃഷ്ടമായിരുന്ന കാലത്തു സാഹിത്യകാരനും ഫ്യൂഡലിസത്തിൻെറ ആരാധകനായിരുന്നു. ജനങ്ങൾ ഒരുകാലത്തു് ഈശ്വരപൂജയിലും രാജസേവയിലും മാത്രം താത്പൎയ്യം പ്രകടിപ്പിച്ചിരുന്നു. സ്വാഭാവികമായിത്തന്നെ ആ കാലഘട്ടത്തിൽ ഉടലെടുത്ത എല്ലാ കലാസൃഷ്ടികളും ഭക്തിരസപ്രധാനങ്ങളായിരുന്നു. മലയാളസാഹിത്യസരണിയിൽ ഏറെക്കുറെ നൂതനമായ ഒരു വഴിത്താര വെട്ടിത്തുറക്കുവാൻ സാധിച്ചതു് എഴുത്തച്ഛനാണു്. ഭക്തിരസപ്രധാനങ്ങളായ വിഷയങ്ങളാണു് അദ്ദേഹം കൈകാൎയ്യം ചെയ്തതെങ്കിലും, അനുവാചകരുടെ ഹൃദയതന്ത്രികളെ സത്യത്തിനും ധൎമ്മത്തിനും വേണ്ടി ചലിപ്പിക്കുവാൻ അദ്ദേഹത്തിൻെറ കവിതകൾക്കു കഴിഞ്ഞു. തികച്ചും വ്യത്യസ്തമായ ഒരു അഭിരുചിയോടുകൂടിയാണു നമ്പ്യാർ രംഗപ്രവേശം ചെയ്തതു്. പഴയ വിഷയങ്ങൾ മാററാതെതന്നെ ജനതയുടെ അഭിരുചിക്കൊത്തുനിന്നുകൊണ്ടു് അവരറിയാതെ നൂതനസിദ്ധാന്തങ്ങൾ ആവിഷ്കരിച്ച നമ്പ്യാരാണു് ഏററവും പ്രാമാണികനായ ജനകീയകവി. [സാമാന്യജനതയ്ക്കു് അഭിമതനാകത്തക്കവണ്ണം ജനതയുടെ വികാരത്തെ ഉത്തേജിപ്പിക്കുവാനും അവർക്കു മനസ്സിലാകുന്ന ഭാഷയിൽ എഴുതുവാനും കഴിയുന്ന കവിയെയാണു ജനകീയകവിയെന്നു ലേഖകൻ വിവക്ഷിക്കുന്നതു്.]

ആധുനിക സാഹിത്യം സമുദായത്തെ ചുററിയാണു നില്ക്കുന്നതു്. സൗന്ദൎയ്യവും സ്നേഹവുമാണു കലാസൃഷ്ടികളുടെ മുഖ്യവിഷയങ്ങൾ. ആശാനും ഉള്ളൂരും വള്ളത്തോളും ആരംഭിച്ച ജോലി ഉയൎന്നുവരുന്ന തലമുറ ഏറെറടുത്തിരിക്കുകയാണു്. ബോധപൂൎവ്വം ആധുനികസാഹിത്യം പരിശോധിക്കുന്നയാൾക്കു പ്രാചീനസാഹിത്യവും ആധുനികസാഹിത്യവും തമ്മിലുള്ള വ്യത്യാസം കണ്ടെത്താൻ പ്രയാസമി

ല്ല. അന്നത്തെ സാമൂഹ്യസ്ഥിതിക്കൊത്തു കലാസൃഷ്ടികളും രൂപമെടുത്തു. ഇന്നത്തെ സാമൂഹ്യസ്ഥിതിതികൾക്കും വിഭിന്നമാണ്. ഇന്നു ജീവിച്ചിരിക്കുന്നവരിൽ ഏററവും പ്രാമാണികനായ മഹാകവിവള്ളത്തോൾ പോലും ജനസാമാന്യത്തിന്റെ പ്രവണതകൾക്കൊത്താണു തൂലിക ചലിപ്പിക്കുന്നതു്.

ഇതിൽ നിന്നൊക്കെ എന്താണു തെളിയുന്നതു്? സാഹിത്യകാരൻ സമുദായത്തിന്റെ പ്രതിനിധിയാണ്. ജനസഞ്ചയത്തിന്റെ ജീവിതചൈതന്യമാണ് അയാളുടെ കലാസൃഷ്ടിയുടെ നീരുറവ. ജനതയുടെ വിചാരവിചിന്തനങ്ങളാണയാളുടെ കലാസൃഷ്ടിക്കു പ്രചോദനം നല്കുന്നതു്. ഈ തത്വം തന്നെയാണ് മഹാകവി കുമാരനാശാനും പറഞ്ഞതു്.—"കൃതികൾമനുഷ്യകഥാനുഗായികൾ" എന്നു്.

ഇനിയും നാം ചിന്തിക്കേണ്ടതു് കേവലം സമുദായത്തെ പ്രതിഫലിപ്പിച്ചാൽ മാത്രം അതു സാഹിത്യം ആകുമോ എന്നാണ്. സമുദായത്തിന്റെ പ്രതിഫലനം മാത്രമാണു സാഹിത്യമെങ്കിൽ, തീർച്ചയായും സാഹിത്യം സമുദായത്തോടാണു കടപ്പെട്ടിരിക്കുന്നതു്. പക്ഷേ വസ്തുസ്ഥിതികൾ അതിനെതിരാണ്. സമുദായത്തിന്റെ ഹൃദയത്തുടിപ്പുകളെ പ്രതിഫലിപ്പിക്കുവാൻ മാത്രമല്ല, അതിനെ പരിഷ്കരിക്കുവാൻകൂടി സാഹിത്യം ഉപയോഗപ്പെടണം. കാലത്തിന്റെ അടിമയായി മാത്രം ജീവിക്കുവാൻ പിറന്നവനല്ല സാഹിത്യകാരൻ. "പരിത:സ്ഥിതിയാണു സാഹിത്യകാരനെ സൃഷ്ടിക്കുന്നതെ"ന്നു പറയുന്ന നിരൂപകകേസരിയായ 'ടെയിനി'ന്റെ പാദപൂജയും ചെയ്തുകൊണ്ടിരുന്നാൽ ഒരാൾ കവിയാകുകയില്ല. സമുദായത്തിലുള്ള വൃത്തികെട്ട വഴക്കങ്ങളെ ഉന്മൂലനം ചെയ്യേണ്ട കടമ സാഹിത്യകാരനുള്ളതാണ്. [സമുദായപരിഷ്കരണമെന്നപേരിൽ അസംബന്ധം എഴുതിവിട്ടാൽ അതു സാഹിത്യമാവില്ല. പു. സാ. യുടെ പേരിൽ ഇന്നെഴുതിവിടുന്ന 'തെറി'സാഹിത്യം മാനുഷികമൂല്യങ്ങളെപ്പോലും ചോദ്യംചെയ്യുന്നതാണ്.] "കാവ്യം ജീവിതനിരൂപണമാണെ" (Poetry is the criticism of life) നും "സാഹിത്യകാരന്മാർ മനുഷ്യാത്മാക്കളുടെ ശില്പികളാണെ"(Writers are the engineers of human souls) നുമാണല്ലോ അഭിജ്ഞമതം. ഈ തത്വം ശതാബ്ദങ്ങൾക്കു മുൻപുതന്നെ കുഞ്ചൻനമ്പ്യാർ മനസ്സിലാക്കിയിരുന്നു. ജനതഒരുവിശൃംഖലവ്യവസ്ഥിതിയിൽ സംസൃഷ്ടമായിരിക്കയാണെന്നു കണ്ട നമ്പ്യാർ, അന്നത്തെ സാമൂഹ്യവഴക്കങ്ങളെ സരസമായി വിമർശിച്ച് അവരെ അതിൽനിന്നും പിൻതിരിപ്പിച്ചു. അപ്പോൾ, അന്നത്തെ സാമൂഹ്യജീവിതം പ്രതിഫലിപ്പിക്കുക മാത്രമാണോ നമ്പ്യാർ ചെയ്തതു്? സമുദായപരിഷ്കരണം എന്ന മഹാകൃത്യംകൂടി അദ്ദേഹം നിർവഹിച്ചു. അപ്പോൾ, ജനതയുടെമേൽ സാഹിത്യത്തിനുള്ള ശക്തി അപ്രമേയമാണ്. അയാളുടെ വ്യക്തിത്വമാണ് അവരുടെ സാംസ്കാരികസൗധത്തിന്റെ അടിത്തറമുതൽ ചന്ദ്രശാലവരെ നിർമ്മിക്കുന്നതു്.

സമുദായത്തിലുള്ള വഴക്കങ്ങൾ അതേപടി പകർത്തുകയാണോ സാഹിത്യകാരൻ ചെയ്യുന്നതു്? കലാകാരന്റെ ഭാവന അയാളുടെ കൃതിയിൽ ഉടനീളം തെളിഞ്ഞുകാണാം. കലാപരമായ സൗന്ദര്യം ഭാവനയ്ക്കു നിറം പിടിപ്പിക്കുന്നു. ഇങ്ങനെ ബോധപൂർവം ഐകാത്മ്യം ചെയ്യപ്പെട്ട

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഒരു കലാസൃഷ്ടിക്ക് അനുവാചകന്റെ ഉൾക്കണ്ണു തുറപ്പിക്കുവാനും ഹൃദയതന്ത്രികളിൽ നിന്ന് ആനന്ദഗാനം പുറപ്പെടുവിക്കുവാനും സാധിക്കുന്നു. മാത്രവുമല്ല കലയിൽ അഭിരുചിയുള്ള ബഹുഭൂരിപക്ഷത്തിന്റെ ദൈനംദിനജീവിതരംഗത്തു കനകകാന്തി വിതറുന്ന ഒന്നാണു സാഹിത്യം. ഇങ്ങനെ നോക്കുമ്പോൾ സമുദായം സാഹിത്യത്തോടല്ലേ കടപ്പെട്ടിരിക്കുന്നതു്?

നാം ഇവിടെ രണ്ടഭിപ്രായഗതികൾ കണ്ടുകഴിഞ്ഞു. ഒന്ന്—സാഹിത്യം സമുദായത്തിനു വിധേയമായി നില്ക്കുന്നു. രണ്ട്—സമുദായം സാഹിത്യത്തിനു വിധേയമായി നില്ക്കുന്നു. അതായതു്, സാഹിത്യം സമുദായത്തിന്റെ പ്രതിഫലനമാണെന്ന്. ഒരു കൂട്ടർ വാദിക്കുമ്പോൾ സാഹിത്യം സമുദായത്തിലെ വഴക്കങ്ങളുടെ കലാപരമായ ആവിഷ്കരണം മാത്രമാണെന്ന് എതിരാളികൾ അഭിപ്രായപ്പെടുന്നു. ഈയിടെ ഒരു സാഹിത്യകാരൻ പ്രസംഗിക്കുകയുണ്ടായി സാഹിത്യകാരനെ ആശ്രയിക്കാതെ സമുദായത്തിനു നിലനില്പുപോലുമില്ലെന്ന്. ഏതായാലും അതൊരു 'ചലഞ്ച്'മായിപ്പോയില്ലേ എന്നു ഞാൻ സംശയിക്കുന്നു. പ്രശസ്തനായ ഒരു നിരൂപകന്റെ അഭിപ്രായത്തിൽ സാഹിത്യകാരൻ "എന്നും ജനസമുദായത്തെ ഉപജീവിച്ചും അതിനു വിധേയനായും ആണു സാഹിത്യനിർമ്മാണം ചെയ്തിട്ടുള്ളതു്" എന്നാണ്. തർക്കമില്ലാത്ത ഒരു കാര്യമാണ് അദ്ദേഹം അവതരിപ്പിച്ചതു്. എങ്കിലും സമുദായം സാഹിത്യത്തിനു തെല്ലും വിധേയമല്ലെന്നു പറയാമോ? പാടില്ല. സമുദായത്തിനു വിധേയനായി നിന്നുകൊണ്ടുതന്നെയാണ് ഒരാൾ കലാസൃഷ്ടി നടത്തുന്നതെങ്കിലും സമുദായമദ്ധ്യത്തിലുള്ള ദുഷിച്ച വഴക്കങ്ങളെ ഉന്മൂലനം ചെയ്യുവാനും കൂടി അയാൾ ശ്രമിക്കുന്നുണ്ട്. അയാളുടെ പരിശ്രമത്തിന്റെ ഫലം കാലാന്തരത്തിൽ കൊയ്യുന്നതു സമുദായം തന്നെയാണ്. അങ്ങിനെ വരുമ്പോൾ സമുദായത്തിനു സാഹിത്യത്തോടുമുണ്ടു കടപ്പാട്; ഒരുപക്ഷേ വിധേയമല്ലായിരിക്കാം.

ചുരുക്കത്തിൽ, സാഹിത്യകാരൻ മനുഷ്യജീവിതത്തെ അതേപടി സാഹിത്യത്തിലേക്കു പ്രതിഫലിപ്പിക്കുന്ന ഒരു ഛായാഗ്രഹണവിദഗ്ദ്ധൻ (Photographer) മാത്രമല്ല മനുഷ്യാത്മാക്കളുടെ 'ശില്പി' കൂടിയാണ്. അപ്പോൾ സാഹിത്യം സമുദായത്തെ പ്രതിഫലിപ്പിക്കുവാനുള്ള സെല്ലുലോയിഡു മാത്രമല്ല, സമുദായപരിഷ്കരണത്തിനുള്ള ഒരുപാധി കൂടിയാണെന്നു വന്നുകൂടുന്നുണ്ടല്ലോ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# താമരക്കുളം

## തുള്ളൽ

തടിയൂർ ജി. വി. III U. C.

നൂററാണ്ടിരുപതു വന്നുകഴിഞ്ഞു
തെററല്ലലകിൽ ഗതിയുംമാറി;
പഴയതുമുഴുവനുമോടിയൊളിച്ചു
പുതിയതുപലതും വന്നുതുടങ്ങി;
ഹോസ്റ്റലുമുൻപിലെയുദ്യാനത്തിനു
വട്ടംക്കൂട്ടിപ്പണിയായ് ധൃതിയിൽ
അദ്ഭുതമോർക്കുകിലതിനുടെപ്പാനം
പലവിധചെടികൾ ലതകളുമേവം;
"താമരയുള്ളൊരുകുളവും, മറ്റു
കോമളമായുള്ളവാക്കുകളേണം,
പോരാ പിന്നെ നാട്ടുകാരൊരു ഫൗണ്ടൻ
തോരാതങ്ങനെ നിന്നിടേണം.
ഇവയെല്ലാമാ 'പ്ലാനി'ലിരിപ്പൂ
കവനം ചെയ്‌വാനലസതയുണ്ടേ.
അനുദിനമിങ്ങനെ പണിയുകമൂലം
അനുപമമായൊരു കിണറുണ്ടായി.
"വിശേഷാത്തരമിതു വിസ്മയനീയം
കണ്ണും കാതും കവരുന്നേവം"
ഇത്ഥമുരച്ചു 'വിസിററർ'മാരാൽ,
പുളകംകൊണ്ടിഹ ഞങ്ങൾക്കെല്ലാം
അതിദൂരത്തൊരു ചാലിൽനിന്നും
മതിയാവോളം, ചെളിയും, താമര-
യീവകയെല്ലാമതിനകമാകെ-
ച്ചേർത്ത ഹരമായ് ച്ചേർത്താരുടനെ.
തുള്ളിവരുന്നൊരു 'ഫൗണ്ടൻ'റെ ള്ളം
വള്ളികളതുമേൽ വീഴ്‌വതുകാണ്മാൻ
പലതരമാളുകളവിടെക്കൂട്ടം
പലരും പലമട്ടോർത്തുമനസ്സിൽ
സുരഭിലമായൊരു ചെമ്പകമൊട്ടുകൾ
പരിചൊടുകാണാമുദ്യാനത്തിൽ
മലരണിനായിക റോസാപ്പൂവും;
മല്ലിക, പിച്ചി, ജമന്തിപ്പൂവും
ചോരപ്പൂക്കളതിങ്ങുമശോകം.
ഇത്ഥം പലവക ചെടികളുമോരോ
നിരനിരയായി വിലസീടുന്നു.

* * * *

ചലിക്കാതെകിടക്കുന്നകുളത്തിലെ-
ജ്ജലംതന്നിൽ
കൊതുകുകളവയുടെ സമാധിസ്ഥ-
ജീവിയായാർ
ചെവികളിൽ കൊതുകുകളിരമ്പുക-
മൂലമയ്യോ
കവിതയും വരുന്നില്ല; കഥിപ്പാനു-
മെളുതല്ല.

* * * *

കൊതുകിൻദംശനമേൽക്കുകമൂലം
പൊതുവായിട്ടൊരു പനിയുണ്ടായി
കൊടിയമലമ്പനി-അതുവർദ്ധിച്ചാൽ
കിട്ടുകിടെത്തുള്ളും, കുളിരതുക്കൂട്ടം.
കൊതുകിൻ വർദ്ധന തടയുക തന്നെ
അപ്പനിബാധകുറയ്ക്കാൻമാർഗ്ഗം.
താമരയുള്ളൊരു കുളവും മററും
താമസിയാതെ നികത്തുംപോലും!
നൂററാണ്ടിന്റെ വിചിത്രതയാവാം
വേലക്കാരുടെ യോഗവുമാവാം!

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



PHOTOGRAPHIC CLUB 1955 - '56

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



Best Photographer
**SYED ABBAS II U. C.**



Second Prize *SAILING CLOUDS*
by
C. V. BALACHANDRAN NAIR IV B. Com.

## PHOTOGRAPHIC COMPETITION 1955 – '56



*1st Prize* FOREST GLADE *by Syed Abbas II U. C.*



*2nd Prize* MOUNTAIN LANDSCAPE *by K. K. Kuncheria II U. C*

MAR IVANIOS COLLEGE, LIBRARY. TRIVANDRUM.

# പ്രകൃതിയുടെ മുതൽക്കൂട്ട്

*V. Kesavan—II U. C.*

കലാകാരന്മാരും ശാസ്ത്രജ്ഞന്മാരും അവരുടെ വിജയ പതാകകൾ പാറിക്കുന്നു. അവരുടെ സമ്പാദ്യങ്ങളെ ലോകരാകമാനം അഭിനന്ദിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. ഒരു ന്യൂനവിഭാഗം ആ സൃഷ്ടികളുടെ കലവറയിലേയ്ക്ക് ഉളിഞ്ഞു നോക്കി അവയെപ്പററി അല്പമൊന്നു ചിന്തിക്കാൻ ശ്രമിക്കുന്നതു കാണാം.

പ്രാകൃതമനുഷ്യൻ പുരോഗമനത്തിന്റെ വഴിത്താരയിലൂടെ കാൽവയ്ക്കാൻ തുടങ്ങിയപ്പോൾ അവനെ തടുത്ത വൻശക്തിയാണ് പ്രകൃതി. പിന്മാറുന്ന സ്വഭാവമുള്ള ഒരു ഭീരുവല്ലല്ലോ മനുഷ്യൻ. അവൻ പ്രകൃതിയുമായി ഒന്നു പടവെട്ടാൻതന്നെ തീരുമാനിച്ചു. അന്നു തുടങ്ങി ഇന്നോളം ഈ സമരം നീണ്ടു നിൽക്കുകയാണ്.

ആദിമ മനുഷ്യൻ ഭക്ഷണത്തിനുവേണ്ടി പ്രകൃതിശക്തികളെ അതിജീവിക്കാനുള്ള പൊടിക്കൈകൾ കണ്ടുപിടിച്ചു. വനം വരളുമ്പോഴും പട്ടിണികിടക്കാതിരിക്കാനുള്ള ഒരുപായം മാത്രം. അവന്റെ പിൻഗാമികളിൽ ആ സ്വഭാവം വളർന്നുവന്നു. അതിന്റെ പരിണതഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന ശാസ്ത്രത്തിന്റെ മുതലുകൾ.

ഇനി ഒരു വിഭാഗം പ്രകൃതിയോടുള്ള പക കളഞ്ഞ്, ഹൃദയത്തിന്റെ ദുർബലതകൊണ്ട് പ്രകൃതിയോടു സന്ധിചെയ്തു താദാത്മ്യം പ്രാപിക്കാൻ ശ്രമിച്ചു. അവരാണ് കവികളും, കലാകാരന്മാരും.

ശാസ്ത്രജ്ഞന്റെ കണ്ണുകൾ ചെന്നെത്താത്ത കോണില്ല; അവന്റെ കരങ്ങൾ സ്പർശിക്കാത്ത വസ്തുവില്ല. ആ കണ്ണുകൾക്കുള്ള സൂക്ഷ്മത; കേന്ദ്രീകരണ പടുത; കരങ്ങളുടെ ശക്തി; അപാരമാണ്. കടലോരത്തുകൂടി സായാഹ്നസഞ്ചാരം ചെയ്യുന്ന ശാസ്ത്രജ്ഞൻ മണൽത്തരികൾക്കിടയിൽ മങ്ങിക്കിടക്കുന്ന ഏതോ ഒന്നിനെ എടുത്തു സൂക്ഷ്മമായി പരിശോധിച്ചിട്ടു സ്വന്തം കീശയ്ക്കുള്ളിലാക്കുന്നു. മലർയവനികയ്ക്കുള്ളിൽ മണിക്കൂറുകൾ ചിലവഴിക്കുന്ന ഒരു സസ്യശാസ്ത്രജ്ഞൻ രാവണോദ്യാനത്തിലെത്തിയ ഹനുമാനായി മാറുന്നു. സൌന്ദര്യം നശിപ്പിച്ചും സത്യം കണ്ടെത്തുന്ന ഒരു വിഭാഗം. അതാണ് ശാസ്ത്രജ്ഞൻ.

കവിക്കും ചിത്രകാരനും ജീവിതം രണ്ടു ലോകങ്ങളിലായിട്ടാണ്-യഥാർത്ഥ ലോകത്തിലും സ്വപ്നലോകത്തിലും. ഇക്കൂട്ടർ സത്യത്തിൽനിന്നെത്ര അകന്നാലും അറിയുന്നില്ല. സൌന്ദര്യത്തിന്റെ കുപ്പയിൽ വീണ അംശവും അവർ സസൂക്ഷ്മം എടുത്താസ്വദിക്കും അവർ പ്രകൃതിജീവികളാണ്. പ്രകൃതിയെ മറേറതിനേക്കാളും അവർ അഭിനന്ദിക്കുന്നു, ആദരിക്കുന്നു. ശാസ്ത്രജ്ഞന്റെ സൂക്ഷ്മതയോടെ അതിന്റെ അന്തരാളത്തിലിറങ്ങിച്ചെന്ന് ഒളിഞ്ഞുകിടക്കുന്ന അമൃതാംശത്തെപ്പോലും നുകരുന്നു.

ഉല്ലാസം ഓളം തല്ലുമ്പോൾ കവി ഉറക്കെപ്പാടി നടക്കും. ഹൃദയം തിങ്ങിനിറയു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

മ്പോൾ അങ്ങകലെ ചക്രവാളത്തിൽ കണ്ണുകൾ കേന്ദ്രീകരിച്ചു നിശ്ചലമായി നില്ക്കും. ഈ വിഭാഗത്തിന് മാംസചക്ഷുസ്സുകൾക്കാൾ ശക്തിയേറിയതാണ് കരൾക്കണ്ണുകൾ. ഉച്ചസമയത്തു ചന്ദ്രനേയും അർദ്ധരാത്രിയിൽ സൂര്യനേയും കാണാനുള്ള ശക്തി ആ കണ്ണുകൾക്കുണ്ട്.

ഇത്തരം ഒരു കലാകാരൻ ചിന്തയിലാണ്ടിരിക്കുകയാണ്. ആകാശത്തിന്റെ പാവാടത്തുമ്പിൽ അന്തിമസൂര്യൻ ചുവന്ന രേഖകൾ തുന്നിപ്പിടിപ്പിക്കുന്നു. ചക്രവാളത്തിൽ ഒട്ടിനിൽക്കുന്നതുപോലെ ഒരു കൊച്ചുവഞ്ചി അങ്ങകലെ കാണാറാകുന്നു— കായലോരത്തെ പാറക്കെട്ടുകൾ. തല പൊക്കി നിൽക്കുന്ന തെങ്ങിൻ നിരകളിൽനിന്നും കാററത്ത് ആലോലമാടുന്ന പത്രങ്ങളുടെ മർമ്മരശബ്ദം അവ്യക്തമധുരമായി മന്ദമാരുതനിൽ കലർന്നു ഗാനം ആലപിക്കുന്നു. ......പച്ചപ്പാടങ്ങൾ, ഇരുഭാഗങ്ങളും അലങ്കരിക്കുന്ന കുലച്ചുനിൽക്കുന്ന കേരതരുക്കൾ. പച്ചപിടിച്ചു കുന്നുകൾക്കിടയിൽ അപൂർവ്വം ചില മൊട്ടക്കുന്നുകൾ......അങ്ങനെ അന്തമില്ലാതെ ചിറകുവിടർത്തി അനന്തതയിലേയ്ക്കു പറക്കുകയാണ് ആ ചിന്തകൾ. ഇതിന്റെ മറുവശത്ത് മററൊരുമനുഷ്യൻ 'അണു'ക്കളെപ്പോലും നശിപ്പിയ്ക്കാൻ പടവെട്ടുകയാണ്.

ശാസ്ത്രജ്ഞനും കലാകാരനും അവരുടെ കർമ്മങ്ങൾക്കു വേണ്ട പ്രചോദനം നൽകുന്നതു പ്രകൃതിയാണ്. അകൃത്രിമമാർഗ്ഗങ്ങളിലൂടെ പ്രകൃതിയെ അടിപണിയിയ്ക്കാൻ ശ്രമിക്കുന്നു ശാസ്ത്രജ്ഞൻ. എന്നാൽ പലപ്പോഴും ഉണ്ടാകുന്ന അപകടങ്ങളിൽനിന്ന് അതു സാദ്ധ്യമല്ലെന്നു ബോദ്ധ്യമായി പ്രകൃതിയുടെ ഹൃദയത്തോടു സമ്പർക്കം പുലർത്തി അവളുമായി ഐക്യത പ്രാപിക്കുന്നു കലാകാരൻ. ഇരുകൂട്ടരും പ്രകൃതിയെ സസൂക്ഷ്മം പഠിക്കുകയാണെന്നതു് ഒരു സത്യം മാത്രമാണ്.

പ്രകൃതിയോ? ഇതെല്ലാം കണ്ടു നിശ്ചലമായി നിലകൊള്ളുകയാണ്.

പക്ഷികൾ പാടുന്നു; ചീവീടുകൾ സീൽക്കാരം പുറപ്പെടുവിക്കുന്നു; പൂങ്കോഴികൾ കണ്ഠനാളമഴകിൽ ചലിപ്പിച്ച് ഉച്ചത്തിൽ കൂവുന്നു; മേഘനിരകണ്ടു മയിലുകൾ നൃത്തം ചവിട്ടുന്നു; അരിപ്രാവുകൾ നീലവാനിൽ നീന്തിത്തുടിക്കുന്നു; കലമാനിന്റെ മൂർച്ചയേറിയ കൊമ്പിൻമുനയിൽ കണ്ണുരസിനിൽക്കുകയാണ്. അവന്റെ സുന്ദരിയായ കാമുകി; ഇര പിടിയിൽപ്പെടാതെ ഓടിമറഞ്ഞപ്പോൾ ആ കരിമ്പുലിയുടെ മുഖഭാവം രൂക്ഷമാകുന്നു. ഗുഹാമുഖത്ത് ആൺസിംഹത്തിന്റെ തുടയിൽ തലചേർത്ത്. ഇളവെയിലേററ് ഉറങ്ങുന്നു പെൺസിംഹം. ഹാ! പ്രകൃതി എത്ര സുന്ദരം!

ശാസ്ത്രജ്ഞൻ തന്റെ ഈ അനുഭവങ്ങളെ സത്യത്തെ മുൻനിർത്തി കുത്തിക്കുറിക്കുന്നു. കലാകാരനാകട്ടെ ആസ്വാദിച്ചതിനുശേഷം അവയെ ഭാവനയിലൂടെ കവിതാരൂപത്തിൽ പ്രതിഫലിപ്പിക്കുന്നു. അതിൽ അനുഭൂതിയും ഭാവനയും മോടിപിടിപ്പിച്ചിട്ടുള്ള സത്യം മാത്രമേ ദൃശ്യമാകയുള്ളൂ. മനഃശാസ്ത്രപരമായും സൂക്ഷ്മമായും ഒന്നു നിരീക്ഷിച്ചാൽ കലാകാരന് ഒരിക്കലും നഗ്നമായ സത്യം പറയാൻ സാദ്ധ്യമാവുകയില്ല; ശാസ്ത്രജ്ഞന് നേരെ മറിച്ചും.

സത്യത്തിന് ഒരു നിശ്ചിതമായ ആകാരമുണ്ട്. അതിനു പുതുമയുണ്ടാക്കാൻ സാദ്ധ്യമല്ല. അക്കാരണത്താൽ ഒരു സ

ത്ര്യം ആവർത്തിക്കപ്പെടുമ്പോൾ അതിൽ അരസികതയുണ്ടാകാനിടയുണ്ടു്. കലാകാരൻ പക്ഷെ സത്യങ്ങൾക്കു് ഓരോതവണയും ഓരോതരത്തിൽ മോടിപിടിപ്പിക്കുന്നു. അതു് ആവർത്തിക്കാൻ അവനു സാദ്ധ്യമല്ല. തന്നിമിത്തം വിവിധത്വവും പുതുമയും ഉണ്ടാകുന്നു. പുതുമ മനസ്സിനെ ആനന്ദിപ്പിക്കുന്നു.

"പുതുമേ, നീ വീണ്ടും വീണ്ടും പുൽകുക ലോകത്തെ. ഒരമ്മ ഇടിഞ്ഞുപൊടിഞ്ഞുകിടക്കുന്ന പഴയ ഗൃഹത്തിന്റെ കോലായിലിരുന്നു് തന്റെ ഓമനക്കുട്ടനു് അമ്മിഞ്ഞ പകർന്നു നിവൃതിയടയുകയാണു്—ശാസ്ത്രജ്ഞന്റെ നിസ്സാരമായ ഒരു സത്യം-പക്ഷേ, കലാകാരന്റെ ഹൃദയത്തിൽ നിന്നും മായാത്ത ഒരു ചിത്രമാണതു്.

ഇപ്രകാരമുള്ള ഇരുകൂട്ടരേയും വളർത്തുന്ന പ്രകൃതി അതിവിശിഷ്ടമായ ഒരു കർമ്മം നിർവ്വഹിക്കുകയാണു്. അതായതു് അതിന്റെ കലവറ എന്നും നിറഞ്ഞിരിയ്ക്കാനുള്ള അശ്രാന്തയത്നം. ആ മുതൽക്കൂട്ടിൽനിന്നാണു് ലോകം വയസ്സറിക്കടിച്ചു ജീവിക്കുന്നതു്. മണലാരണ്യത്തിന്റെ ശുഷ്കി നശിപ്പിക്കാൻ അധികം പേർ തുനിഞ്ഞിട്ടില്ല. കാരണം അവിടത്തെ ശൂന്യതതന്നെ. മനുഷ്യനു വേണ്ടതു് ജീവജന്തുക്കളും വൃക്ഷലതാദികളും നിറഞ്ഞ ഒരു പ്രകൃതിയാണു്.

ഉണ്ടായവ നശിയ്ക്കുന്നു; പുതിയവ രൂപം പ്രാപിയ്ക്കുന്നു. പുതിയ തലമുറയുണ്ടായില്ലെങ്കിൽ ഈ പ്രകൃതി വികൃതമാകുമായിരുന്നു. സൃഷ്ടി, അതാണു ലോകത്തെ നയിക്കുന്നതു്. നൂതനതലമുറകൾ സൃഷ്ടിച്ചു വംശം നിലനിറുത്തേണ്ടതിനുള്ള പ്രമോദനം സർവ്വ ജീവജാലങ്ങളിലും കാണപ്പെടുന്ന സഹജമായ വിശേഷമാണു്. ഉറുമ്പുകൾ കൂനകളുണ്ടാക്കുന്നു; പക്ഷികൾ കൂടുകെട്ടുന്നു. ജന്മസിദ്ധമായ ഈ വാസന ജീവജാലങ്ങളുടെ രക്തത്തിൽ ലയിപ്പിയ്ക്കുക എന്ന കർമ്മം പ്രകൃതിയുടേതാണു്.

ചലിക്കുന്ന അഗോചരങ്ങളായ സസ്യാംശങ്ങൾ തുടങ്ങി നാനൂറു് (400) അടിയോളം പൊക്കമുള്ള വൻ വൃക്ഷങ്ങൾ വരെ ഉൽപാദനംമൂലം അവയുടെ വംശത്തെ നിലനിറുത്തുണ്ടു്. ഉൽപാദനവ്യവസ്ഥയിലും ഘടനയിലും സസ്യങ്ങൾക്കും ജന്തുക്കൾക്കും സൂക്ഷിച്ചാൽ സാമ്യം കാണാം. താഴ്ന്നതരം ചെടികൾ രസാവഹമായ വിവിധ മാർഗ്ഗങ്ങളെ വംശോൽപാദനത്തിനു് അവലംബിച്ചിട്ടുണ്ടു്. ഉയർന്നതരം ചെടികൾ പൊതുവേ പറഞ്ഞാൽ വംശോൽപാദനത്തിനു പുഷ്പിക്കുകയാണല്ലോ പതിവു്. ഒരു കുസുമത്തിൽ വർഗ്ഗസംരക്ഷണത്തിന്റേതായ കാര്യങ്ങൾ സൃഷ്ടിക്കുവാനുള്ള ബീജകേന്ദ്രങ്ങൾ 'പരാഗാശയത്തിലും' 'ജനി'യിലും മാത്രമേ കാണുകയുള്ളു. പിന്നെന്തിനാണു് നിറപ്പകിട്ടുള്ള ദളങ്ങൾ? ഒരേ പരിതഃസ്ഥിതിയിൽ ജീവിക്കുന്നവയായാലും രണ്ടിനം ചെടികളിൽ ഒരേ ആകൃതിയിലും വർണ്ണത്തിലും ഉള്ള സുമങ്ങൾ ഉണ്ടാകുന്നില്ല. എന്തിനീ വിവിധത്വത്തിന്റെ ആവശ്യം? ഉണ്ടു്. പുതുമയും വൈവിധ്യവും മനുഷ്യന്റെ ഹൃദയത്തെ ഇളക്കിമറിയ്ക്കുന്നു.

സാധാരണ മൃഗങ്ങളിൽ ബീജസംയോജനം ഗർഭാശയത്തിനുള്ളിലും ശരീരത്തിനു പുറത്തും നടക്കുന്നുണ്ടു്. തവളയുടെ ബീജങ്ങൾ സംയോജിക്കുന്നതു ജലത്തിൽ വച്ചാണത്രെ.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സസ്യങ്ങളും ജന്തുക്കളും തമ്മിലുള്ള 'അന്തരം' സസ്യങ്ങൾ ചലിക്കുകയില്ല ജന്തുക്കൾ ചലിക്കും എന്നു് ചിലർ പറയുമായിരിക്കും. എന്നാൽ ചില താണതരം സസ്യങ്ങൾ ചലനസ്വാതന്ത്ര്യമുള്ളവയാണു്. പക്ഷേ, പ്രധാനമായ മറെറാരു വ്യത്യാസമുണ്ടു്. മൃഗങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്താൻ അത്യധികം യാതന അനുഭവിക്കുന്നുണ്ടു്. സസ്യങ്ങൾക്കാകട്ടെ ആ സങ്കടാനുഭവം ഇല്ല. മക്കൾക്കു വേണ്ടി മരണം പോലും വരിക്കാൻ ജന്തുക്കൾ തയ്യാറാണു്.

'പുൽത്തവള' വർഗ്ഗത്തിൽപ്പെട്ട ആൺതവളകൾ മുട്ടകളെ ഒരു നൂലിൽ ബന്ധിച്ചു പുറം കാലിൽ ഘടിപ്പിക്കുകയും അങ്ങനെ അവയെ സൂക്ഷിക്കുകയും ചെയ്യുന്നു. വാൽസല്യം കൊണ്ടു് ശ്രീകൃഷ്ണനെ വസുദേവർ മുകളിലേററിയിരുത്തി ആനകളിപ്പിച്ചുപോലും. ചില തവളകളും കുഞ്ഞുങ്ങളെ പുറത്തുകയററിച്ചുമക്കാറുണ്ടു്. കോഴിക്കുഞ്ഞുങ്ങൾക്കു നിലം പററിക്കിടക്കുന്ന തള്ളയുടെ പുറത്തുകയറി നിന്നു നൃത്തം ചവിട്ടുക, വളരെ രസകരമാണു്.

മത്സ്യങ്ങൾ അധികവും മുട്ടയാണിടുന്നതു്. ഷാർക്കു് കുഞ്ഞുങ്ങളെ പ്രസവിക്കും. സ്റ്റിക്കിൾബാക്കു് (Stickle Back) എന്ന മത്സ്യങ്ങൾ കൂടുണ്ടാക്കിയിട്ടു് പെൺമത്സ്യങ്ങളെ ക്ഷണിച്ചുവരുത്തി തങ്ങളുണ്ടാക്കിയ കൂടുകളിൽ മുട്ടയിടീക്കുകയും കാത്തു സംരക്ഷിക്കുകയും ചെയ്യുന്നു. ആ മുട്ടകളെ എടുത്തു മാററിയാൽ അവയ്ക്കു് അതിയായ ദുഃഖം ഉണ്ടാകും. അവയുടെ തിളങ്ങുന്ന നിറം മായുകയും ജീവിതം തുടരാൻ തന്നെ അവ വൈമനസ്യം കാണിയ്ക്കുകയും ചെയ്യുന്നതായി പറയപ്പെടുന്നു. എരിയസ് എന്ന മത്സ്യം മുട്ടകളേയും കുഞ്ഞുങ്ങളേയും വായ്ക്കുള്ളിൽ സൂക്ഷിക്കുകയും തന്നിമിത്തം അനേകം ദിവസം തുടർച്ചയായി പട്ടിണി കിടക്കുകയും ചെയ്യുന്നു. ഇങ്ങനെ അനേകം കഥകൾ ഉണ്ടു്. അച്ഛനും അമ്മയും സന്താനങ്ങളെ പോററുക ഉത്സാഹകരവും സുഖകരവുമാണു്. എന്നാൽ അതിന്റെ പിന്നിൽ അവരറിയാത്ത ആവശ്യവും കിടപ്പുണ്ടല്ലോ.

പ്രകൃതിയുടെ കലവറ എന്നും നിറഞ്ഞു കാണപ്പെടുന്നതു് അതിന്റെ ഉടമസ്ഥനായ അനന്തശക്തിയുടെ വൈഭവത്താലത്രെ. ഈ മുതൽക്കൂട്ടവിദ്യ ആ ശക്തിയുടെ ഒരു പൊടിക്കൈയ്യായിട്ടു ഗണിക്കുകയായിരിക്കും ഉത്തമം.

---

